VOL NO: 06 I ISSUE 01
www.nerpatham.com
mail@nerpatham.com
2022 JANUARY 01 I ₹12

# നേർപഥം

വാരിക



## 'നേർപഥം' ആറാം വർഷത്തിലേക്ക്

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മതത്തിന്റെ മുഖംമൂടിയണിഞ്ഞ് സൈ്വര്യസഞ്ചാരം നടത്തിയിരുന്ന തമോമയസന്ധിയിൽ മാപ്പിള ജനതക്ക് നവോത്ഥാനത്തിന്റെ നവജീവൻ നൽകിക്കൊണ്ടാണ് കേരളക്കരയിൽ ഇസ്‌ലാഹീ പ്രസ്ഥാനം കടന്നുവന്നതും ഒരു നൂറ്റാണ്ട് വെളിച്ചം മങ്ങാത്ത പ്രകാശഗോപുരമായി പ്രോജ്വലിച്ചു നിന്നതും. ഒരു നൂറ്റാണ്ട് കാലത്തെ ആത്മീയ ഉണർവിനെ അടയാളപ്പെടുത്തുന്ന ലേഖനപരമ്പര.

# ആത്മീയ ഉണർവിന്റെ നൂറ്റാണ്ട്

|| കരുതിവെക്കാം; കൈനീട്ടാതിരിക്കാൻ
|| സാമൂഹ്യമാധ്യമങ്ങൾ: ഇരുതലമൂർച്ചയുള്ള ആയുധം
|| പഠനം, ജോലി, കരിയർ; പരിഹരിക്കപ്പെടേണ്ട ചില സാമൂഹ്യ പ്രശ്നങ്ങൾ





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0258
# നേർപഥം
വാരിക

2022 ജനുവരി 01
1442 ജുമാദൽ അവ്വൽ 27
പുസ്തകം 06 / ലക്കം 01




Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




05
മുഖമൊഴി
നേർപഥം:
ആറാം വർഷത്തിലേക്ക്

06
ലേഖനം
തബ്‌ലീഗ് ജമാഅത്ത്:
ഒരു പഠനം
സക്കീർ ഹുസൈൻ ഈരാറ്റുപേട്ട

16
ലേഖനം
സാമൂഹ്യമാധ്യമങ്ങൾ:
ഇരുതലമൂർച്ചയുള്ള ആയുധം
മുഫീദ് പാലക്കാഴി

19
ലേഖനം
പഠനം, ജോലി, കരിയർ;
പരിഹരിക്കപ്പെടേണ്ട
ചില സാമൂഹ്യ പ്രശ്നങ്ങൾ
അലി ചെമ്മാട്

22
ലേഖനം
കരുതിവെക്കാം;
കൈനീട്ടാതിരിക്കാൻ
നബീൽ പയ്യോളി

26
ചരിത്രപഥം
ഹുദയ്ബിയ
സന്ധിയുടെ നേട്ടങ്ങൾ
ഹുസൈൻ സലഫി, ഷാർജ

31
ക്വുർആൻ ദർശനം
അദ്ദാരിയാത്
അധ്യായം: 51
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

34
കാഴ്ച
തലവെട്ടും
മാധ്യമ കഥയും
വി.വി. ബഷീർ, വടകര

# കർഷകരെ കുരുതികൊടുത്ത ഭരണകൂടം കണക്ക് പറയണം: വിസ്ഡം യൂത്ത്

മലപ്പുറം: വിവാദമായ മൂന്ന് കാർഷിക ബില്ല് പിൻവലിച്ചതിനെ ഇരുസഭകളും അംഗീകരിച്ച സാഹചര്യത്തിൽ കർഷകരെ സമരത്തിലേക്ക് തള്ളിവിട്ടതിന്റെയും 700ലധികം പേരെ കുരുതികൊടുത്തതിന്റെയും കാരണങ്ങളെയും സാഹചര്യങ്ങളെയും വസ്തുനിഷ്ഠമായി വിശദീകരിച്ച് ജനങ്ങളുടെ ആശങ്കകൾ ദുരീകരിക്കേണ്ട ബാധ്യത കേന്ദ്ര സർക്കാറിനുണ്ടെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു.

ന്യൂനപക്ഷങ്ങളും കർഷകരും അനുഭവിക്കുന്ന പ്രതിസന്ധികളെ രാജ്യത്തിന്റെ പൊതുവിഷയമായി കാണാതെയും അതിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് അവസരം നൽകാതെയും ഇരുസഭകളും പിരിഞ്ഞത് ഭരണകൂടത്തിന്റ കുറ്റസമ്മതമാണ്. കാർഷിക നിയമം പിൻവലിച്ചത് താൽകാലിക പിൻമാറ്റമാണെന്നും പൂർവാധികം ശക്തിയോടെ നടപ്പാക്കുമെന്നുമുള്ള കേന്ദ്ര കൃഷിമന്ത്രി നരേന്ദ്ര സിംഗ് തോമറിന്റെ പ്രസ്താവന ധാർഷ്ട്യവും ഇന്ത്യൻ ജനാധിപത്യത്തെ പരിഹസിക്കുന്നതുമാണ്.

രാഷ്ട്രീയ കൊലപാതകങ്ങൾക്ക് 'ശഹീദ്,' 'ബലിദാനി' എന്നീ പേരുകളിലൂടെ മതപരിവേഷം നൽകി വിശുദ്ധവൽകരിക്കാനുള്ള ശ്രമം സമൂഹം തിരിച്ചറിയണം. വഖഫ് നിയമനവും ജെൻഡർ ന്യൂട്രൽ യൂണിഫോമും വിവാഹപ്രായവുമെല്ലാം മത-വ്യക്തി സ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റമാണെന്നും പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു.

മിനി ഊട്ടിയിലെ ജാമിഅ അൽഹിന്ദ് കാമ്പസിൽ രണ്ട് ദിവസമായി നടന്ന സംസ്ഥാന പ്രതിനിധി സമ്മേളനം പി. ഉബൈദുല്ല എംഎൽഎ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷത വഹിച്ചു. ഉദ്ഘാടനം, നവോത്ഥാനം, ആദർശം, തിരിഞ്ഞുനോട്ടം, ഹദീഥ് പാഠം, സമാപന സെഷനുകളിലായി വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, സി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഹംസ മദീനി, അബ്ദുൽ മാലിക് സലഫി, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ടി. കെ നിഷാദ് സലഫി, ടി.കെ ത്വൽഹത്ത് സ്വലാഹി, പി. യു സുഹൈൽ, ഒ. മുഹമ്മദ് അൻവർ, അബ്ദുല്ല ഫാസിൽ. കെ, ജംഷീർ സ്വലാഹി, മുജീബ് ഒട്ടുമ്മൽ, ഡോ.പി.പി നസീഫ്, ഡോ.ഫസലുറഹ്മാൻ, പി.വി.എ പ്രിംറോസ് വിഷയമവതരിപ്പിച്ചു.

കെ. ഷബീർ, മേമി കണ്ണൂർ, അഫീഫ് മദനി കാസറഗോഡ്, ഷഹീർ ഖാൻ സ്വലാഹി വയനാട്, ശംസീർ സ്വലാഹി കോഴിക്കോട്, സി.എം. അബ്ദുൽ ഖാലിഖ്, റഫീഖ് അലി ഇരിവേറ്റി, അബ്ദുൽ വഹാബ് സ്വലാഹി മലപ്പുറം, നൗഫൽ പാലക്കാട്, ഹാരിസ്, റംഷാദ് തൃശൂർ, യൂസുഫ് അലി സ്വലാഹി എറണാകുളം, ബിലാൽ ആലപ്പുഴ, സഹിൽ സലഫി കൊല്ലം, ജമീൽ തിരുവനന്തപുരം ചർച്ചകൾക്ക് നേതൃത്വം നൽകി.



മുഖമൊഴി

# നേർപഥം
## ആറാം വർഷത്തിലേക്ക്

"സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക; നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു'' (ക്വുർആൻ 96:1-5).

ഹിറാ ഗുഹയിൽവെച്ച് മുഹമ്മദ് നബി(സ്വ)ക്ക് ആദ്യം അവതീർണമായ ക്വുർആൻ സൂക്തങ്ങളുടെ അർഥമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഈ അഞ്ചു വചനങ്ങളിൽ വായന, പേന, അറിവ് എന്നീ വാക്കുകൾ ഉൾക്കൊള്ളുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. എഴുതിയാലേ വായിക്കാനാവൂ. വായിച്ചാലേ അനുഭവത്തിനപ്പുറമുള്ള അറിവ് നേടാനാകൂ.

പ്രാമാണികമായി ഇസ്‌ലാമിനെ മനസ്സിലാക്കി ജീവിക്കുവാൻ മുസ്‌ലിം സമൂഹത്തിന് സാധിക്കണം. അതിന് മതത്തിൽ സാധ്യമാകുന്നത്ര അറിവ് നേടൽ അനിവാര്യമാണ്. അപ്പോഴേ ഇസ്‌ലാമികമായ രീതിയിൽ ജീവിക്കാനാകൂ. ജീവിതത്തിൽ ഇസ്‌ലാമുണ്ടെങ്കിൽ അതിനെക്കാൾ വലിയ സന്ദേശം വേറെയില്ല. അത് നല്ലൊരു ശതമാനത്തിനും ഇല്ലാതെപോയതാണ് സമുദായത്തിന്റെ പരാജയം.

അറിവില്ലായ്മയിൽനിന്നാണ് അവിവേകമുണ്ടാകുന്നത്. തിന്മയെ നന്മകൊണ്ട് പ്രതിരോധിക്കുക എന്നാണ് ശത്രുക്കളെ മിത്രങ്ങളാക്കുവാനുള്ള മാർഗമായി വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നത്. അക്രമത്തെ അക്രമം കൊണ്ട് നേരിടുവാനല്ല. വിവേകമുള്ളവർക്കേ അതിന് സാധ്യമാകൂ.

ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവില്ലായ്മയാണ് പലരും ഇസ്‌ലാമിക നിയമങ്ങളെയും പ്രവാചകനെയും വിശുദ്ധ ക്വുർആനിനെയും തെറ്റുധരിക്കുവാനുള്ള കാരണം. സത്യസന്ധമായും പ്രാമാണികമായുംഇസ്‌ലാമിനെ മനസ്സിലാക്കുവാനുള്ള ശ്രമമാണ് വേണ്ടത്. ദൗർഭാഗ്യവശാൽ അനേകം മതസംഘടനകൾ ഉണ്ടായിട്ടും തനതായ രൂപത്തിൽ ഇസ്‌ലാമിനെ ജനങ്ങളിലേക്കെത്തിക്കുവാൻ പലർക്കും സാധിക്കുന്നില്ല; അഥവാ അതിന് ശ്രമിക്കുന്നില്ല. വാമൊഴിയിലൂടെയാണെങ്കിലും വരമൊഴിയിലൂടെയാണെങ്കിലും സംഘടനാ താൽപര്യങ്ങൾക്കപ്പുറം പ്രമാണങ്ങളോട് പ്രതിബദ്ധത പുലർത്തി മതത്തെ ജനസമക്ഷം അവതരിപ്പിക്കുവാൻ പലർക്കും താൽപര്യമില്ല.

ഇവിടെയാണ് 'നേർപഥം' പ്രസക്തമാകുന്നത്. പ്രമാണങ്ങൾക്കൊപ്പം നിന്ന്, ഗുണകാംക്ഷയുടെ ശബ്ദത്തിൽ, ആർജവത്തോടെ മതത്തെ പരിചയപ്പെടുത്തുവാനും പഠിപ്പിക്കുവാനുമാണ് 'നേർപഥം' ശ്രമിക്കുന്നത്. ഒട്ടനവധി ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾക്കിടയിലേക്ക്അഞ്ചു വർഷം മുമ്പാണ് 'നേർപഥം' കടന്നുവന്നത്. അതിന്റെ വ്യതിരിക്തത ജനങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. സമകാലിക സംഭവവികാസങ്ങളിലുള്ള ഇസ്‌ലാമിന്റെ നിലപാട് ഉടനടി ജനങ്ങളിലേക്കെത്തിക്കുന്നതിലും തീവ്രവാദ ചിന്താഗതികളെയും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നഖശിഖാന്തം എതിർക്കുന്നതിലും 'നേർപഥം' കാണിച്ച ജാഗ്രതയും ആർജവവും വായനക്കാരുടെ പ്രശംസയാർജിച്ചിട്ടുണ്ട്. പ്രശംസിക്കപ്പെടുവാൻ വേണ്ടി സത്യം മൂടിവെക്കലല്ല; എതിർപ്പുണ്ടെങ്കിലും പറയേണ്ട സത്യം പറയുക എന്നതാണ് നേർപഥത്തിന്റെ ശൈലി. ഇതിന് പ്രാപ്തി നൽകിയ പ്രപഞ്ച സ്രഷ്ടാവിനെ സ്തുതിക്കുകയാണ്.

'നേർപഥ'ത്തെ നെഞ്ചേറ്റിയ വായനക്കാർക്കും ലേഖകർക്കും നന്ദി അറിയിക്കട്ടെ. തുടർന്നും ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കുന്നു.



# തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം

## 4

സക്കീർ ഹുസൈൻ ഈരാറ്റുപേട്ട

### സൂഫികളുടെ ദിക്റ് അതിന്റെ കോലവും

ദിക്റുല്ലാഹ് എന്നത് അല്ലാഹുവിനെ സ്മരിക്കലാണ്. ജീവിതത്തിൽ എപ്പോഴും അല്ലാഹുവിനെ കുറിച്ചുള്ള ബോധം വിശ്വാസികളുടെ മനസ്സിൽ സജീവമായി നിലനിർത്തുക എന്നാണ് ഇതിന്റെ ഉദ്ദേശം. ഇത് നാവുകൊണ്ട് ഉരുവിട്ടുകൊണ്ടും മനസ്സിൽ ഓർത്തുകൊണ്ടുമാകാം. ജീവിതവ്യവഹാരങ്ങൾക്കിടയിലും ഇത് ചെയ്യുവാൻ കഴിയും.

എന്നാൽ മനുഷ്യനെ ദിക്റിൽ തളച്ചിടുകയും ദിക്റിനെ വലിച്ചുനീട്ടി സന്യാസത്തിന്റെ തുടക്കമായ ധ്യാനത്തിലേക്ക് എത്തിക്കുകയുമാണ് സകരിയ്യാ സാഹിബിനെ പോലെയുള്ള സൂഫികൾ ചെയ്തിട്ടുള്ളത്. സൂഫികൾക്ക് പ്രത്യക്ഷം, അപ്രത്യക്ഷം എന്നിങ്ങനെ രണ്ടുതരം ദിക്റുകളുണ്ട്. ത്വരീക്വത്തിൽ പ്രവേശിച്ച ഘട്ടത്തിൽ പ്രത്യക്ഷ ദിക്റാണ് വേണ്ടത്. പിന്നീടങ്ങോട്ട് അപ്രത്യക്ഷമായ ദിക്റും!

ദിക്റിനെ കുറിച്ച് സകരിയ്യ സാഹിബ് എഴുതുന്നത് ശ്രദ്ധിക്കുക: 'ദിക്റ് തസവ്വുഫിന്റെ അടിസ്ഥാനസിദ്ധാന്തവും എല്ലാ സൂഫിയാക്കളുടെയും സർവ ത്വരീക്വത്തിലും പ്രചാരമുള്ളതാകുന്നു'' (ദിക്റിന്റെ മഹത്വങ്ങൾ).

സൂഫികളുടെ പരമമായ ലക്ഷ്യം അല്ലാഹുവിൽ 'ലയിക്കുക' എന്നതാണ്. സ്വയം ദൈവമായി മാറാനുള്ള ഈ പ്രയാണത്തിലേക്കുള്ള കവാടമാണ് അവർക്ക് ദിക്റ് !

സകരിയ്യ സാഹിബ് എഴുതുന്നു: "ലക്ഷക്കണക്കിനല്ല കോടിക്കണക്കിന് മഷാഇഖുകൾ ഉണ്ട്. ഓരോ ഷൈഖിനും അനേകം മുരീദന്മാരും ഉണ്ടായിരിക്കുന്നതാണ്. ഒരോരുത്തരും കുറഞ്ഞപക്ഷം ദിനവും ആയിരം പ്രാവശ്യംവീതം പരിശുദ്ധകലിമ ചൊല്ലുന്നത് പതിവാക്കിയവരുമാണ്. ജാമിഉൽ ഉസൂൽ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: 'അല്ലാഹ്' എന്ന ദിക്ര് പതിവായിട്ട് ദിനവും കുറഞ്ഞപക്ഷം അയ്യായിരം പ്രാവശ്യം ചൊല്ലണം. കൂടുതൽ എത്രയെന്ന് കണക്കില്ല. സൂഫിയാക്കൾ ദിനവും ഇരുപത്തിഅയ്യായിരം പ്രാവശ്യം കുറഞ്ഞത് ചൊല്ലണം. ലാ ഇലാഹ ഇല്ലല്ലാഹ് കുറഞ്ഞപക്ഷം ദിവസവും അയ്യായിരം പ്രാവശ്യം ചൊല്ലണമെന്ന് എഴുതിയിരിക്കുന്നു. മഷാഇഖുകളുടെ നടപടിയനുസരിച്ച് ഇതിൽ കൂടുതലും കുറവും വരാം. നമ്മുടെ ഹല്റത്ത് ഷാഹ് വലിയുള്ളാഹ് സാഹിബ് (റഹ്:അ) 'കൗലുൽജമീൽ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ പിതാവ് തന്റെ സൂലുക്കിന്റെ (ആത്മീയ സംസ്കരണത്തിനുള്ള പ്രയത്ന മാർഗത്തിൻെ) പ്രാരംഭത്തിൽ ലാ ഇലാഹ ഇല്ലല്ലാഹ് ഒരുശ്വാസത്തിൽ ഇരുന്നൂറ് പ്രാവശ്യം ചൊല്ലിയിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു" (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 141).

ചിന്തിക്കുക! അല്ലാഹുവിന്റെ മതം എളുപ്പമാണ്. അത് എല്ലാവർക്കും പ്രയോഗവത്കരിക്കാൻ കഴിയുന്നതാണ്. എന്നാൽ ഇപ്പറഞ്ഞ രൂപത്തിൽ ദിനേന ദിക്റുകൾ ചൊല്ലാൻ ആർക്കൊക്കെ കഴിയും? 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഒരുശ്വാസത്തിൽ ഇരുന്നൂറ് പ്രാവശ്യം ചൊല്ലാൻ ആർക്കാണ് സാധിക്കുക?

ഗ്രന്ഥകാരൻ വീണ്ടും എഴുതുന്നു:

"ഞങ്ങളുടെ അയൽപക്കത്ത് ഒരു യുവാവ് താമസിച്ചിരുന്നു. അദ്ദേഹം സാഹിബുൽ കഷ്ഫ് ആണെന്ന് പ്രസിദ്ധമായിരുന്നു. സ്വർഗ്ഗനരകങ്ങളുടെ അവസ്ഥകൾ പോലും ചിലപ്പോൾ അദ്ദേഹത്തിന് വെളിവാക്കപ്പെടാറുണ്ടെന്ന് പറഞ്ഞിരുന്നു. എന്നാൽ അതു ശരിയാണെന്ന കാര്യത്തിൽ എനിക്കു സംശയമുണ്ടായിരുന്നു. ഒരു പ്രാവശ്യം ഒരു യുവാവ് ഞങ്ങളോടൊപ്പമിരുന്ന് ആഹാരം കഴിക്കുകയായിരുന്നു. പെട്ടെന്ന് അലറിക്കൊണ്ട് ഒരു ദീർഘശ്വാസത്തോടെ 'എന്റെ മാതാവ് നരകത്തിൽ കിടന്ന് കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്നു. അവരുടെ സ്ഥിതി എനിക്ക് കാണിക്കപ്പെട്ടു' എന്നു പറഞ്ഞു" (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 142).

"ഇത് ഒരു സംഭവമാണ്. ഇതുപോലെയുള്ള എത്രയോ സംഭവങ്ങൾ ഈ ഉമ്മത്തികളിലുള്ള അനേകം വ്യക്തികളിൽ അനുഭവപ്പെട്ടിരിക്കും. സൂഫിയാക്കളുടെ സാങ്കേതിക പ്രയോഗത്തിൽ 'ഫാസ്അൻഫാസ്' എന്നു പറയപ്പെടുന്ന ഒരു കാലമുണ്ട്. അതിന്റെ ഉദ്ദേശം അല്ലാഹുവിന്റെ പേരോടുകൂടിയല്ലാതെ ഒരു ശ്വാവും ഉള്ളിലേക്ക് കടക്കുകയോ പുറത്തേക്ക് പോവുകയോ ചെയ്യാതിരിക്കുന്നതിനുള്ള ഒരു സാധാരണ പരിശീലനമാണ്. മുഹമ്മദ് സല്ലല്ലാഹു അലൈഹി വസല്ലമ്മയുട ഉമ്മത്തികളിൽ കോടിക്കണക്കായ വ്യക്തികൾ ഇപ്രകാരം പരിശീലനം സിദ്ധിച്ചവരായുണ്ട്" (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 142-143).

## ദൈവസ്നേഹം സൂഫികളുടെ വീക്ഷണത്തിൽ

അല്ലാഹുവിൽ വിശ്വസിക്കുന്ന ഏതൊരാളും അവനെ അതിരറ്റ് സ്നേഹിക്കാൻ ബാധ്യസ്ഥനാണ്. അല്ലാഹുവിനോടുള്ള സ്നേഹം പ്രകടിപ്പിക്കേണ്ടത് അവന്റെ വിധിവിലക്കുകൾ മാനിച്ചുകൊണ്ടാണ്. അല്ലാഹുവിനെക്കുറിച്ച് ഓർമവരുമ്പോൾ ഒരു വിശ്വാസിയുടെ മനോമുകുരത്തിൽ തെളിഞ്ഞുവരേണ്ടത് അവന്റെ മഹത്ത്വവും അവന്റെ ഗാംഭീര്യവുമാണ്. അതോടൊപ്പം താൻ അവന്റെ മുമ്പിൽ പ്രകടിപ്പിക്കേണ്ട ഭക്ത്യാദരവുകളും അവന്റെ മനസ്സിൽ നിറയും. അവന്റെ ശിക്ഷയെക്കുറിച്ചുള്ള ഭയവും അവന്റെ കാരുണ്യത്തെക്കുറിച്ചുള്ള പ്രതീക്ഷയും മനസ്സിൽ നിറയും. ഇത്രയും പറഞ്ഞത് ഒരു വിശ്വാസിക്ക് റബ്ബിനോടുള്ള സ്നേഹം ഏത് നിലയ്ക്കാവണം എന്ന് വ്യക്തമാക്കാനാണ്.

അല്ലാഹുവിനെ കൺനിറയെ കാണലും അവനിൽ 'ലയിക്കലും' പരമലക്ഷ്യമായി കാണുന്ന സൂഫികൾക്ക് അല്ലാഹുവിനോടുള്ള സ്നേഹം മറ്റു വിശ്വാസികളുടേത് പോലെയല്ല; പ്രായപൂർത്തിയായ പുരുഷന് സ്ത്രീകളോടുള്ള സ്നേഹം പോലെയാണ്. ഇശ്ഖ്, വുജ്ദ് എന്നൊക്കെയാണ് ദൈവത്തോട് തങ്ങൾക്കുള്ള സ്നേഹത്തിന് സൂഫികൾ നൽകുന്ന പേര്. ഈ രണ്ട് വാക്കുകളും കാമുകീകാമുകന്മാർക്കിടയിലുള്ള ലൈംഗിക വികാരത്തിലധിഷ്ഠിതമായ സ്നേഹത്തെ വിവരിക്കാനുള്ള പദങ്ങളാണ്. പ്രേമം, അനുരാഗം എന്നൊക്കെയാണതിന്റെ അർഥം. ദൈവത്തോടുള്ള അവന്റെ അടിമകളുടെ ബന്ധത്തെ കാമുകീകാമുക ബന്ധത്തോട് ഉപമിക്കുന്ന ഈ രീതി ക്വുർആനിനും ഹദീഥിനും വിരുദ്ധമാണ്. ഹുബ്ബ്, രിദാ എന്നൊക്കെയാണ് പടച്ചവനോടുള്ള സ്നേഹത്തെ പ്രകടിപ്പിക്കാൻ ക്വുർആൻ പ്രയോഗിച്ചിട്ടുള്ളത്.

എന്നാൽ സകരിയ്യ സാഹിബ് എഴുതുന്നത് നോക്കൂ:

"എന്നാൽ ഈ സാധുവിന്റെ അഭിപ്രായത്തിൽ മറ്റൊരു വശവും ആകാം എന്ന് തോന്നുന്നു. അതായത് പ്രേമഭാജനത്തിന്റെ പേര് പറയുമ്പോൾ ഒരു രസവും ഇമ്പവും അനുഭവപ്പെടാറുണ്ട്. പ്രേമവുമായി ബന്ധപ്പെടാനിട

യുള്ളവർക്ക് ഇതറിയാവുന്നതാണ്. ഈ അടിസ്ഥാനത്തിൽ ഇവിടത്തെ ഉദ്ദേശം രസംപിടിക്കുവോളം, ആനന്ദ ത്തോടെ അല്ലാഹുവിന്റെ പരിശുദ്ധ നാമം സ്മരിക്കപ്പെടട്ടെയെന്നതാണ്. എന്റെ ചില ഷൈഖൻമാരെ (ഗുരു നാഥൻമാരെ) ഈ നിലയിൽ ഞാൻ ധാരാളം കണ്ടിട്ടുണ്ട്...'' (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 26).

"പ്രേമിക്കുന്നവന്റെയും പ്രേമഭാജ നത്തിന്റെയും മധ്യേയുള്ള രഹസ്യ സംഭാഷണം മലക്കുകൾക്കു പോലും അറിയാത്തതാണ്'' (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 68).

"ഹസ്റത് ജുനയ്ദ്(റ:അ) വിൽനിന്ന് ഉദ്ധരിക്കപ്പെടുന്നു: അദ്ദേഹം ഒരിക്കൽ സ്വപ്നത്തിൽ ശൈത്വാനെ പൂർണ നഗ്നനായി കണ്ടു. അദ്ദേഹം ചോദിച്ചു: 'മനു ഷ്യരുടെ മുമ്പിൽ നഗ്നനാവാൻ നിനക്ക് നാണമില്ലേ?' അവൻ പറയുകയാണ്: 'ഇവർ വല്ല മനു ഷ്യരുമാണോ? എന്റെ ശരീരത്തെ ശോഷിപ്പിച്ച, എന്റെ കരളിനെ കരി ച്ചുകളഞ്ഞ, ഷൊനീസിയ്യഃ പള്ളി യിലിരിക്കുന്നവരാണ് മനുഷ്യർ.' ഹസ്റത് ജുനയ്ദ്(റ:അ) പറയുന്നു: 'ഞാൻ ഷൊനീസിയ്യഃ പള്ളിയിൽ ചെന്നപ്പോൾ, കാൽമുട്ടിൽ തലവെച്ച് മുറാഖബയിൽ വ്യാപൃതരായ ചില മഹാന്മാരെയാണ് കണ്ടത്. എന്നെ കണ്ടപ്പോൾ അവർ പറഞ്ഞു: 'ആ നീചന്റെ വാക്കുകൾ മൂലം നീ എവി ടെയെങ്കിലും വഞ്ചനയിൽ പെട്ടു പോകരുതേ!

മസൂഹി(റഹ്:അ)യിൽനിന്നും ഏകദേശം ഇതുപോലെതന്നെ ഉദ്ധരിക്കപ്പെടുന്നുണ്ട്. അദ്ദേഹം ശൈത്വാനെ നഗ്നനായി കണ്ട പ്പോൾ 'മനുഷ്യർക്കിടയിൽ ഇപ്രകാരം നടക്കുവാൻ നിനക്ക് നാണമില്ലേ?' എന്നു ചോദിച്ചു. 'അല്ലാഹുവിൽ സത്യം! ഇവർ മനുഷ്യരല്ല! ഇവർ മനു ഷ്യരായിരുന്നുവെങ്കിൽ കുട്ടികൾ പന്ത് കളിക്കുന്നതുപൊലെ ഇവരെ ക്കൊണ്ട് ഞാൻ കളിക്കുകയില്ലായി രുന്നു! എന്റെ ശരീരത്തെ അസ്വസ്ഥ മാക്കിയ അവരാണ് മനുഷ്യർ എന്നു പറഞ്ഞ് അവൻ ഒരു സംഘം സൂഫി



യാക്കളെ ചൂണ്ടിക്കാണിച്ചു'' (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 69).

"നശ്വരമായ ഈ ലോകത്തിലെ സ്നേഹഭാജനത്തേക്കുറി ച്ച് അറി യാനും ആസ്വദിക്കാനുമുള്ള ആഗ്രഹം വർധിച്ചുകൊണ്ടേ പോകുന്നു. തന്റെ പ്രേമഭാജനവുമായുള്ള ബന്ധവും അടുപ്പവും പരമാവധി വർധിപ്പിച്ച് അതിൽക്കൂടിയുള്ള ആനന്ദം കൂടുതൽ ആസ്വദിക്കാനുള്ള പരിശ്രമവും തുടർന്നുകൊണ്ടേയിരിക്കുന്നു. എന്നാൽ ഹഖ് സുബ്ഹാനഹു വ തആലയിൽ നാം ആഗ്രഹി ക്കുന്നതും നമ്മെ ആകർഷിക്കുന്നതുമായ എല്ലാ മഹത്ത്വങ്ങളും അവർണനീയവും അനന്തവുമായ നിലയിൽ ഉണ്ട്. അവൻ അവക ളുടെയെല്ലാം ഉറവിടവും കൂടിയാണ്. ലോകത്ത് നമ്മെ ആകർഷി ക്കുന്ന എല്ലാം അതിന്റെ നിഴൽ മാത്രമാണ്...'' (ഖുർആനിന്റെ മഹത്ത്വങ്ങൾ, പേജ് 104).

## ഭൗതിക ചിന്തയില്ലാത്ത സൂഫി

നമസ്കരിക്കുമ്പോഴും മറ്റു സമയങ്ങളിലും ലൗകികമായ ചിന്ത മനസ്സിൽ ഒരിക്കലും കടന്നുവരാത്ത ആരെങ്കിലും ഉണ്ടാകുമോ? ലൗകിക ചിന്ത ഒട്ടുമില്ലാതെ എങ്ങനെയാണ് ഈ ലോകത്ത് ഒരാൾക്ക് ജീവിക്കുവാൻ സാധിക്കുക? ലളിതമായ ഈ യാഥാർഥ്യ ത്തെപോലും കള്ളക്കഥകൾകൊണ്ട് മറികടക്കാനാണ് സകരിയ്യാ സാഹിബിന്റെ ശ്രമം. നബി(സ)യുടെ വഫാത്തിനു ശേഷം ഭരണക ർത്താവ് ആരാകണമെന്നതിനെക്കുറിച്ച് സ്വഹാബികൾക്കിടയിൽ തർക്കം ഉത്ഭവിച്ചതും ചർച്ചകളിലൂടെ പരിഹരിച്ചതും എല്ലാവർക്കും അറിയുന്ന കാര്യമാണല്ലോ. ഇത് സ്വഹാബികൾക്ക് ദുനിയാവി നെക്കുറിച്ചും ദീനിനെക്കുറിച്ചുമുള്ള ചിന്തയുണ്ടായത് കൊണ്ടല്ലേ?

വിശന്നു വലഞ്ഞ സന്ദർഭത്തിൽ അബൂഹുറയ്റ(റ )യും മറ്റു ചില സ്വഹാബികളും ഭക്ഷണം തേടി ഇറങ്ങിയതും യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബികൾ ശത്രുക്കൾ ഇട്ടേച്ചുപോയ വസ്തുക്കൾ ശേഖരിച്ചതും ബഹ്റൈനിൽനിന്നും സകാത്തിന്റെ സമ്പത്ത് വന്ന സന്ദർഭത്തിൽ അതിന്റെ പങ്ക് ലഭിക്കണം എന്ന ഉദ്ദേശത്തിൽ ചില സ്വഹാബികൾ പള്ളിയിലേക്ക് വന്നതും നബി(സ)യുടെ എളാപ്പ അബ്ബാസ്(റ) തനിക്ക് കൂടുതൽ ലഭിക്കണം എന്ന് ആഗ്രഹം പ്രകടി പ്പിച്ചതും ഇവർക്കറിഞ്ഞുകൂടേ? യുദ്ധ സന്ദർഭത്തിലുള്ള നമസ്കാ രത്തിൽ ആയുധങ്ങൾ കയ്യിൽ പിടിച്ച് ശത്രുക്കളെക്കുറിച്ച് ജാഗ്രത പുലർത്തിക്കൊണ്ട് സ്വഹാബികൾ നമസ്കരിച്ചത് മൗലാനക്ക് അറിയാത്തതാണോ?

ചുരുക്കിപ്പറഞ്ഞാൽ നബിയും അനുചരന്മാരും കൃഷി, കച്ചവടം, വൈവാഹിക ജീവിതം, യുദ്ധം തുടങ്ങി നിരവധി ഭൗതിക കാര്യങ്ങ ളിൽ ഇടപ്പെട്ടിരുന്നു. പക്ഷേ, ഭൗതിക വ്യാപാരങ്ങളൊന്നും ദൈവ സ്മരണയിൽനിന്നോ നമസ്കാരത്തിൽനിന്നോ അവരെ അശ്രദ്ധ രാക്കിയിരുന്നില്ല.

എന്നാൽ സകരിയ്യാ സാഹിബ് പരിചയപ്പെടുത്ത ശൈഖുമാർ സ്വഹാബികളെക്കാളെല്ലാം ഉപരിയിലാണ്. അദ്ദേഹം എഴുതുന്നു:

“റബിഅ് (റഹ്:അ) എന്ന മഹാൻ പറയുന്നു: ഞാൻ നമസ്കാരത്തിന് വേണ്ടി നിന്നുകഴിഞ്ഞാൽ, എന്നോടെന്തെല്ലാം ചോദ്യങ്ങളാണുണ്ടാകുന്നത് എന്നുള്ള ചിന്ത ഉണ്ടായിക്കൊണ്ടേയിരിക്കുന്നതാണ്. ആമിറിബ്നു അബ്ദുല്ലാഹി(റഹ്:അ) നമസ്കാരത്തിനായി നിന്നാൽ വീട്ടുകാരുടെ സംസാരം കേൾക്കാതിരിക്കുന്നത് പോകട്ടെ, ചെണ്ടയടിയുടെ ശബ്ദം പോലും അദ്ദേഹം അറിയുകയില്ലായിരുന്നു. നിങ്ങൾക്ക് നമസ്കാരത്തിൽ എന്തെങ്കിലും വിഷയത്തെ പറ്റിയുള്ള ചിന്ത ഉണ്ടാകാറുണ്ടോ എന്നദ്ദേഹത്തോട് ചോദിച്ചപ്പോൾ ‘ഹാ! ഒരു ദിവസം അല്ലാഹുവിന്റെ സന്നിധിയിൽ നിൽക്കേണ്ടി വരും. സ്വർഗ്ഗമോ നരകമോ, രണ്ടിലൊന്നിൽ പോകേണ്ടി വരും, എന്നുള്ള ചിന്ത എന്നിലുണ്ടാവാറുണ്ട്’ എന്നദ്ദേഹം മറുപടി പറഞ്ഞു...” (നമസ്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 138).

“ഒരു മഹാന്റെ ഒരംഗത്തിന് കേടു സംഭവിക്കുകയാൽ അതുമുറിക്കേണ്ട ആവശ്യം നേരിട്ടു. അദ്ദേഹം നമസ്കാരത്തിൽ പ്രവേശിക്കുമ്പോൾ മുറിച്ചെടുക്കുകയാണെങ്കിൽ അദ്ദേഹത്തിന് അതിനെപ്പറ്റിയുള്ള അറിവേ ഉണ്ടാവുകയില്ല. അതുകൊണ്ട് ആ സമയത്ത് മുറിച്ചുക്കളയാം എന്ന് ജനങ്ങൾ തീരുമാനിച്ചു. അപ്രകാരം അദ്ദേഹം നമസ്കാരിക്കാൻ ആരംഭിച്ചപ്പോൾ അവർ മുറിച്ചുകളഞ്ഞു. ഒരു മഹാനോട് നിങ്ങൾക്ക് നമസ്കാരത്തിൽ ദുൻയാവിന്റെ വല്ല ചിന്തകളും വരാറുണ്ടോ എന്നു ചോദിച്ചപ്പോൾ നമസ്കാരത്തിലും നമസ്കാരത്തിനു വെളിയിലും ദുൻയാവിന്റെ ഒരു ചിന്തയും എനിക്കു വരാറില്ല എന്നദ്ദേഹം മറുപടി പറഞ്ഞു. മറ്റൊരു മഹാന്റെ സംഭവം ഇപ്രകാരം എഴുതിയിരിക്കുന്നു: നിങ്ങൾക്ക് നമസ്കാരത്തിൽ മറ്റേതെങ്കിലും കാര്യത്തേക്കുറിച്ചുള്ള ചിന്ത ഉണ്ടാകാറുണ്ടോ എന്നദ്ദേഹത്തോട് ഒരാൾ ചോദിച്ചപ്പോൾ ‘നമസ്കാരത്തേക്കാൾ പ്രിയങ്കരമായ മറ്റു വല്ലതുമുണ്ടോ? നമസ്കാരത്തിൽ അതിനെപ്പറ്റി ചിന്തിക്കുവാൻ’ എന്നദ്ദേഹം ചോദിക്കുകയുണ്ടായി” (നമസ്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 139).

“ബഹ്ജത്തുന്നുഫൂസ് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: ഒരാൾ ഒരു മഹാനെ സന്ദർശിക്കുന്നതിനായി അദ്ദേഹത്തിന്റെ സന്നിധിയിലെത്തി. അപ്പോൾ അദ്ദേഹം ളുഹർ നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. വന്നയാൾ പ്രതീക്ഷിച്ച വിടെത്തന്നെയിരുന്നു. നമസ്കാരത്തിൽ നിന്നും വിരമിച്ച ശേഷം അദ്ദേഹം ‘നഫ്ല്’ നമസ്കാരത്തിന് ആരംഭിച്ചു. അസർവരെ നഫ്ല് നമസ്കരിച്ചുകൊണ്ടിരുന്നു. വന്നയാൾ പ്രതീക്ഷിച്ചു നിന്നിരുന്നു. നഫ്ല് നമസ്കാരങ്ങളിൽനിന്നും വിരമിച്ചയുടൻ അസർ നമസ്കാരമാരംഭിച്ചു. അതു കഴിഞ്ഞയുടൻ മഗ്രിബ് നമസ്കാരം വരെ ദിക്റ് ചെയ്തുകൊണ്ടിരുന്നു. മഗ്രിബ് നമസ്കരിച്ച ശേഷം ഇഷാവരെ നഫ്ല് നമസ്കരിച്ചുകൊണ്ടിരുന്നു. ഇഷാ നമസ്കാരത്തിന് ശേഷം കാണാൻ കഴിയുമെന്നുള്ള പ്രതീക്ഷയിൽ വന്നയാൾ വിഷമിച്ചു കാത്തിരുന്നു. എന്നാൽ ഇഷാ നമസ്കരിച്ചു തീർന്നയുടനെ അദ്ദേഹം നഫ്ല് നമസ്കരിക്കാൻ തുടങ്ങി. സുബ്ഹിവരെയും അപ്രകാരം നമസ്കരിച്ചുകൊണ്ടിരുന്നു. സുബ്ഹി നമസ്കരിച്ചയുടനെ ദിക്റുകളും ആരംഭിച്ചു. ഇപ്രകാരമുള്ള അദ്ദേഹത്തിന്റെ ഇബാദത്തിനിടയിൽ മുസല്ലയിൽത്തന്നെയിരുന്ന് അല്പം കണ്ണടഞ്ഞുപോയി. പെട്ടെന്ന് കണ്ണുതുറന്ന് ഇസ്തിഗ്ഫാറും തൗബായും ചെയ്യാൻ തുടങ്ങി . അനന്തരം ഇപ്രകാരം ദുആ ചെയ്തു: ഉറക്കം മതിയാകാത്ത കണ്ണിൽനിന്നും ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു” (നമസ്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 139).

“ഒരു മഹാനെക്കുറിച്ചുള്ള സംഭവം ഇപ്രകാരം എഴുതുന്നു: അദ്ദേഹം രാത്രി ഉറങ്ങുന്നതിനായി കിടന്നാൽ കണ്ണടക്കുന്നതിന് വളരെ പരിശ്രമിക്കും. എന്നാൽ ഉറക്കം വരാതിരിക്കുമ്പോൾ എഴുന്നേറ്റ് നമസ്കാരത്തിലേർപ്പെടുകയും

അല്ലാഹുവേ, ജഹന്നമിലെ തീയെക്കുറിച്ചുള്ള ഭയത്താലാണ് എനിക്ക് ഉറക്കം വരാതിരിക്കുന്നത് എന്ന് നിനക്കറിയാമല്ലോ എന്നു പറഞ്ഞുകൊണ്ട് സുബ്ഹിവരെ നമസ്കരിച്ചുകൊണ്ടിരിക്കും” (നമസ്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 139).

**അല്ലാഹുവിനെ കൺനിറയെ കാണലും അവനിൽ ‘ലയിക്കലും’ പരമലക്ഷ്യമായി കാണുന്ന സൂഫികൾക്ക് അല്ലാഹുവിനോടുള്ള സ്നേഹം മറ്റു വിശ്വാസികളുടേത് പോലെയല്ല; പ്രായപൂർത്തിയായ പുരുഷന് സ്ത്രീകളോടുള്ള സ്നേഹം പോലെയാണ്. ഇശ്ഖ്, വുജ്ദ് എന്നൊക്കെയാണ് ദൈവത്തോട് തങ്ങൾക്കുള്ള സ്നേഹത്തിന് സൂഫികൾ നൽകുന്ന പേര്. ഈ രണ്ട് വാക്കുകളും കാമുകീകാമുകന്മാർക്കിടയിലുള്ള ലൈംഗിക വികാരത്തിലധിഷ്ഠിതമായ സ്നേഹത്തെ വിവരിക്കാനുള്ള പദങ്ങളാണ്. പ്രേമം, അനുരാഗം എന്നൊക്കെയാണതിന്റെ അർഥം. ദൈവത്തോടുള്ള അവന്റെ അടിമകളുടെ ബന്ധത്തെ കാമുകീകാമുക ബന്ധത്തോട് ഉപമിക്കുന്ന ഈ രീതി ക്വുർആനിനും ഹദീഥിനും വിരുദ്ധമാണ്. ഹുബ്ബ്, രിദാ എന്നൊക്കെയാണ് പടച്ചവനോടുള്ള സ്നേഹത്തെ പ്രകടിപ്പിക്കാൻ ക്വുർആൻ പ്രയോഗിച്ചിട്ടുള്ളത്.**

**അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മതത്തിന്റെ മുഖംമൂടിയണിഞ്ഞ് സ്വൈര്യ സഞ്ചാരം നടത്തിയിരുന്ന തമോമയസന്ധിയിൽ മാപ്പിള ജനതക്ക് നവോത്ഥാനത്തിന്റെ നവജീവൻ നൽകിക്കൊണ്ടാണ് കേരളക്കരയിൽ ഇസ്വ്‌ലാഹീ പ്രസ്ഥാനം കടന്നുവന്നതും ഒരു നൂറ്റാണ്ട് വെളിച്ചം മങ്ങാത്ത പ്രകാശഗോപുരമായി പ്രോജ്വലിച്ചു നിന്നതും. ഒരു നൂറ്റാണ്ട് കാലത്തെ ആത്മീയ ഉണർവിനെ അടയാളപ്പെടുത്തുന്ന ലേഖനപരമ്പര.**



# ആത്മീയ ഉണർവിന്റെ നൂറ്റാണ്ട്

ഡോ.ഷാനവാസ് പറവണ്ണ ചേക്കുമരക്കാരകത്ത്
: 9142159589

കേരളത്തിലെ സംഘടിതമായ ഇസ്‌ലാമിക നവോത്ഥാന മുന്നേറ്റം ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ നവോത്ഥാനപൂർവമായ കെട്ടകാലം ഓർമകളിലോടാതിരിക്കില്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മതത്തിന്റെ മുഖംമൂടിയണിഞ്ഞ് സ്വൈര സഞ്ചാരം നിർവഹിച്ചിരുന്ന തമോമയസന്ധിയിൽ മാപ്പിള ജനതക്ക് നവോത്ഥാനത്തിന്റെ നവജീവൻ നൽകിക്കൊണ്ടാണ് കേരളക്കരയിൽ ഇസ്വ്‌ലാഹീ പ്രസ്ഥാനം കഴിഞ്ഞ ഒരു നൂറ്റാണ്ട് നിറയെ വെളിച്ചം മങ്ങാത്ത പ്രകാശഗോപുരമായി പ്രോജ്വലിച്ചു നിന്നത്.

മുസ്‌ലിം നവോത്ഥാനം പിറവിയെടുക്കുന്ന 19ാം നൂറ്റാണ്ടിലെയും 20ാം നൂറ്റാണ്ടിലെയും കേരള മുസ്‌ലിം സമുദായത്തിന്റെ സ്ഥിതി അത്യന്തം ശോചനീയമായിരുന്നു. മതപരമായ അജ്ഞതയും അന്ധവിശ്വാസങ്ങളും ഒരുഭാഗത്ത് ശക്തമായിക്കൊണ്ടിരുന്നപ്പോൾ സാമൂഹികവും സാമ്പത്തി

കവുമായ പിന്നാക്കാവസ്ഥ സമുദായത്തെ പിന്നോട്ടുതള്ളി. ബുദ്ധിക്കും അറിവിനും നേരെ പുറംതിരിഞ്ഞുനിന്ന് അവർ വേദഗ്രന്ഥത്തെപ്പോലും മാതൃഭാഷയിലൂടെ മനസ്സിലാക്കാനോ അതിന്റെ ആന്തരികാർഥവും വിശുദ്ധിയും ലാളിത്യവും ഗ്രഹിക്കാനോ തയ്യാറായിരുന്നില്ല. മറിച്ച് മതത്തിന്റെ പ്രാവരണത്തിനുള്ളിൽ മുസ്‌ലിം സിദ്ധന്മാരും 'സന്യാസി'മാരും ഒരുക്കിയ ചതിക്കുഴികളിൽ വീണ് തപ്പിത്തടയുകയായിരുന്നു അവർ. അന്ധകാരത്തിലും അജ്ഞതയിലും വീണുപോയ മുസ്‌ലിം സമുദായത്തെ ഉയിർത്തെഴുന്നേൽപിക്കുക എന്നത് ശ്രമകരമായ ദൗത്യം തന്നെയായിരുന്നു.

കച്ചവടപ്പാട്ടും മൈലാഞ്ചിപ്പാട്ടും ഒപ്പനപ്പാട്ടും അമ്മായിപ്പാട്ടും വെറ്റിലപ്പാട്ടും ആണ്ട്, നഹസ് പാട്ടുകളും മിഅ്‌റാജ് പാട്ടുകളും സീറപ്പാട്ടുകളും ഇല്ല ല്ലാപ്പാട്ടുകളും പദാവലിപ്പാട്ടുകളും നരിപ്പാട്ടും നവരത്‌ന മാലയും താലോലപ്പാട്ടും ഒട്ടകമാൻ പാട്ടും കിളത്തിമാലയും കൊറത്തിപ്പാട്ടും തേങ്ങാപ്പാട്ടും മാങ്ങാപ്പാട്ടും എലിപ്പാട്ടും തീവണ്ടിപ്പാട്ടും കപ്പപ്പാട്ടും കുപ്പിപ്പാട്ടും പക്ഷിപ്പാട്ടും നൂല് മദ്ഹും  മസാലപ്പാട്ടും ജിൻ പടപ്പാട്ടുകളും കത്ത്പാട്ടുകളും കെസ്സ്പാട്ടുകളും ഖിസ്സപ്പാട്ടുകളും താലിപ്പാട്ടുകളും യുദ്ധകാവ്യങ്ങളും ബഹ്‌നസുകളും ഔലിയാ മാലകളും വിലാപകാവ്യങ്ങളും ഖുത്ബിയ്യത്തും കുത്തുന്ന റാത്തീബും കുത്താത്ത റാത്തീബും പേരു പറഞ്ഞെണ്ണിത്തീർക്കാൻ കഴിയാത്തത്ര മൗലിദ് ഇനങ്ങളും സബീനകളും ഏടുകളും വകകളും സ്വൂഫീവിർദുകളും അവരെ നിരതരാക്കിയപ്പോഴും വിശുദ്ധ ക്വുർആൻ തുറന്നിടുന്ന ചിന്താബന്ധുരമായ ദർശനങ്ങൾ സ്വീകരിക്കാൻ തയ്യാറാകാതിരുന്ന ഒരു ജനത മാറ്റത്തോട് എത്രമാത്രം പുറം തിരിഞ്ഞുനിന്നിട്ടുണ്ടാകും എന്ന് പറഞ്ഞറിയിക്കേണ്ടതില്ല.

പെണ്ണുങ്ങളോട് ആരെങ്കിലും വല്ല അന്യായവും ചെയ്താൽ ചേക്കുട്ടിപ്പാപ്പ അയാളുടെ ദേഹത്ത് കയറിക്കൂടും. ശാരീരികവും മാനസികവുമായ ഏതെങ്കിലും അസുഖമായിട്ട് അത് വെളിപ്പെടും; അല്ലെങ്കിൽ കച്ചവടത്തിൽ നഷ്ടം വരും; ചിലപ്പോൾ കന്നുകൾക്കോ  വിളകൾക്കോ ആപത്തു വരും എന്നൊക്കെ അവർ തലമുറകളായി വിശ്വസിച്ചുപോന്നിരുന്നു. കാലിരോഗങ്ങൾക്ക് കാഞ്ഞിരമറ്റത്തെ ഔല്യ, ഇഴജീവികളുടെ ശല്യങ്ങൾ തീരാൻ കുഞ്ഞിരായിൻ പാപ്പ, വന്യജീവികളുടെ ഉപദ്രവങ്ങൾക്ക് തീണ്ടുമ്മൽ സീതി ഉപ്പാപ്പ, ഉറുമ്പിന്റെ ഉപദ്രവങ്ങൾക്ക് സുലൈമാൻ നബി, കൂടാതെ തീക്കുട്ടി, കരിങ്കുട്ടി, ഗുളികൻ, കുട്ടിച്ചാത്തൻ, കാളി, കൂളി, ചാമുണ്ടി, ഒറ്റമുലച്ചി പോലുള്ള പിശാചുക്കൾക്കും മാപ്പിളമാർ അന്ന് നേർച്ച നടത്താറുണ്ടായിരുന്നു. അതിന് 'കൊടുതി' എന്നാണ് പറഞ്ഞിരുന്നത്. മുഹ്‌യിദ്ദീൻ ശൈഖിന്റെ കോഴി, ബദ്‌രീങ്ങളുടെ ആട്, മമ്പുറത്തെ കാള മുതലായവ വീടുകളിൽ സുലഭമായിരുന്നു. കൊയ്ത്തുകാലം തുടങ്ങിയ സുഭിക്ഷ ഘട്ടങ്ങളിൽ നാഗൂരിന്റെയും മമ്പുറത്തിന്റെയും മറ്റും പേരിൽ ധാരാളം ഫഖീറന്മാരും കലീവമാരും വീടുവീടാന്തരം കയറിയിറങ്ങും. വെള്ളിക്കാല്, വെള്ളിക്കണ്ണ് തുടങ്ങിയ നേർച്ച വസ്തുക്കളും മറ്റും തരപ്പെടുത്താനുള്ള തന്ത്രങ്ങൾ അവർക്ക് വശമായിരുന്നു.

വസൂരി, കോളറ, ഭ്രാന്ത് തുടങ്ങിയ രോഗങ്ങൾക്ക് നൂല്, മന്ത്രം, ഏലസ്സ്, ഐക്കല്ല്, മന്ത്രിച്ച വെള്ളം, പിഞ്ഞാണമെഴുത്ത്, ഉഴിഞ്ഞിടൽ, മാരണം, ഹോമം, നഫീസത്ത് മാല പാടൽ, ഖുതുബിയ്യത്ത്, മൗലൂദ്, റാത്തീബ് എന്നിവയായിരുന്നു ചികിത്സാവിധികൾ. മഹാവ്യാധികൾക്കായിരുന്നു കൂട്ടബാങ്കുകൾ. ജലദോഷം, പനി തുടങ്ങിയവക്ക് നൂല്, സുഖപ്രസവത്തിന് പിഞ്ഞാണമെഴുത്ത്, നഫീസത്ത് മാല പാടൽ എന്നിവയൊക്കെയായിരുന്നു ചികിത്സകൾ. കോളറ തട്ടുചെകുത്താനും വസൂരി കുരുപ്പ് ചെകുത്താനും അപസ്മാരം കൂക്കി ചെകുത്താനും ഗുളികൻ, രക്തരക്ഷസ്സ്, ബ്രഹ്മരക്ഷസ്സ്, മലചവിട്ടി, തേര്, പേന്താൻ, റൂഹാനി, ഖബറാളി, പൊട്ടിച്ചൂട്ട് തുടങ്ങിയ പിശാചുക്കളും രാത്രിയായാൽ  സൈ്വര്യവിഹാരം ചെയ്യുമെന്നായിരുന്നു വിശ്വാസം.

**മുസ്‌ലിം നവോത്ഥാനം പിറവിയെടുക്കുന്ന 19ാം നൂറ്റാണ്ടിലെയും 20ാം നൂറ്റാണ്ടിലെയും കേരള മുസ്‌ലിം സമുദായത്തിന്റെ സ്ഥിതി അത്യന്തം ശോചനീയമായിരുന്നു. മതപരമായ അജ്ഞതയും അന്ധവിശ്വാസങ്ങളും ഒരു ഭാഗത്ത് ശക്തമായിക്കൊണ്ടിരുന്നപ്പോൾ സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ സമുദായത്തെ പിന്നോട്ടുതള്ളി. ബുദ്ധിക്കും അറിവിനും നേരെ പുറംതിരിഞ്ഞുനിന്ന് അവർ വേദഗ്രന്ഥത്തെപ്പോലും മാതൃഭാഷയിലൂടെ മനസ്സിലാക്കാനോ അതിന്റെ ആന്തരികാർഥവും വിശുദ്ധിയും ലാളിത്യവും ഗ്രഹിക്കാനോ തയ്യാറായിരുന്നില്ല. മറിച്ച് മതത്തിന്റെ പ്രാവരണത്തിനുള്ളിൽ മുസ്‌ലിംസിദ്ധന്മാരും 'സന്യാസി'മാരും ഒരുക്കിയ ചതിക്കുഴികളിൽ വീണ് തപ്പിത്തടയുകയായിരുന്നു അവർ. അന്ധകാരത്തിലും അജ്ഞതയിലും വീണുപോയ മുസ്‌ലിം സമുദായത്തെ ഉയിർത്തെഴുന്നേൽപിക്കുക എന്നത് ശ്രമകരമായ ദൗത്യം തന്നെയായിരുന്നു. ഈ തമോമയസന്ധിയിൽ മാപ്പിള ജനതക്ക് നവോത്ഥാനത്തിന്റെ നവജീവൻ നൽകിക്കൊണ്ടാണ് കേരളക്കരയിൽ ഇസ്വ്‌ലാഹീ പ്രസ്ഥാനം കടന്നുവന്നത്.**

പാണൻ, പറയൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ രാത്രികാലങ്ങളിൽ ഒടിമറഞ്ഞ് ആളുകളെ ഒടിച്ചുകൊല്ലുമെന്നും ജനങ്ങൾ വിശ്വസിച്ചിരുന്നു. മൂങ്ങവർഗത്തിൽപ്പെട്ട കുറ്റിച്ചൂളാൻ (കാലൻകോഴി) എന്ന പക്ഷി രാത്രികാലങ്ങളിൽ കൂകിയാൽ അടുത്തെവിടെയെങ്കിലും മരണം സംഭവിക്കുമെന്ന് ജനങ്ങൾ വിശ്വസിച്ചുപോന്നിരുന്നു. അങ്ങേക്കരയിൽനിന്ന് കാലൻകോഴി കൂകിയാൽ ഇങ്ങേക്കരയിൽ മരണം സംഭവിക്കുമെന്നായിരുന്നു ജനങ്ങൾ വിശ്വസിച്ചിരുന്നത്. തനിക്കോ തന്റെ ബന്ധുക്കൾക്കോ മരണം സംഭവിക്കാതിരിക്കുന്നതിനുള്ള ചില വിദ്യകളും ഉണ്ടായിരുന്നു. കുറ്റിച്ചൂലെടുത്ത് കുത്തനെ വെക്കുക എന്നതായിരുന്നു അതിലൊന്ന്.

മാരണം അന്ന് ചിലയാളുകളുടെ കുലത്തൊഴിലായിരുന്നു. മാരണം ചെയ്യലും ചെയ്യിക്കലും മാറ്റലും മറിച്ച് ചെയ്യലുമൊക്കെയായിരുന്നു അന്നത്തെ സജീവ ചർച്ചാവിഷയങ്ങൾ. ഈ ചെയ്യലും ചെയ്യിക്കലും കാരണം എത്രയോ ബന്ധുക്കൾ തമ്മിൽ ബഹളവും അടിപിടിയും കുത്തിക്കൊലകളും നടക്കാറുണ്ടായിരുന്നു. സിഹ്റിൽ പലതരം ഇനങ്ങളുണ്ടായിരുന്നു. എതിർകക്ഷിയെ കൊല്ലുന്നതിനു വേണ്ടി രക്തം വിസർജിപ്പിക്കുക, പാമ്പിനെ അയക്കുക തുടങ്ങിയവയൊക്കെ അവയിൽ ചിലത് മാത്രമാണ്.

പുരുഷന്റെ മൊട്ടത്തലയും സ്ത്രീയുടെ കൈലാറ്റ്[1] പോലുള്ള കാത്കുത്തും മതവിശ്വാസത്തിന്റെ ഭാഗമായിത്തന്നെയാണ് ഗണിക്കപ്പെട്ടിരുന്നത്. വലത്തെ കാതിൽ പന്ത്രണ്ടും ഇടത്തെ കാതിൽ പതിനൊന്നും ദ്വാരങ്ങൾ. അവയിൽ സ്വർണച്ചിറ്റോ വെള്ളിച്ചിറ്റോ വെറും നൂലോ ഒക്കെ ഇടുമായിരുന്നു. അങ്ങനെ കാത് കുത്തുന്നത് മുസ്‌ലിം ആചാരമായും അങ്ങനെ കുത്താതിരിക്കുന്നത് അമുസ്‌ലിം സമ്പ്രദായമായുമായാണ് ഗണിച്ചിരുന്നത്.

മുസ്‌ലിം പുരുഷന്മാരോ സ്ത്രീകളോ അടിവസ്ത്രങ്ങൾ ധരിക്കരുതെന്നാണ് അന്ന് പുരോഹിതന്മാർ പറഞ്ഞത്. പുരുഷന്മാർ അണ്ടർവെയർ ധരിച്ചാൽ മൂത്രം മുറിയുകയില്ലെന്നും സ്ത്രീകളുടെ പാവാട, സാരി പോലുള്ളവ അമുസ്‌ലിം വസ്ത്രമാണെന്നുമുള്ള വാദങ്ങൾ മതപ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ട് സമർഥിക്കുവാനാണ് പുരോഹിതന്മാർ ശ്രമിച്ചത്.

കേരള മുസ്‌ലിംകളെ ആസൂത്രിതനീക്കങ്ങളിലൂടെ ക്രൈസ്തവാദർശങ്ങളിലേക്ക് പറിച്ച്നടാനുള്ള കൊണ്ടുപിടിച്ച ശ്രമം ബ്രിട്ടീഷ് കൊളോണിയൽ ശക്തികൾ നടത്തിക്കൊണ്ടിരിക്കെയാണ് സമുദായ നേതൃത്വം അവകാശപ്പെട്ടിരുന്ന പുരോഹിതന്മാർ സ്വാർഥതയുടെ മൂർത്തിമദ്ഭാവങ്ങളായി പരിലസിച്ചിരുന്നത് എന്നത് എത്രമേൽ ജുഗുപ്സാവഹമാണ്. പാശ്ചാത്യ മിഷനറിമാരെ ഇറക്കുമതി ചെയ്ത് അധികാരത്തോടൊപ്പം കർത്താവിനെയും ദൈവത്തോടൊപ്പം അപ്പത്തേയും ആതുരസേവനത്തോടൊപ്പം ആദർശത്തെയും ഒളിച്ച്കടത്താനുള്ള ശ്രമങ്ങൾ ശക്തമായ കാലം. ഇതിനെപറ്റിയൊന്നും ബോധവാന്മാരാകാത്ത മുസ്‌ലിം സമൂഹം എത്രമാത്രം ഉദാസീനമായിരുന്നു എന്നത് ചരിത്രത്താളുകളെ ഈറനണിയിക്കുന്നുണ്ട്, തീർച്ച. ഈ ആപൽസന്ധിയിൽ സമുദായരക്ഷകനായി വന്ന മക്തിതങ്ങളെ[2] ഭ്രഷ്ട് കൽപിച്ച് ഒറ്റപ്പെടുത്താനായിരുന്നു പുരോഹിതന്മാർ ഊർജം ചെലവഴിച്ചിരുന്നത്!

പള്ളിദർസുകളിൽ പടച്ചവന്റെ കിതാബിനെക്കാൾ പത്തുകിതാബിന് പ്രാമുഖ്യം നൽകി അക്ഷരം പ്രതി പഠിപ്പിച്ചിരുന്ന ഒരു സമൂഹത്തിൽ പൊളിച്ചെഴുത്ത് ഏറ്റവും അനിവാര്യമായിരുന്നു. വർഷങ്ങളോളം അറബി കിതാബുകൾ വായിച്ചതിനുശേഷവും അറബിയിൽ സ്വന്തമായി എഴുതാനോ എഴുതപ്പെട്ടവ വായിച്ചുമനസ്സിലാക്കാനോ സാധിച്ചിരുന്നില്ല.

പരമ്പരാഗത ദർസ് പഠനരീതിയിൽനിന്നും വ്യത്യസ്തമായി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ ഇസ്‌ലാമിക വിദ്യാഭ്യാസ സംവിധാനത്തിന് കേരളത്തിൽ ആദ്യമായി തുടക്കംകുറിച്ചത് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയാണ്. 1913 ജനുവരി 1ന് കൊയപ്പത്തൊടി മോയിൻകുട്ടി ഹാജി[3]യുടെ പിന്തുണയോടെ 'പുതിയ വിദ്യാലയ നിയമങ്ങൾ' എന്ന

കേരള മുസ്‌ലിംകളെ ആസൂത്രിതനീക്കങ്ങളിലൂടെ ക്രൈസ്തവാദർശങ്ങളിലേക്ക് പറിച്ച് നടാനുള്ള കൊണ്ടുപിടിച്ചശ്രമം ബ്രിട്ടീഷ് കൊളോണിയൽ ശക്തികൾ നടത്തിക്കൊണ്ടിരിക്കെയാണ് സമുദായനേതൃത്വം അവകാശപ്പെട്ടിരുന്ന പുരോഹിതന്മാർ സ്വാർഥതയുടെ മൂർത്തിമദ്ഭാവങ്ങളായി പരിലസിച്ചിരുന്നത് എന്നത് എത്രമേൽ ജുഗുപ്സാവഹമാണ്. പാശ്ചാത്യമിഷനറിമാരെ ഇറക്കുമതി ചെയ്ത് അധികാരത്തോടൊപ്പം കർത്താവിനെയും ദൈവത്തോടൊപ്പം അപ്പത്തേയും ആതുരസേവനത്തോടൊപ്പം ആദർശമത്തെയും ഒളിച്ച്കടത്താനുള്ള ശ്രമങ്ങൾ ശക്തമായ കാലം. ഇതിനെപറ്റിയൊന്നും ബോധവാന്മാരാകാത്ത മുസ്‌ലിം സമൂഹം എത്രമാത്രം ഉദാസീനമായിരുന്നു എന്നത് ചരിത്രത്താളുകളെ ഈറനണിയിക്കുന്നുണ്ട്, തീർച്ച. ഈ ആപൽസന്ധിയിൽ സമുദായരക്ഷകനായി വന്ന മക്തിതങ്ങളെ ഭ്രഷ്ട് കൽപിച്ച് ഒറ്റപ്പെടുത്താനായിരുന്നു പുരോഹിതന്മാർ ഊർജം ചെലവഴിച്ചിരുന്നത്.

പേരിൽ സിലബസ് തയ്യാറാക്കുകയും പത്തുവർഷ ത്തെ കരിക്കുല സംവിധാനം ചിട്ടപ്പെടുത്തുകയും ചെയ്തു. ഈ സിലബസ് പ്രകാരമുള്ള പഠനരീതി വാഴക്കാട് ദാറുൽ ഉലൂമിൽ ആരംഭിച്ചു. ഓരോ വിഷ യത്തിനും ഓരോ പീരിയഡ് നിശ്ചയിച്ചതും ഡസ്ക്, ബെഞ്ച് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചതും അന്ന് പുതുമയായിരുന്നു. സാധാരണ വിഷയങ്ങ ൾക്ക് പുറമെ മലയാള സാഹിത്യവും വ്യാകരണവും പത്രവായനാ പരിശീലനവും ശാസ്ത്രവിഷയങ്ങളും കൂടി അവിടെ പഠിപ്പിച്ചിരുന്നു. പ്രബോധിതരായ മലയാളികളോടുള്ള ഫലപ്രദമായ ആശയ സംവേ ദനത്തിന് ഈ മാറ്റം പണ്ഡിതന്മാരെ പ്രാപ്തരാക്കി. അറബിയിൽ പ്രസംഗിക്കുന്നതിനും എഴുതുന്നതി നും വിദ്യാർഥികൾക്ക് പരിശീലനം നൽകിയിരുന്നു.

ചാലിലകത്ത് സ്വന്തം പാഠശാലയിൽ ആൺ -പെൺ വ്യത്യാസമില്ലാതെ ഒരുപോലെ പ്രവേശനം നൽകി. മാത്രമല്ല സ്വന്തം പുത്രിമാരെയും അമ്മാവൻ അബ്ദുല്ല മുസ്‌ലിയാരുടെ പുത്രിമാരെയും സ്കൂളിൽ ചേർക്കാനും അദ്ദേഹം മുൻകൈയെടുത്തു. മുസ്‌ലിംകൾ അറബിമലയാളം മാത്രം മാധ്യമമായി ഉപയോഗിച്ചിരുന്ന കാലത്ത് മലയാള ഭാഷയെ ജനകീയമാക്കാനും സ്ത്രീവിദ്യാഭ്യാസം സാർവത്രിക മാക്കാനുമുള്ള മാതൃകകൾ സൃഷ്ടിച്ചു. എന്നാൽ, അഭൂതപൂർവമായ ഈ പുണ്യത്തെ നശിപ്പിച്ചേ അടങ്ങൂ എന്ന വാശിയോടെയാണ് ഇരുട്ടിന്റെ വൈതാളികരായ യാഥാസ്ഥിതിക പൗരോഹിത്യം നിലയുറപ്പിച്ചത്.

ചാലിലകത്തിന്റെ ഈ മഹനീയ മാതൃക പിൻ പറ്റിയാണ് പിന്നീട് കേരളത്തിൽ മുസ്‌ലിം വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവന്നത്. സയ്യിദ് ഥനാഉല്ലാഹ് മക്തിതങ്ങൾ തുടങ്ങിവെച്ച പ്രവർത്ത യങ്ങളുടെ തുടർച്ചയായിരുന്നു ഇത്. ദർസിന്റെ ആശയദാരിദ്ര്യത്തെയും അശാസ്ത്രീയ രീതികളെയും മക്തിതങ്ങൾ തന്റെ നിരവധി കൃതികളിൽ ചോദ്യം ചെയ്യുന്നുണ്ട്.[4]

1924 മെയ് 10,11,12 തീയതികളിൽ ആലുവയിൽ ചേർന്ന മുസ്‌ലിം ഐക്യസംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനത്തിൽവെച്ച് കേരള ജംഇയ്യ ത്തുൽ ഉലമ എന്ന കേരള മുസ്‌ലിംകളുടെ പ്രഥമ പണ്ഡിതസംഘടന രൂപീകരിക്കപ്പെട്ടു. വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്ത് അറബിക്കോളജ് പ്രി ൻസിപ്പാൾ ശൈഖ് അബ്ദുൽ ജബ്ബാർ ഹസ്റത്ത് സമ്മേളനത്തിലെ തന്റെ അധ്യക്ഷ ഭാഷണത്തിൽ പള്ളി ദർസുകളിൽ നടപ്പുള്ള പല കിതാബുകളും നീക്കം ചെയ്തു പകരം ഉപകാരപ്രദമായ കിതാബുകൾ പഠിപ്പിക്കപ്പെടുമെന്ന് ഊന്നിപ്പറഞ്ഞിരുന്നു.

അൽ അസ്ഹർ, അലീഗർ സർവകലാശാ ലകളുടെ ചുവടുപിടിച്ചുകൊണ്ട് ആലുവയിൽ അറബിക് സർവകലാശാല യാഥാർഥ്യമാക്കാനുള്ള നീക്കങ്ങൾക്കും ഈ സമ്മേളനം കരുത്ത് പകർന്നു.

വൈജ്ഞാനിക നവോത്ഥാനത്തിന് അഗ്നി പകർന്ന ഈ മഹാസമ്മേളനത്തിൽ ക്ഷണിതാക്കളായി പങ്കെ ടുത്ത പണ്ഡിതന്മാരിൽ ചിലർക്കു തന്നെ ശരിയായ മതം എന്തെന്ന് നിശ്ചയമുണ്ടായിരുന്നില്ല. അക്കാര്യം അൽപം വിശദമായി താഴെ പറയാം:

ആലുവ സമ്മേളന പരിപാടികളിൽ പെട്ട ഒന്നാ മത്തെ യോഗം അവസാനിച്ച ശേഷം അടുത്ത യോഗത്തിനുള്ള വിഷയ നിർണയക്കമ്മിറ്റി ചേർന്നു. അതിൽ അബ്ദുൽ ജബ്ബാർ ഹസ്രത്തിന്റെ നിർദേശ മനുസരിച്ച് വെല്ലൂർ ബാഖിയാത്തിലെ അധ്യാപ കനായ അബ്ദുർറഹീം ഹസ്രത്താണ് അധ്യക്ഷത വഹിച്ചത്. വിഷയ നിർണയക്കമ്മിറ്റിയുടെ പരിഗ ണനക്കു വന്ന ആദ്യത്തെ പ്രമേയം ഇതായിരുന്നു:

'നല്ലതിനെ ഉപദേശിക്കുകയും ചീത്തയെ വിരോ ധിക്കുകയും ചെയ്യുന്ന ഒരു സംഘമുണ്ടായിരിക്കൽ ഫർദുകിഫായയാണ്.[5] അതുകൊണ്ട് കേരളത്തിലെ ഉലമാക്കളുടെ[6] ഒരു സംഘം ഉണ്ടായിരിക്കണമെ ന്ന് ഈ യോഗം തീരുമാനിക്കുന്നു.'[7]

പ്രമേയം ചർച്ചക്ക് വന്നപ്പോൾ ആ യോഗത്തി ലുണ്ടായിരുന്ന ഒരു ബാഖവി[8] 'ഇങ്ങനെ ഒരു സംഘമുണ്ടായിരിക്കൽ ഫർദ് കിഫായയാണെന്ന തിന് എന്താണ് ദലീൽ'[9] എന്ന് ചോദിച്ചു. ഇതിന് മറുപടിയായി 'നന്മയിലേക്കു ക്ഷണിക്കുകയും നല്ലത് കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന ഒരു വിഭാഗം നിങ്ങളുടെ കൂട്ടത്തിലുണ്ടാ യിരിക്കണം; അവരത്രെ വിജയികൾ'[10]എന്നർഥം വരുന്ന ക്വുർആൻ വാക്യം ഇ.കെ.മൗലവി ഉദ്ധ രിച്ചു. 'അത് ക്വുർആൻ ആയത്തല്ലേ? അതവിടെ നിൽക്കട്ടെ. ഞാൻ ദലീലാണ് ചോദിച്ചത്. ശറഇന്റെ ഇമാമുകൾ എന്തു പറയുന്നുവെന്നാണ് എനിക്കറി യേണ്ടത്' എന്നായി അയാൾ. തൽസമയം ഇ.കെ. മൗലവി അധ്യക്ഷനോട് 'ക്വുർആൻ ആയത്ത് ദലീലായി സ്വീകരിക്കുകയില്ലേ' എന്ന് ചോദിച്ചു. ആ ബാഖവിയുടെ സമീപനത്തിൽ അധ്യക്ഷന് ദേഷ്യം വരികയും മറുപടി നൽകി അയാളെ ഇരു ത്തുകയും ചെയ്തു.[11]

ഇസ്‌ലാമിൻെറ അടിസ്ഥാന പ്രമാണങ്ങളെക്കു റിച്ച് ഇതാണ് പണ്ഡിതന്മാരിൽ ചിലരുടെ ധാരണ യെങ്കിൽ അത്രയും കാലം സാധാരണക്കാരെ അവർ എത്രമാത്രം വഴിതെറ്റിച്ചിട്ടുണ്ടാകും എന്ന് ആലോ ചിച്ചുനോക്കുക!

പണ്ഡിതന്മാരോ അവരുടെ ഗ്രന്ഥങ്ങളോ അധ്യാപനങ്ങളോ ഇസ്‌ലാമിക പ്രമാണങ്ങളല്ല. പ്രമാണങ്ങളെ പൊതുജനങ്ങൾക്ക് പഠിക്കാനുള്ള ഗൈഡുകൾ മാത്രമാണ്. ഇസ്‌ലാമിലെ പണ്ഡിത സങ്കൽപം തിരുവായ്ക്ക് എതിർവാ ഇല്ലാത്ത പൗരോഹിത്യമല്ല. ഇസ്‌ലാമിക പ്രമാണങ്ങളായ ക്വുർആന്റെയും സ്വഹീഹായ ഹദീസുകളുടേയും അപ്രമാദിത്വവും ആധികാരികതയും പണ്ഡിതന്മാ ർക്ക് ചാർത്തിക്കൊടുക്കുന്നത് ഇസ്‌ലാം അംഗീക

രിക്കുന്നില്ല. പ്രമാണങ്ങൾക്ക് വിരുദ്ധമായി പണ്ഡിതന്മാർ പറയുന്നതിനെ പിൻപറ്റുന്നത് ഇസ്‌ലാം ശക്തമായി എതിർക്കുന്നു.

വിശുദ്ധ ക്വുർആൻ ഒരു പാരായണ ഗ്രന്ഥം മാത്രമല്ല, മനുഷ്യന്റെ ഭൗതിക ജീവിതത്തിൽ പാരത്രിക രക്ഷക്കുതകുന്ന വിശ്വാസങ്ങളും കർമങ്ങളും ധർമ നിഷ്ഠകളും കൃത്യമായി പകർന്നു നൽകാൻ പ്രപഞ്ച നാഥൻ അവതരിപ്പിച്ച പ്രമാണവും കൂടിയാണ്. അതിന്റെ ഉള്ളടക്കങ്ങളിലേക്ക് കേരള മുസ്‌ലിം ജനത ആകൃഷ്ടരായിപ്പോയാൽ തങ്ങളുടെ ദുർബോധനങ്ങൾ നിഷ്ഫലമാകുമെന്ന് ഭയന്ന ഒരു പണ്ഡിതൻ എഴുതിവിട്ട കുതന്ത്രം കാണുക:

'ക്വുർആനിൽ നിന്നും ഒരായത്തിന്റെയും അർഥം പഠിക്കൽ പൊതുജനങ്ങൾക്ക് നിർബന്ധമില്ല. ഓതൽ നിർബന്ധമായത് ഫാതിഹ മാത്രമാണ്. അതും അർഥം പഠിക്കൽ നിർബന്ധമില്ല. പ്രത്യേക സുന്നത്തുമില്ല. ക്വുർആനിന്റെ തർജമ പഠിക്കൽ പൊതുജനങ്ങൾക്ക് പ്രത്യേകം സുന്നത്തായിയെങ്കിലും എണ്ണിപ്പറഞ്ഞ ഒരു കിതാബോ ആലിമീങ്ങളോ ഫിക്വ്ഹിലും ഫുക്വഹാക്കളിലും ഇല്ല. ഇതാണ് ക്വുർആനിന്റെ അർഥവും പൊതുജനങ്ങളുമായുള്ള ബന്ധവും.' [12]

ഇസ്‌ലാമിക പ്രമാണങ്ങളോട് പ്രതിബദ്ധത പുലർത്തുന്ന ഒരു സമൂഹ സൃഷ്ടിക്കായി തന്റെ അനുഗൃഹീത ജിഹ്വ കൊണ്ടും തൂലിക കൊണ്ടും അനവരതം യത്നിച്ച മഹാപണ്ഡിതൻ കണ്ണൂർ പി. അബ്ദുൽ ഖാദിർ മൗലവിയുടെ ഇസ്വ്‌ലാഹീ പ്രഭാഷണങ്ങൾക്ക് ഖണ്ഡനം നടത്തവേ ഒരു യാഥാസ്ഥിതിക പണ്ഡിതൻ പ്രമാണങ്ങളെ തിരസ്കരിക്കാൻ വേണ്ടി ജനങ്ങളെ ആഹ്വാനം ചെയ്ത വാക്കുകൾ എത്രമാത്രം ഗൗരവതരമായിരുന്നുവെന്ന് നോക്കുക:

"വല്ല കാര്യത്തിലും അഭിപ്രായഭിന്നതയുണ്ടായാൽ അത് ക്വുർആനിലേക്കും സുന്നത്തിലേക്കും മടക്കുകയാണ് വേണ്ടത് എന്ന് ആരെങ്കിലും നിങ്ങളോട് പറഞ്ഞാൽ 'മടക്കേണ്ടതില്ല, മടക്കരുത്, മടക്കുകയില്ല' എന്നു നിങ്ങൾ അവരോട് പറഞ്ഞേക്കണം.'' [13]

മറ്റൊരു പണ്ഡിതൻ എഴുതി:

"സാധാരണക്കാരന് മതപണ്ഡിതനെ പിൻപറ്റൽ നിർബന്ധമാണ്. പണ്ഡിതൻ സത്യം പറയട്ടെ, അല്ലെങ്കിൽ ശരി പറയട്ടെ, അബദ്ധം പറയട്ടെ, സാധാരണക്കാരുടെ ബാധ്യത പണ്ഡിതന്മാർ പറയുന്നത് സ്വീകരിക്കലാണെന്ന കാര്യത്തിൽ ഇജ്മാഅ് ഉണ്ട്'' (മുസ്തസ്ഫ 21-23) [14]

സമൂഹത്തെ നേരെ നയിക്കാൻ ഉത്തരവാദപ്പെട്ട പണ്ഡിതന്മാർ, സമൂഹം നിർമിച്ചുണ്ടാക്കിയ ദുരാചാരങ്ങളുടെ സംരക്ഷകരായി നില കൊണ്ടു. ബോധ്യപ്പെട്ട സത്യങ്ങൾ പോലും തുറന്നുപറയാനുള്ള ആർജവമുള്ളർ അക്കൂട്ടത്തിൽ വിരളമായിരുന്നു. മഹാഭൂരിപക്ഷം പണ്ഡിതന്മാരുടേയും വൈജ്ഞാനിക നിലവാരം പരമദയനീയമായിരുന്നു.


ജ്ഞാനവൃദ്ധനായ കരുവള്ളി മുഹമ്മദ് മൗലവി[15] അത്തരം ഒരു അനുഭവം വിവരിച്ചത് വായിക്കുക:

"മലപ്പുറം പള്ളിയിൽ 'തേനു മുസ്‌ലിയാർ'[16] എന്ന പേരിലൊരു പണ്ഡിതനുണ്ടായിരുന്നു. 'തേനു മുസ്‌ലിയാർ തങ്ങൾ' എന്ന് ആളുകൾ അദ്ദേഹത്തെ ആദരവോടെ വിളിച്ചിരുന്നു. അങ്ങനെ ഒരു ദിവസം കൂട്ടായി അബ്ദുല്ല ഹാജി [17] മലപ്പുറത്ത് ഒരു പ്രസംഗം നടത്തി. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്തുകൊണ്ടുള്ള പ്രസംഗത്തിൽ മുഹ്‌യിദ്ദീൻ മാല പാടുന്നത് പുണ്യമല്ലെന്നും അത് കൂലിയുള്ള കാര്യമല്ലെന്നും പറഞ്ഞിരുന്നു. ഈ പ്രസംഗം കേൾക്കാൻ ഇടയായ ഏതാനും ആളുകൾ തേനു മുസ്ല്യാരെ സമീപിച്ചുകൊണ്ട് മുഹ്‌യിദ്ദീൻ മാലയെ സംബന്ധിച്ചുകൊണ്ട് അബ്ദുല്ല ഹാജി പറഞ്ഞതിനെ കുറിച്ച് അഭിപ്രായം ചോദിച്ചു. മുസ്‌ലിയാരുടെ മറുപടി രസകരമായിരുന്നു: 'മാല പാടിയാൽ കൂലി കിട്ടുമെന്ന് മാലയിൽ തന്നെ പറഞ്ഞ കാര്യം കൂട്ടായി അബ്ദുല്ല ഹാജി കണ്ടിട്ടില്ലേ' എന്നായിരുന്നു ആ പ്രതികരണം. 'മൊളിയൊന്നും കളയാതെ പിളയാതെ ചൊന്നോർക്ക് മണി മേടം സ്വർഗത്തിൽ നായൻ കൊടുക്കുമേ' എന്ന മാലയിലെ വരിയാണ് മുസ്‌ലിയാർ ഇവിടെ ഉദ്ദേശിച്ചത്. മതപണ്ഡിതന്മാർക്ക് മതത്തെ കുറിച്ചുള്ള അറിവ് എത്രയുണ്ടെന്നതിന്റെ തെളിവാണിത്. ഹംദും സ്വലാത്തും കൊണ്ട് തുടങ്ങുന്നതും വലത്തുനിന്ന് ഇടത്തോട്ട് എഴുതിയതുമായ സകലതും പണ്ഡിതന്മാർക്കുതന്നെ മതപ്രമാണങ്ങളായിരുന്നു അന്ന്.'' [18]

കരുവള്ളി മുഹമ്മദ് മൗലവി നവോത്ഥാനത്തെ വിവരിച്ചത് വായിക്കുക:

"19ാം നൂറ്റാണ്ടിൽ ജീവിച്ച മുസ്‌ലിംകളെ കുറിച്ച് നമുക്ക് ലഭ്യമായ വിവരങ്ങൾ ഇന്നത്തെ പരിഷ്കൃത മുസ്‌ലിം സാമൂഹിക സാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ അതിൽ നിന്ന് നമുക്ക് വേർതിരിഞ്ഞ് കിട്ടുന്ന സാമൂഹിക നന്മയിലധിഷ്ഠിതമായ സദ്ഫലങ്ങളാണ് വാസ്തവത്തിൽ നവോത്ഥാനം.'' [19]

പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെട്ട മതകാര്യങ്ങളൊക്കെ മതവിരുദ്ധ കാര്യങ്ങളായും മതപ്രമാണങ്ങളുടെ യാതൊരു പിന്തുണയുമില്ലാത്ത പല അനാചാരങ്ങളെയും മതത്തിന്റെ അവിഭാജ്യ ഭാഗമായും സമൂഹം ധരിച്ചുപോന്നു. 'കാത്കുത്ത്' സമ്പ്രദായം അതിലൊന്നാണ്. മുസ്‌ലിം പെൺകുട്ടികളെ തിരിച്ചറിയാനുള്ള അടയാളമായിരുന്നു കാതുകുത്ത്. കാത് കുത്താത്ത പെൺകുട്ടികൾക്ക് പഴയ കാലത്ത് കല്യാണം മുടങ്ങിയിരുന്നു. അതേപോലെ ഭൗതിക വിദ്യാഭ്യാസത്തോടും മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ പഠിക്കുന്നതിനെയുമൊക്കെ സംബന്ധിച്ച് മതവിരുദ്ധം എന്ന് തന്നെയായിരുന്നു സമൂഹം



കണക്കാക്കിയിരുന്നത്. അങ്ങനെ അജ്ഞത തളം കെട്ടിയ അന്ധകാര നിബിഢമായൊരു ലോകമായിരുന്നു സമുദായത്തിന്റേത്. ഈയൊരു പതിത്തത്തിൽ നിന്ന് സമൂഹത്തെ രക്ഷപ്പെടുത്താൻ സമുദായ സ്നേഹികൾ നടത്തിയ പരിശ്രമങ്ങളാണ് ഇന്ന് കാണുന്ന പരിഷ്കൃത സമൂഹത്തിന്റെ സൃഷ്ടിപ്പിന് കാരണമായത്. അതിനെ കുറിച്ചാണ് നാം നവോത്ഥാനം എന്ന് പറയുന്നത്.''[20]

(തുടരും)

**വിഷയ സൂചിക:**

(1) കൈലാറ്: പണ്ട് അടുക്കളയിൽ കയിലുകൾ തൂക്കിയിടാനായി ഉപയോഗിച്ചിരുന്ന ഉപകരണമാണിത്. പലകയിൽ തുളകളുണ്ടാക്കി അതിലൂടെയാണ് കയിലുകൾ തൂക്കിയിടുക.

(2) പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിലെ മുസ്‌ലിം സാമൂഹിക പരിഷ്കർത്താവായിരുന്ന സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ (1847-1912) മതനവോത്ഥാനം, വിദ്യാഭ്യാസ പരിഷ്കരണം, ഗ്രന്ഥരചന, മതാന്തര സംവാദം, സ്ത്രീ വിദ്യാഭ്യാസം, പത്രപ്രവർത്തനം, മലയാളഭാഷക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്ന സാഹിത്യകാരനും നവോത്ഥാന നായകനുമായിരുന്നു. മാതൃഭാഷയുടെ പോരാളി എന്നറിയപ്പെട്ടു.

(3) വാഴക്കാട് ദാറുൽ ഉലൂമിന്റെ മാനേജർ.

(4) വിശദ പഠനത്തിന് 2019 ജനുവരി 26ലെ നേർപഥം വാരികയിൽ ഈ ലേഖകന്റെ 'പത്തരമാറ്റ് പത്ത് കിതാബിനോ? മക്തി തങ്ങളുടെ ചോദ്യത്തിന് ഇന്നും ഉത്തരമില്ല' എന്ന ലേഖനം വായിക്കുക. നേർപഥം വാരികയുടെ പഴയ ലക്കങ്ങൾ ഓൺലൈനിലും ലഭ്യമാണ്.

(5) സാമൂഹ്യബാധ്യതയാണ്.

(6) പണ്ഡിതന്മാരുടെ.

(7) എൻകെ അഹ്മദ് മൗലവി, ഐക്യസംഘവും കേരള മുസ്‌ലിംകളും, യുവത ബുക്സ്, കോഴിക്കോട്.

(8) വെല്ലൂർ ബാക്വിയാത്തുസ്സ്വാലിഹാത്ത് അറബി കോളേജിൽ നിന്ന് ബിരുദം നേടിയവർ.

(9) തെളിവ്.

(10) വിശുദ്ധ ക്വുർആൻ, മൂന്നാം അധ്യായം അൽമാഇദ, വചനം 104.

(11) എൻ.കെ. അഹ്മദ് മൗലവി, ഐക്യസംഘവും കേരള മുസ്‌ലിംകളും, യുവത ബുക്സ്, കോഴിക്കോട്.

(12) ഇ.കെ.ഹസൻ മുസ്‌ല്യാർ, തഹ്ദീറുൽ ഇഖ്‌വാൻ മിൻ തർജുമതിൽ ക്വുർആൻ, പുറം 16.

(13) എൻ.കെ. അഹ്മദ് മൗലവി, ഐക്യസംഘവും കേരള മുസ്‌ലിംകളും, യുവത ബുക്സ്, കോഴിക്കോട്.

(14) അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, മുജാഹിദ് പ്രസ്ഥാനം എങ്ങോട്ട്? പുറം 23.

(15) കരുവള്ളി മുഹമ്മദ് മൗലവി (1918-2018), മക്കരപ്പറമ്പിനടുത്ത കരിഞ്ചാപാടിയിൽ ജനിച്ചു. 1942 ൽ അധ്യാപന ജീവിതം ആരംഭിച്ചു. 1962ൽ ഉത്തര മേഖലാ മുസ്‌ലിം വിദ്യാഭ്യാസ ഇൻസ്പെക്ടറായി. 1974ൽ സർവീസിൽ നിന്ന് വിരമിച്ചു. ശേഷം മത, വിദ്യാഭ്യാസ, സാംസ്കാരിക പ്രവർത്തനങ്ങളിൽ വ്യാപൃതനായി.

(16) ചെമ്മാട് ദാറുൽ ഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായ ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വിയുടെ ഉമ്മ ഫാത്വിമ ഹജ്ജുമ്മയുടെ പിതാവാണ് തേനു മുസ്‌ലിയാർ.

(17) വെട്ടം അബ്ദുല്ല ഹാജി (1895-1987) മതപ്രബോധന വീഥിയിൽ ത്യാഗോജ്വലമായ ഒറ്റയാൾ പോരാട്ടം നടത്തി ഗ്രാമങ്ങളിൽ തൗഹീദിന്റെ വെള്ളിവെളിച്ചം വിതറിയ മഹാപണ്ഡിതനും പ്രോജ്വല വാഗ്മിയുമായിരുന്നു.

(18) ബഷീർ സലഫി പൂളപ്പൊയിൽ, കേരള മുസ്‌ലിം നവോത്ഥാനം ചരിത്രവും വർത്തമാനവും, അഹ്‌ലുസ്സുന്ന ബുക്സ്, കോഴിക്കോട്, കരുവള്ളി മുഹമ്മദ് മൗലവിയുടെ അവതാരിക.

(19) അതേ അവലംബം

(20) അതേ അവലംബം




# സാമൂഹ്യമാധ്യമങ്ങൾ: ഇരുതലമൂർച്ചയുള്ള ആയുധം

മുഫീദ് പാലക്കാഴി
: 9207525244

'സോഷ്യൽ മീഡിയ വിപ്ലവ'ത്തിന്റെ കാലത്താണ് നാം ജീവിക്കുന്നത്. അതിൽ ഗുണവും ദോഷവും ഏറെയുണ്ട്. ഒരു മുസ്‌ലിം സോഷ്യൽ മീഡിയ ഉപയോഗിക്കുമ്പോൾ വളരെ ജാഗ്രത പാലിക്കേണ്ടതുണ്ട്. സോഷ്യൽ മീഡിയമൂലം നിരവധി പ്രശ്നങ്ങളിലാണ് പലപ്പോഴും നാം ചെന്നുചാടാറുള്ളത്.

മതകാര്യങ്ങളുടെ പേരിലുള്ള തർക്കവും കലഹവും ശകാരവുമൊക്കെ നാം കാണാറുണ്ട്. ചീത്ത പറയരുത് എന്ന് പഠിപ്പിച്ച മതത്തിന്റെ അനുയായികൾ മതത്തിന്റെ പേരിൽ പരസ്പരം ചീത്ത പറയുന്നത് വിരോധാഭാസമല്ലേ?

ഫേസ്ബുക്ക്, ട്വിറ്റർ, വാട്സാപ് തുടങ്ങിയ വ്യത്യസ്ത മാധ്യമങ്ങളിലൂടെ വ്യത്യസ്ത തരത്തിലാണ് വാഗ്വാദങ്ങൾ അരങ്ങേറുന്നത്. അതേസമയം നല്ല നിലയിലുള്ള പ്രബോധനപ്രവർത്തനങ്ങളും സന്ദേശകൈമാറ്റവും ഇവയിലൂടെ നടക്കുന്നുണ്ട്.

വ്യാവസായിക വിപ്ലവത്തിനു ശേഷമുള്ള വലിയ ഒരു വിപ്ലവം തന്നെയാണ് സോഷ്യൽ മീഡിയ വിപ്ലവം എന്നു പറയാം. വ്യാവസായിക വിപ്ലവം വന്നതിനു ശേഷം മുമ്പ് അപ്രധാനമായിരുന്ന ശക്തികൾ പലതും ലോകശക്തികളായി മാറി. അത് മറ്റു രാജ്യങ്ങളെ കോളനികളാക്കുന്നതിലേക്കുമെത്തിച്ചു. ഇതു തന്നെയാണ് ഇന്ന് സോഷ്യൽ മീഡിയയുടെ ആവിർഭാവത്തോടെയും സംഭവിച്ചിരിക്കുന്നത്.

ഒരു ദശാബ്ദം മുമ്പ് വിവരങ്ങൾ അറിയുന്നതിനും കൈമാറുന്നതിനു ചില പരിമിത മാർഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത്തരം സംവിധാനങ്ങൾ ബിസിനസുകാരുടെയും സമ്പന്നരുടെയും കൈകളിലായിരുന്നു. പത്രമാധ്യമങ്ങൾ കൈകാര്യം ചെയ്തിരുന്ന മുതലാളിമാരുടെ താൽപര്യങ്ങൾക്കനുസരിച്ചായിരുന്നു അന്ന് വാർത്തകൾ റിപ്പോർട്ട് ചെയ്തിരുന്നത്. അതിനാൽതന്നെ അവരുടെ സ്ഥാപിത താൽപര്യങ്ങളായിരുന്നു ഇതുവഴി കൂടുതലും പുറത്തുവന്നത്. എന്നാൽ സോഷ്യൽ മീഡിയയുടെ കടന്നുവരവോടെ ഇതിനെല്ലാം അന്ത്യം കുറിക്കുകയാണുണ്ടായത്.

നേരത്തെ പറഞ്ഞതുപോലെ സോഷ്യൽ മീഡിയകൾകൊണ്ട് പലവിധ ഗുണങ്ങളും നേട്ടങ്ങളുമുണ്ട്. ആനുകാലിക വിഷയങ്ങളിൽ നമ്മുടെ അഭിപ്രായങ്ങൾ തുറന്നടിച്ച് പറയാനും പ്രോത്സാഹിപ്പിക്കാനും യോജിക്കാനും വിയോജിക്കാനുമെല്ലാം സോഷ്യൽ മീഡിയ ഇന്ന് വളരെ ഉപകാരപ്രദമാണ്. വിവരങ്ങൾ എത്രയും പെട്ടെന്ന് അറിയാനും കൈമാറാനും ഇവ ഉപയോഗിക്കപ്പെടുന്നു.

**സോഷ്യൽ മീഡിയയും ഇന്റർനെറ്റും ഇന്ന് പ്രബോധനരംഗത്തും ഒഴിച്ചുകൂടാനാകാത്ത ഘടകമാണ്. ഇസ്‌ലാമിക പ്രചാരണത്തിന്റെ വേഗത കൂട്ടുന്നതിന് സോഷ്യൽ മീഡിയകൾ വലിയ പങ്കാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഇസ് ലാമികാധ്യാപനങ്ങളുടെ ഏത് ഭാഗവും പഠനത്തിനും മനനത്തിനും സാധ്യമാകത്തക്ക വിധം ഇന്റർനെറ്റിൽ ഇന്ന് ലഭ്യമാണ്. പുസ്തകങ്ങളുടെയും റഫറൻസ് ലൈബ്രറികളുടെയും സ്ഥാനത്ത് ഇന്ന് സൈറ്റുകളും ബ്ലോഗുകളും സ്ഥാനമുറപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ മീഡിയകളിലൂടെ പ്രബോധനം നടത്തുന്നതും വിശുദ്ധ ക്വുർആനും തിരുസുന്നത്തും പ്രഖ്യാപിച്ച അതേ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ടാകണം. നന്മയും സദുപദേശവുമായിരിക്കണം ഇവിടെയും മുഖമുദ്ര. സോഷ്യൽ മീഡിയകളിൽ പറ്റുന്ന അബദ്ധം തിരുത്തുക വളരെ പ്രയാസകരമാണ്. കാരണം നിമിഷ നേരംകൊണ്ട് പ്രസിദ്ധപ്പെടുത്തിയ ലേഖനമോ ദൃശ്യ-ശ്രാവ്യ ക്ലിപ്പിംഗുകളോ മറ്റുള്ളവർ അവരുടെ ഡിവൈസുകളിലേക്ക് മാറ്റിയിട്ടുണ്ടാകാം**

സ്വാഭാവികമായും എല്ലാത്തിനുമുണ്ടാകുന്ന ദോഷങ്ങൾ പോലെ ഇവകൊണ്ടും ദോഷങ്ങളുണ്ട്. ഇവയെ ഇരുതല മൂർച്ചയുള്ള വാളിനെ പോലെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്

മറ്റൊരാളുടെ സ്വകാര്യതയിലേക്കുള്ള ഒളിഞ്ഞുനോട്ടമായിവരെ അതു പരിണമിച്ചിട്ടുണ്ട്. മാത്രമല്ല, നിരവധി വർഗീയ കലാപങ്ങൾക്കും സംഘട്ടനങ്ങൾക്കും കൊലപാതകങ്ങൾക്കുമെല്ലാം സോഷ്യൽ മീഡിയകളിലെ ചില പോസ്റ്റുകൾ കാരണമായിട്ടുണ്ട്. പരസ്പര വിദ്വേഷം പടർത്തുന്നതിനും ശത്രുത വെച്ചു പുലർത്തുന്നതിനും വ്യക്തികളെ മോശമായി ചിത്രീകരിക്കാനും അപമാനിക്കാനുമെല്ലാം സോഷ്യൽ മീഡിയകളെ ഉപയോഗിക്കുന്നവരുണ്ട്. സോഷ്യൽ മീഡിയവഴി രാജ്യദ്രോഹക്കുറ്റം ചെയ്ത് ജയിലിലടക്കപ്പെട്ടവരും ഏറെയുണ്ട്.

അതിനാൽതന്നെ മുസ്‌ലിംകളെന്ന നിലയിൽ സോഷ്യൽ മീഡിയ ഉപയോഗിക്കുമ്പോൾ ഇസ്‌ലാമിക മൂല്യങ്ങളനുസരിച്ച് അവയെ കൈകാര്യം ചെയ്യാൻ നാം ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്

സോഷ്യൽ മീഡിയയും ഇന്റർനെറ്റും ഇന്ന് പ്രബോധനരംഗത്തും ഒഴിച്ചുകൂടാനാകാത്ത ഘടകമാണ്. ഇസ്‌ലാമിക പ്രചാരണത്തിന്റെ വേഗത കൂട്ടുന്നതിന് സോഷ്യൽ മീഡിയകൾ വലിയ പങ്കാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഇസ്‌ലാമികാധ്യാപനങ്ങളുടെ ഏത് ഭാഗവും പഠനത്തിനും മനനത്തിനും സാധ്യമാകത്തക്കവിധം ഇന്റർനെറ്റിൽ ഇന്ന് ലഭ്യമാണ്. പുസ്തകങ്ങളുടെയും റഫറൻസ് ലൈബ്രറികളുടെയും സ്ഥാനത്ത് ഇന്ന് സൈറ്റുകളും ബ്ലോഗുകളും സ്ഥാനമുറപ്പിച്ച് കഴിഞ്ഞിട്ടുണ്ട്.

ഈ വലയുടെ വരുതിയിലകപ്പെടാത്ത ഒന്നുമില്ലെന്ന് പറയാം. ഭാഷാവൈവിധ്യമോ വിഷയദാരിദ്ര്യമോ ഒന്നും ഇന്റർനെറ്റിന് മുമ്പിൽ വിലപ്പോവില്ല. വായന അറിയില്ലെന്ന് പറയാനവസരമില്ല ഇവിടെ. അക്ഷരം മുതൽക്കങ്ങോട്ട് ഉയർന്ന ഡിഗ്രി എടുക്കുന്നതിന് വരെ സംവിധാനം നെറ്റിൽ കാണാം. സമയക്കുറവും ഒരു ഒഴിവുകഴിവായി ബോധിപ്പിക്കാനാകില്ല. നടത്തത്തിലും ഇരുത്തത്തിലും കിടത്തത്തിലും എന്തിനേറെ ജോലിക്കിടയിൽപോലും കേൾക്കാനും പഠിക്കാനുമുള്ള സംവിധാനം സൈറ്റുകളിലുണ്ട്. നെറ്റ് സംവിധാനം സാധാരണക്കാർക്കും സമ്പന്നർക്കുമെല്ലാം ഇന്നുണ്ട്. മോബൈലുകളിലെ നെറ്റ് ഉപയോഗം ഇന്ന് സാർവത്രികമാണ്. സോഷ്യൽ മീഡിയകളോട് പുറംതിരിഞ്ഞ് നിൽക്കുന്നത് അജ്ഞതയിലേക്കുള്ള തിരിച്ചുപോക്കാവും.

സൈറ്റുകളും ബ്ലോഗുകളും മാത്രമല്ല ഫേസ്ബുക്കും യൂറ്റ്യൂബുമെല്ലാം ഇസ്‌ലാമിക പ്രബോധനത്തിന് ഉപയോഗപ്പെടുത്തപ്പെടുന്നുണ്ട്.

ഇക്കാരണത്താൽ തന്നെ പാശ്ചാത്യലോകം ഇസ്‌ലാമിന്റെ ഈ ജാഗരണത്തെ ഭയപ്പാടോടുകൂടിയാണ് നോക്കിക്കാണുന്നത്. സത്യത്തിന്റെ പിറവി അസത്യങ്ങളുടെയും അധർമങ്ങളുടെയും തിളക്കം കെടുത്തുമല്ലോ.

സോഷ്യൽ മീഡിയകളിലൂടെ പ്രബോധനം നടത്തുന്നതും വിശുദ്ധ ക്വുർആനും തിരുസുന്നത്തും പ്രഖ്യാപിച്ച അതേ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ടാകണം. നന്മയും സദുപദേശവുമായിരിക്കണം ഇവിടെയും മുഖമുദ്ര. സോഷ്യൽ മീഡിയകളിൽ പറ്റുന്ന അബദ്ധം തിരുത്തുക വളരെ പ്രയാസകരമാണ്. കാരണം നിമിഷ നേരംകൊണ്ട് പ്രസിദ്ധപ്പെടുത്തിയ ലേഖനമോ ദൃശ്യ-ശ്രാവ്യ ക്ലിപ്പിംഗുകളോ മറ്റുള്ളവർ അവരുടെ ഡിവൈസുകളിലേക്ക് മാറ്റിയിട്ടുണ്ടാകാം.

പ്രതികരണത്തിന് വേദിയുണ്ടെന്നത് (കമന്റ് കോളം) ഇതിന്റെ ഒരു ഉപകാരമാണ്. നന്മ കൽപിക്കാനും തിന്മ വിരോധിക്കാനുമുള്ള നമ്മുടെ ബാധ്യതാനിർവഹണത്തിനും ഇത് അവസരം നൽകുന്നു. ഗ്രൂപ്പ് മെയിലുകളിലോ ഫേസ്ബുക്ക് പോലെയുള്ള കൂട്ടായ്മകളിലോ ഷെയർ ചെയ്യാലാകട്ടെ ഏതൊരു സന്ദേശവും അതിവേഗം പ്രചരിപ്പിക്കപ്പെടുന്നു. ■




# പഠനം, ജോലി, കരിയർ;
## പരിഹരിക്കപ്പെടേണ്ട ചില സാമൂഹ്യ പ്രശ്നങ്ങൾ

അലി ചെമ്മാട്
: 94951 83332

കൂട്ടിലടച്ച പഞ്ചവർണക്കിളി; അതിന് പാലും പഴവും പരിഗണനയും മനുഷ്യൻ നൽകുന്നു. ഒരു കുഞ്ഞിനെപ്പോലെ അതിനെ ലാളിക്കും. കിളിക്ക് സ്വതന്ത്രമായി പറന്നുനടക്കാനോ ഇരതേടാനോ ഇണചേരാനോ കൂട്ടംകൂടാനോ സാധ്യമല്ല, സ്വാതന്ത്ര്യമില്ല. എന്നാൽ ഈ അടിമത്തവും കൂട്ടിലടക്കപ്പെട്ട അവസ്ഥയും തിരിച്ചറിയാനുള്ള കഴിവ് കിളിക്ക് ഇല്ല. കൂട്ടിനു പുറത്തുള്ള സ്വാതന്ത്ര്യത്തിന്റെ ലോകത്തെക്കുറിച്ച് അതിന് യാതൊരു ധാരണയുമുണ്ടാകില്ല.

എനിക്ക് പരിചയമുള്ള ഒരു പെൺകുട്ടി; അവൾ നന്നായി പഠിക്കും. ഡിഗ്രി രണ്ടാംവർഷ വിദ്യാർഥിനി. ഈ സമയത്താണ് മലയാളത്തിൽ ഏറ്റവും കൂടുതൽ കോപ്പികൾ വിറ്റഴിക്കുന്ന ഒരു പത്രം ടിവി ചാനൽ തുടങ്ങുന്നത്. സുന്ദരിയായ അവൾക്ക് ചാനലിൽ അവതാരികയായി ജോലി കിട്ടി. കുട്ടി അതോടെ പഠനം ഉപേക്ഷിച്ചു, ജോലിയിൽ പ്രവേശിച്ചു. ഒന്നൊന്നര വർഷത്തോളം നല്ല അവതാരികയായി ജോലി ചെയ്തു. അപ്പോഴേക്കും പുതിയ ആളെ നിയമിച്ചു. ആ കുട്ടിയുടെ ജോലിയും പോയി.

ഈ കുറിപ്പ് എഴുതുന്നതിനു തൊട്ടുമുമ്പ് ലോകത്തിലെ വ്യത്യസ്ത ഭാഗങ്ങളിലെ വിമാന കമ്പനികളിലെ ക്യാബിൻ ക്രൂകളുടെ യൂണിഫോമിനെക്കുറിച്ചറിയാൻ ഗൂഗിളിൽ സെർച്ച് ചെയ്തു. ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, പാക്കിസ്ഥാൻ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിലെ എയർ ഹോസ്റ്റസുകൾക്ക് മുട്ടിനു താഴെ മറയുന്ന സാരി, ചുരിദാർ തുടങ്ങിയ വേഷങ്ങളാണുള്ളത്. എന്നാൽ മിഡിൽ ഈസ്റ്റ് മുതൽ അമേരിക്ക, യൂറോപ്പ്, കാനഡ, ജപ്പാൻ, സൗത്ത് ആഫ്രിക്ക, തുർക്കി, എത്യോപ്യ തുടങ്ങി ഒട്ടുമിക്ക രാജ്യങ്ങളിലും എയർഹോസ്റ്റസുകൾക്ക് മിനി സ്കർട്ടും ടോപ്പും ആണ് വേഷം. അപൂർവം ചിലയിടങ്ങളിൽ പാന്റ്സ് ധരിക്കാൻ അനുവാദമുണ്ട്. ഈജിപ്ത് എയറിൽ അടുത്തകാലത്താണ് അവർക്ക് തല മറയ്ക്കാൻ അനുവാദം ലഭിച്ചത്. ലോകത്ത് ഒന്നാകെ സ്റ്റീവാർഡിന് മുൻകൈയും മുഖവും ഒഴികെയുള്ള പൂർണ ഹിജാബും! (ഇവരുടെ പണിയോ? യാത്രക്കാർക്ക് ഭക്ഷണവും മദ്യവും വിളമ്പലും!) കസ്റ്റമർ ഡീൽ മേഖലയിൽ ജോലി ചെയ്യുന്ന മഹാഭൂരിപക്ഷം സ്ത്രീപുരുഷന്മാരുടെ ഡ്രസ്സ്കോഡ് ഇങ്ങനെ തന്നെ.

മിക്ക കമ്പനികളിലും ഓഫീസുകളിലും -പ്രത്യേകിച്ച് യൂറോപ്പ് യുഎസ്, മിഡിലീസ്റ്റ് തുടങ്ങിയ രാജ്യങ്ങളിൽ- ഫ്രണ്ട് ഓഫീസിൽ, റിസപ്ഷനിൽ സ്ത്രീകൾ മാത്രമായിരിക്കും ഡ്യൂട്ടിയിൽ ഉണ്ടാവുക. സെക്രട്ടറി, റിസപ്ഷനിസ്റ്റ്, ടെലഫോൺ അറ്റ

ൻഡർ, സ്റ്റെനോ, ടെലിമാർക്കറ്റിംഗ് തുടങ്ങി വ്യത്യസ്ത ഓമനപ്പേരുകളിൽ സ്ത്രീകൾ ജോലി ചെയ്യുന്നു. നമ്മുടെ ഗ്രാമങ്ങളിൽ പോലും പ്രധാന സൂപ്പർമാർക്കറ്റുകളിലും ടെക്സ്റ്റൈൽസുകളിലും സ്വർണക്കടകളിലും മറ്റും കസ്റ്റമറെ സ്വീകരിക്കാൻ ഉടുത്തൊരുങ്ങി നിൽക്കുന്ന സുന്ദരികെള കാണാം. എന്തുകൊണ്ട് ഇവിടെയൊന്നും ഒരു പുരുഷനെ നിയമിക്കുന്നില്ല? ചെറിയ കടകളിൽ പോലും, അതും പുരുഷ കസ്റ്റമേഴ്സ് മാത്രമുള്ള കടകളിൽ, റിസപ്ഷനിൽ എന്തുകൊണ്ട് സ്ത്രീകളെ നിയമിക്കുന്നു? ഇപ്പോൾ കല്യാണങ്ങൾക്കും മറ്റു ഫംഗ്ഷനകൾക്കും ഇവന്റ് മാനേജ്മെന്റ് കമ്പനികളാണ് നമ്മുടെ നാട്ടിൻപുറങ്ങളിൽ പോലും സൗകര്യങ്ങൾ ചെയ്യുന്നത്. ഇത്തരം പരിപാടികളിൽ വീട്ടുകാരോ ഉത്തരവാദപ്പെട്ടവരോ വിരുന്നുകാരെ സ്വീകരിക്കാൻ നിൽക്കാതെ, അതിനായി സുന്ദരികളായ സ്ത്രീകളെ 'പുട്ടിയിട്ട്, പെയിന്റുമടിച്ച്' വേഷംകെട്ടിച്ച് സ്വീകരിക്കാൻ നിർത്തുന്നു. ഒരൊറ്റ പുരുഷ ശിരോമണിയെയും റിസപ്ഷനിൽ കാണാൻ കിട്ടില്ല. എന്തിനധികം പല പൊതുപരിപാടികളിലും പിന്നണിയിലും മുന്നണിയിലും ജോക്കികളായി സ്ത്രീയെ വേഷം കെട്ടിച്ച് എഴുന്നള്ളിക്കുന്നു. സർക്കാർ പരിപാടികളിൽ പോലും ഗസ്റ്റുകളെ സ്വീകരിക്കാൻ സ്ത്രീത്വം ചൂഷണം ചെയ്യപ്പെടുന്നു.

ചാനലുകളിൽ ആങ്കർമാരായി, അവതാരികകളായി വരുന്ന സ്ത്രീകളുടെ ജോലിയുടെ ആയുസ്സ് മിക്കവാറും ഒന്നോ രണ്ടോ വർഷം മാത്രമാണ്. എന്തുകൊണ്ട് ഇവർ പെട്ടെന്ന് പിന്തള്ളപ്പെടുന്നു? പുതുമുഖങ്ങൾ വന്നുകൊണ്ടിരിക്കുന്നു? എന്താണ് ഒന്നോ ഒന്നരയോ വർഷം കഴിയുമ്പോൾ ഈ പെൺകുട്ടികളിൽ ഉണ്ടാകുന്ന ഡിസ്കോളിഫിക്കേഷൻ? എന്തുകൊണ്ട് അവൾ പുറത്താക്കപ്പെടുന്നു? ഇക്കാര്യം ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? പുതുമുഖങ്ങളാണ് കാഴ്ചക്കാർക്ക് ദർശനസുഖം നൽകുക; അല്ലാതെ വേറെ ഒന്നുകൊണ്ടുമല്ല. ഇവിടെ പെൺസൗന്ദര്യത്തെ, പെൺശരീരത്തെ വിൽപനച്ചരക്കാക്കുകയാണ്. കസ്റ്റമേഴ്സിനെ ആനന്ദിപ്പിക്കാൻ സ്ത്രീ സൗന്ദര്യത്തെ ഉപയോഗപ്പെടുത്തുകയാണ്; മറ്റൊന്നുമല്ല ലക്ഷ്യം.

ഈ കുറിപ്പെഴുതാൻ ഉണ്ടായ പ്രചോദനം അടുത്ത ദിവസങ്ങളിലായി വന്നുകൊണ്ടിരിക്കുന്ന വാർത്തകളും കുറച്ചുകാലമായി നമ്മുടെ നാടുകളിൽ നടമാടിക്കൊണ്ടിരിക്കുന്ന സംഭവങ്ങളും സാമൂഹ്യ മാറ്റങ്ങളുമാണ്. ഇപ്പോൾ ജെൻഡർ ന്യൂട്രൽ ഡ്രസ്സ് കോഡ് ആണ് ഒരു ചർച്ചാ വിഷയം. ബാലുശ്ശേരി സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പാന്റ്സും ഷർട്ടും യൂണിഫോം ആയി തീരുമാനിച്ചു. അതിനോട് സമ്മിശ്ര പ്രതികരണങ്ങളും ഉണ്ടായി. ഈ ചർച്ചയ്ക്കിടെ ഒരു മലയാളം വാർത്താ ചാനൽ ഒരു ആൺകുട്ടിയെ ഇന്റർവ്യൂ ചെയ്തു. അവനോട് ഈ ഡ്രസ്സ് കോഡിനെക്കുറിച്ച് അവതാരിക ചോദിച്ചു. അവൻ ജെൻഡർ ന്യൂട്രൽ ഡ്രസ്സ് കോഡിനെ വാനോളം പുകഴ്ത്തി. അവതാരകയുടെ അടുത്ത ചോദ്യം; 'ഇതിപ്പോൾ പെൺകുട്ടികൾ പാന്റ്സും ഷർട്ടും ധരിക്കുന്ന ജെൻഡർ ന്യൂട്രൽ ആണല്ലോ. താങ്കൾ ചുരിദാർ ധരിക്കുമോ, അല്ലെങ്കിൽ സ്കേർട്ടും ടോപ്പും ധരിക്കുമോ?' ആദ്യം അവനാകെ ചൂളിപ്പോയി. ഉടനെ അവനിലെ 'പുരുഷ സ്വത്വം' ഉണർന്നെണീറ്റു. 'ഇല്ല, ഇല്ലില്ല, പറ്റില്ല,.. അതെങ്ങനെ പറ്റും?' അവൻ ആ ചോദ്യം ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല.

ഈ ചോദ്യം സ്ത്രീയുടെ ഉടുക്കാനുള്ള സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന, അതിനെ ന്യായീകരിക്കുന്ന 'അവൻമാരോടും' നമുക്ക് ചോദിക്കാം. അവൾ എന്താകണമെന്ന്, അവൾ എന്ത് ധരിക്കണമെന്ന്, അവൾ എവിടെ പോകണം, എന്ത് പറയണം, എന്ത് ജോലി ചെയ്യണം എന്നെല്ലാം 'അവൻമാർ' തീരുമാനിക്കും. അവളുമാർ അടിമകളെപ്പോലെ അനുസരിക്കും. ആ അടിമത്തം സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമായി അവൾ ആഘോഷിക്കും; കൂട്ടിലടക്കപ്പെട്ട പഞ്ചവർണക്കിളിയെ പോലെ. എന്നിരുന്നാലും ഇസ്‌ലാം സ്ത്രീക്ക് നിർബന്ധമാക്കിയ ഡ്രസ്സ് കോഡിനെ അടിമത്തത്തിന്റെ അടയാളമായി ചിത്രീകരിക്കാൻ ഇവർ മുന്നിലുണ്ടാവുകയും ചെയ്യും.

സ്ത്രീക്ക് യോജിക്കാത്ത വേഷം അവളെ കെട്ടിക്കുന്ന, അവളെ ഭാവിയിൽ മാർക്കറ്റിംഗിൽ ഉപയോഗപ്പെടുത്താൻ പറ്റുന്ന രീതിയിൽ സ്കൂളിൽ നിന്നുതന്നെ പാകപ്പെടുത്തിയെടുക്കുന്ന, അവളെ അവൾക്കെതിരാക്കി മസ്തിഷ്ക പ്രക്ഷാളനം നടത്തിയെടുക്കാനുള്ള ഗൂഢതന്ത്രം മാത്രമാണ് ജെൻഡർ ന്യൂട്രൽ ഡ്രസ്സ് കോഡിന്റെന ലക്ഷ്യവും ഒളിയജണ്ടയും. സ്ത്രീ 'പെണ്ണാ'കാൻ എന്തുടുക്കണമെന്ന് പുരുഷന് നന്നായറിയാം...!

ഇതിനെക്കുറിച്ച് ആരും ചർച്ചചെയ്യുന്നത് കേൾക്കുന്നില്ല. എന്തുകൊണ്ട്? നാം ജീവിക്കുന്നതും ഈയൊരു ബ്രെയിൻവാഷ് ചെയ്യപ്പെട്ട സമൂഹത്തിൽ തന്നെയാണല്ലോ. നമ്മൾ എന്ത് ചിന്തിക്കണം, എന്ത് പറയണം, എങ്ങനെ പ്രതികരിക്കണം എന്നും അവർ പഠിപ്പിച്ചുതരും. അതിനപ്പുറത്തേക്ക് ചിന്തിക്കാനോ പ്രതികരിക്കാനോ പറയാനോ നമു



ക്കറിയില്ല, അതാണ് യാഥാർഥ്യം. 'നമുക്കെതിരായ എല്ലാ വിപ്ലവങ്ങളും നാം തന്നെ നയിക്കും'-തിയോഡർ ഹെർസനലിന്റെ ഈ വചനം ഇതിനോട് ചേര്‍ത്ത് വായിക്കുക.

ഇത്തരം മസ്തിഷ്‌ക പ്രക്ഷാളന പരിപാടികളുടെ പ്രചാരകരായി നമ്മിൽ പലരും അറിഞ്ഞോ അറിയാതെയോ മാറുന്നുണ്ട്. കേരളത്തിലെ ഒരു പ്രമുഖ വിദ്യാർഥി സംഘടനയുടെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടന്ന, ഗവേഷണ വിദ്യാർഥികൾക്ക് മാർഗനിർദേശം നൽകാനുള്ള സെമിനാറിൽ ആശംസകൾ അർപ്പിക്കാനായി പങ്കെടുത്ത, മലപ്പുറം ജില്ലയിലെ ഒരു വനിതാ കോളേജിന്റെ പ്രിൻസിപ്പൽ, ആ സെമിനാറിൽ അദ്ദേഹത്തിന്റെ ആശംസാപ്രസംഗത്തിൽ പെൺകുട്ടികളെ പ്രത്യേകം അഡ്രസ്സ് ചെയ്യവെ, 'കുട്ടികളേ, നിങ്ങൾ ഡിഗ്രിയും പിജിയും പിഎച്ച്ഡിയും കഴിഞ്ഞ് എന്തെങ്കിലും ജോലി കിട്ടാതെ വിവാഹത്തിന് സമ്മതിക്കരുത്' എന്ന നിരുത്തരവാദപരമായ, നെഗറ്റീവായ ഒരു നിർദേശം നൽകുകയുണ്ടായി. ആ പരിപാടിയിൽ മലയാളത്തിലെ പ്രമുഖ എഴുത്തുകാരനും ഗവേഷണ വിദ്യാർഥികൾക്ക് സ്റ്റഡി മെറ്റീരിയൽസും മാർഗനിർദേശങ്ങളും നൽകുന്ന വളരെ പ്രമുഖനുമായ, അത്തരം വിഷയങ്ങളിൽ അന്താരാഷ്ട്ര തലത്തിൽ സെമിനാറുകളും ചർച്ചകളും പഠനങ്ങളും നയിക്കുന്ന എന്റെ സുഹൃത്തായ അക്കാദമിക്കൽ പ്രൊഫഷണലിസ്റ്റിന് ഒരു പ്രസന്റേഷൻ അവതരിപ്പിക്കാൻ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തെ കാണാൻ ഞാനും അതിൽ പങ്കെടുത്തിരുന്നു. അദ്ദേഹത്തിനായിരുന്നു ആദ്യ പ്രസന്റേഷൻ അവതരിപ്പിക്കാനുള്ള അവസരം. അദ്ദേഹത്തിന്റെ പ്രസന്റേഷൻ അവതരിപ്പിക്കുന്നതിനു മുമ്പേ അദ്ദേഹം പറഞ്ഞത് 'നിങ്ങൾ സാറിന്റെ നിർദേശം ജീവിതത്തിൽ പാലിച്ചു നിങ്ങളുടെ ജീവിതം തുലക്കരുത്' എന്നായിരുന്നു. 'വിവാഹവും കുടുംബജീവിതവും പഠനവും ജോലിയും ഒരുമിച്ചു കൊണ്ടുപോകണം' എന്നായിരുന്നു.

കുടുംബമാണ് പ്രധാനം. അത് കഴിഞ്ഞേ ഉപരിപഠനവും ജോലിയും കരിയറുമുള്ളൂ. ജീവിതത്തിൽ തീർച്ചയായും മുൻഗണനാക്രമം പാലിക്കണം. ഈ പ്രിൻസിപ്പളിനെ പോലെയുള്ള അധ്യാപകരിൽനിന്നും വിദ്യാഭ്യാസ, പൊതു പ്രവർത്തകരിൽനിന്നും കിട്ടുന്ന നിർദേശങ്ങൾ കുട്ടികളെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. അത്തരം ആളുകൾ അറിഞ്ഞോ അറിയാതെയോ മറ്റാരുടെയോ നാവായി, വക്താക്കളായി, പ്രചാരകരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ഇതൊരു വലിയ ദുരന്തമാണ്. മറ്റൊരു അനുഭവം കൂടി പറയാം.

ഒരു പെൺകുട്ടി; എസ്എസ്എൽസി കഴിഞ്ഞു പ്ലസ് ടു സയൻസ് കോഴ്‌സിനു ചേർന്നു. ഒരുകൊല്ലം എൻട്രൻസ് കോച്ചിംഗിനു പോയി. എൻട്രൻസ് കിട്ടിയില്ല. അവളോട് അവളുടെ പിതാവ് ഡിഗ്രിക്ക് പോകാൻ നിർദേശിച്ചു. ഇംഗ്ലീഷ് ലിറ്ററേച്ചർ പഠിക്കാൻ പറഞ്ഞു. കുട്ടി സമ്മതിച്ചില്ല. അവൾ കമ്പ്യൂട്ടർ സയൻസിൽ മൂന്നു കൊല്ലത്തെ പോളി ഡിപ്ലോമ ചെയ്തു. കോഴ്‌സ് കഴിഞ്ഞശേഷം അവളുടെ കല്യാണവും കഴിഞ്ഞു. ആ കോഴ്‌സ് ചെയ്തു എന്നല്ലാതെ അവൾക്ക് ജോലി ചെയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. പ്രൊഫഷണൽ കോഴ്‌സിന് പകരം അവളുടെ പിതാവ് പറഞ്ഞപോലെ അവൾ ഇംഗ്ലീഷ് ഡിഗ്രി എടുത്തിരുന്നെങ്കിൽ അവൾക്ക് അതിൽ പ്രാവീണ്യം നേടാനും തുടർപഠനം നടത്താനും സാധ്യമാകുമായിരുന്നു. ആ അറിവ് തന്റെ മക്കൾക്ക് പകർന്നുകൊടുക്കാനും കഴിയുമായിരുന്നു. അവൾ പിതാവിനോട് പറഞ്ഞു: 'എന്റെ അധ്യാപകർ പറഞ്ഞു വഴിതെറ്റിച്ചത് കൊണ്ടാണ് ഞാൻ പ്രൊഫഷണൽ കോഴ്‌സിന് മുതിർന്നത്. അന്ന് അങ്ങ് പറഞ്ഞതുപോലെ ഇംഗ്ലീഷ് പഠിച്ചിരുന്നെങ്കിൽ, അല്ലെങ്കിൽ മറ്റേതെങ്കിലും സയൻസ് ഡിഗ്രി പഠിച്ചിരുന്നെങ്കിൽ, ഹിസ്റ്ററി പഠിച്ചിരുന്നെങ്കിൽ എനിക്കൊരുപാട് അറിവുനേടാൻ സൗകര്യമുണ്ടാകുമായിരുന്നു. ഇന്ന് ഞാനതിൽ ഖേദിക്കുന്നു,..'

ഇത് നമ്മുടെയെല്ലാം കുടുംബങ്ങളിലും സമൂഹത്തിലും കാണുന്നതാണ്. എസ്എസ്എൽസി കഴിഞ്ഞ ഒരു കുട്ടിയുടെ ലക്ഷ്യം പ്ലസ് ടു സയൻസ് ഗ്രൂപ്പ് മാത്രമാണ്; പ്രത്യേകിച്ച് പെൺകുട്ടികൾക്ക്. എന്തുകൊണ്ട്? അറിവു നേടുന്നതിന് പകരം ട്രേഡ് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി പണം സമ്പാദിക്കുന്നതിലാണ് വ്യഗ്രത.

രണ്ട് യുവാക്കളുടെ വിവാഹാലോചനയുമായി ബന്ധപ്പെട്ട അനുഭവം പറയട്ടെ. അത്യാവശ്യം സാമ്പത്തികശേഷിയുള്ള കുടുംബം. സ്വന്തം വീടും സ്ഥലവുമുണ്ട്. പയ്യൻമാർക്ക് നല്ല വിദ്യാഭ്യാസവും ജോലിയും. ഇന്നത്തെ ചെറുപ്പക്കാരെ പോലെ ന്യൂജെൻ ഫ്രീക്കന്മാർ അല്ല. പക്വതയുള്ള കുട്ടികൾ. ഒരാൾ എനിക്കറിയാവുന്ന ഒരു കുടുംബത്തിൽ നിന്ന് തന്നെ ബീ-ഫാം പഠിക്കുന്ന പെൺകുട്ടിയെ കല്യാണ അന്വേഷണം നടത്തി. പെൺകുട്ടിയുടെ ഡിമാൻഡ് അവൾക്ക് ജോലിക്ക് പോകണം എന്നതാണ്. മെഡിക്കൽ ഷോപ്പിലെ ജോലി! തന്റെ ഭാര്യയെ ഷോപ്പിൽ ജോലിക്കയക്കാൻ താൽപര്യമില്ലാത്ത ചെറുപ്പക്കാരൻ കല്യാണത്തിൽനിന്ന് പിന്മാറി. മറ്റൊരുത്തൻ എൻജിനീയറാണ്. അവന് പല കല്യാണാലോചനകളും വന്നു. പെൺകുട്ടികൾക്ക് ജോലിക്കു പോണം. മിക്കവാറും കുട്ടികൾ ഡിഫാം, ബിഫാം, ഓഫ്താൽമോളജി, ലാബ് ടെക്‌നീഷ്യൻ തുടങ്ങിയ ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവരാണ്. ഒരാൾക്കും ബേസിക് വിദ്യാഭ്യാസം പോലുമില്ല. കേവലം ഒരു ഡിഗ്രി പോലുമില്ലാത്ത പെൺകുട്ടികൾ; അവർക്കു വേണ്ടത് ജോലിക്ക് പോവുകയാണ്. എന്തുകൊണ്ടാണ് കുട്ടികൾ ഇങ്ങനെ പറയുന്നത്?

ആരാണ് ഇവരെ ഇങ്ങനെ ഡ്രൈവ് ചെയ്യുന്നത്? തീർച്ചയായും നാം അന്വേഷിക്കേണ്ട, ഉത്തരം കണ്ടെത്തേണ്ട ഒരു ചോദ്യം തന്നെയാണിത്.

വിവാഹമോചനങ്ങളും കുടുംബ പ്രശ്നങ്ങളും വിദ്യാഭ്യാസത്തിന്റെ പേരിൽ, തൊഴിലിന്റെ പേരിൽ നടക്കുന്നത് നിത്യസംഭവമായിരിക്കുന്നു. അഭ്യസ്തവിദ്യരുടെ ഇടയിലെ വിവാഹമോചന തോത് കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് പ്രൊഫഷണൽ ലോകത്ത്. അവർക്ക് കുട്ടികൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും പ്രശ്നമല്ല.

ഈയിടെ സാമൂഹ്യബോധവും ഗുണകാംക്ഷയുമുള്ള ഏതാനും ഡോക്ടർമാർ നയിച്ച അബോര്ഷനെ കുറിച്ചുള്ള ഒരു ഓൺലൈൻ ചർച്ച കണ്ടു. അതിൽ പറഞ്ഞ ചില കാര്യങ്ങൾ കേട്ട് ഞെട്ടിപ്പോയി. കേരളത്തിൽ പഠനം, ജോലി, കരിയർ തുടങ്ങിയവയെ ബാധിക്കുമെന്ന് ഭയപ്പെട്ടു സ്വന്തം കുഞ്ഞുങ്ങളെ കൊല്ലാൻ (അബോർഷൻ ചെയ്യാൻ) വരുന്ന മാതാപിതാക്കൾ ധാരാളമുണ്ടത്രെ! സ്വന്തം ജീനിൽ പിറക്കാൻ പോകുന്ന കുഞ്ഞുങ്ങളെ കൊല്ലാൻ യാതൊരു മടിയും സങ്കോചവും ഇല്ലാത്ത അച്ഛനമ്മമാർ! 6-7 ആഴ്ച കഴിയുന്നതോടെ ഭ്രൂണം ഒരു മനുഷ്യനായി വളരാൻ തുടങ്ങും. ഈ മനുഷ്യനെയാണ് നിഷ്ഠൂരം അറുകൊല ചെയ്ത് തള്ളുന്നത്.

ആധുനികതയുടെ വക്താക്കൾ എന്ന ലേബലൊട്ടിച്ചു നടക്കുന്നവർ ചൊല്ലിപ്പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് ഒരു സ്ത്രീയും പുരുഷനും തമ്മിൽ മൂന്നുനാലു വർഷം മാത്രമെ സ്നേഹം നിലനിൽക്കൂ എന്നാണ്. ഇത് പഠിപ്പിക്കപ്പെടുന്ന ഒരു സമൂഹത്തിൽ ഇത്തരം വിവാഹമോചനങ്ങൾ നടക്കുക സ്വാഭാവികമാണ്. എവല്യൂഷനറി ബയോളജി എന്ന് പേരിട്ട്; ശാസ്ത്രം അതാണെന്ന് പറഞ്ഞ് ഇത്തരം കുടുംബകലഹങ്ങൾ ഉണ്ടാക്കുന്ന എഴുത്തുകളും പ്രസംഗങ്ങളും സർവസാധാരണം. ഇതിനോടൊന്നും പ്രതികരിക്കാൻ ഒരാളും തയ്യാറുമല്ല. ലിബറലിസം, ജനാധിപത്യം, വ്യക്തിസ്വാതന്ത്ര്യം, സ്വതന്ത്രചിന്ത എന്നീ പല പേരുകളിൽ കുടുംബം കലക്കികൾ, അധാർമികതാ പ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സമൂഹത്തിന് വേണ്ട മാർഗനിർദേശങ്ങൾ നൽകാൻ മത, സാംസ്കാരിക, രാഷ്ട്രീയ നേതാക്കൾ തയ്യാറുമല്ല. അല്ലെങ്കിൽ പ്രാപ്തരല്ല, അതുമല്ലെങ്കിൽ അത് സമൂഹ പോതുബോധത്തിനെതിരാകുമെന്ന ഭയം. അഥവാ ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അത് വളരെ പരിമിതം. ചെയ്താൽ ക്രൂശിക്കപ്പെടുകയും ചെയ്യും. കുറെ ഉദാഹരണങ്ങൾ പറഞ്ഞത് നമ്മുടെ സമൂഹത്തിന്റെ നേർചിത്രം മനസ്സിലാക്കാൻ വേണ്ടിയാണത്. ഇത് ഏതെങ്കിലും മതവിഭാഗങ്ങളിലോ പ്രത്യേക മതത്തിലോ സമൂഹത്തിലോ മാത്രം അനുഭവപ്പെടുന്ന വിഷയങ്ങളല്ല.

ഇന്ന് ഫാമിലി കൗൺസിലിംഗ് ആധുനിക വ്യവസായമാണ്. അധികം മൂലധനം ആവശ്യമില്ലാത്ത വ്യവസായം! അത് ഇന്നേറെ ആവശ്യമായി മാറിയിട്ടുണ്ട്. കാരണം അത്രയ്ക്ക് പ്രശ്നസങ്കീർണമാണ് കുടുംബ ജീവിതങ്ങൾ. മദ്യവും മയക്കുമരുന്നും ആധുനികതയോടുള്ള ഭ്രമവും യുവതയെ പ്രശ്നവത്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് അവരെ അധോഗതിയിലേക്കാണ് തള്ളിവിടുന്നത്.



നമ്മുടെ കേരളവും കുറച്ചു കാലം കഴിഞ്ഞാൽ യൂറോപ്പിലെയും അമേരിക്കയിലെയും പോലെ കെട്ടുറപ്പില്ലാത്ത, സിംഗിൾ പാരന്റിംഗ് ഉള്ള, പിതാവാരെന്ന് അറിയാത്ത മക്കൾ ജീവിക്കുന്ന നരകമായി മാറാൻ സാധ്യതയുണ്ട്. വളരെ അപകടകരമായ ഭാവിയിലേക്കാണ് കാര്യങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. കല്യാണം കഴിച്ച ഭർത്താവ് ഫ്രീക്കൻ അല്ല എന്ന പേരിൽ വിവാഹമോചനം നേടുന്ന പെൺകുട്ടികൾ ഉള്ള നാട്! അവൾ കമ്പനിക്ക് പറ്റില്ല, സുഹൃത്തുക്കളോട് കമ്പനിക്ക് കൊള്ളില്ല, ഗ്ലാമർ ഇല്ല, ലിബറൽ അല്ല എന്നൊക്കെ പറഞ്ഞു വിവാഹമോചനം നേടുന്ന യുവാക്കളുള്ള നാട്. ഈ സമൂഹം എങ്ങോട്ട് പോകുന്നു? സഗൗരം ചിന്തിക്കുക. നമ്മുടെ സമൂഹം ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സ്ത്രീ ശാക്തീകരണം എന്ന പേരിൽ സ്ത്രീവിരുദ്ധതയാണ് സർക്കാറുകളും ഫെമിനിസ്റ്റുകളും എൻജിഒകളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്നതല്ലേ വസ്തുത? ചാരിയാൽ ചാരിയത് മണക്കും എന്ന പഴഞ്ചൊല്ല് ശരിയാണ്. ജീർണിച്ച സമൂഹത്തിൽ ജീവിക്കുമ്പോൾ ആ സമൂഹത്തിന്റെ ജീർണതകൾ എല്ലാവരെയും ബാധിക്കും. അതുതന്നെയാണ് ഇവിടെ സംഭവിക്കുന്നത്. കൂട്ടായ ഇടപെടലുകൾ ഉണ്ടായാൽ ഒരുപാട് പ്രശ്നങ്ങൾ ഇല്ലാതാക്കാൻ കഴിയും.

പെൺകുട്ടികളുടെ പഠനം, ജോലി തുടങ്ങിയ കാര്യങ്ങളോടുള്ള എതിർപ്പല്ല ഈ ലേഖനത്തിന്റെ പ്രതിപാദ്യം. അവർ പഠിക്കട്ടെ, ജോലി ചെയ്യട്ടെ. എന്നാൽ പഠനവും ജോലിയും കുടുംബ ജീവിതത്തിന് വിഘാതമായിക്കൂടാ. പണമുണ്ടായാൽ എല്ലാമായി എന്നത് മൂഢധാരണയാണ്. ■



# കരുതിവെക്കാം; കൈനീട്ടാതിരിക്കാൻ

**നബീൽ പയ്യോളി**
: +966 55 771 0981

വാഹനാപകടത്തിൽ മരിച്ച പ്രവാസി സുഹൃത്തിന് നാട്ടിൽ വീടില്ലെന്ന കാര്യം അദ്ദേഹം മരണപ്പെട്ടപ്പോഴാണ് മറ്റുള്ളവർ അറിഞ്ഞത്. ഉള്ളതുകൊണ്ട് കുടുംബത്തോടൊപ്പം ഗൾഫിൽ ജീവിച്ച ആ സഹോദരൻ ചെറുപ്രായത്തിൽ ഈ ലോകത്തുനിന്നും മടങ്ങി. രണ്ട് കുട്ടികളുമായി മുപ്പത് വയസ്സ് മാത്രം പ്രായമുള്ള ആ സഹോദരി വൈധവ്യത്തിന്റെ കൈപ്പറിഞ്ഞു.

അവധിയാത്രക്ക് എല്ലാം ഒരുക്കിനിൽക്കവെയാണ് സുഹൃത്തായ മറ്റൊരു ചെറുപ്പക്കാരൻ അപകടത്തിൽ മരണമടഞ്ഞത്. വീടുപണി ഏകദേശം പൂർത്തിയായി താമസം മാറാനുള്ള തയ്യാറെടുപ്പിലായിരുന്നു അവൻ.

ജോലിയിൽ സ്ഥലം മാറ്റം ലഭിച്ചതിനാൽ കുടുംബത്തോടൊപ്പം പുതിയ സ്ഥലത്തേക്ക് യാത്രചെയ്യുമ്പോഴാണ് ബേപ്പൂർ സ്വദേശിയും കുടുംബവും അപകടത്തിൽ മരിച്ചത്. വീടുപണി പൂർത്തിയാകുന്നതിനുമുമ്പ് ആ അഞ്ചംഗ കുടുംബം ഒന്നിച്ച് ഈ ലോകത്തോട് യാത്ര പറഞ്ഞു. ഇന്ന് വീടിനടുത്തുള്ള പള്ളിവളപ്പിലെ ഖബ്റ്സ്ഥാനിൽ അവർ അന്തിയുറങ്ങുന്നു.

ഇങ്ങനെ പലരൂപത്തിൽ പ്രതീക്ഷകൾക്കപ്പുറം അല്ലാഹുവിന്റെ വിധി നമ്മെ എപ്പോഴും തേടിയെത്തിയേക്കാം. അതിനെ തടുക്കാൻ ആർക്കും സാധ്യമല്ല. ഭൗതികതയുടെ പളപളപ്പിൽ ലിബറലിസവും പുരോഗമനവാദവും ആധുനികതയും ഒക്കെ പറഞ്ഞു ജീവിതലക്ഷ്യം മറക്കുന്നവർക്ക് മരണമെന്ന യാഥാർഥ്യത്തിന് മുന്നിൽ നിസ്സഹായരായി നിൽക്കാൻ മാത്രമെ സാധിക്കുകയുള്ളൂ. കുടുംബത്തെയും അടുത്ത ബന്ധുക്കളെയും ആശ്വസിപ്പിക്കാൻ വാക്കുകൾ കിട്ടാതെ ഇത്തരം സന്ദർഭത്തിൽ നാം പ്രയാസപ്പെടും. നിസ്സഹായനായി നിൽക്കുന്നവർക്ക് പ്രതീക്ഷയുടെ കിരണങ്ങൾ സമ്മാനിക്കാൻ പരലോക വിശ്വാസവും ഇസ്‌ലാമിക അധ്യാപനങ്ങളും സാധിക്കുന്നു എന്നതാണ് വിശ്വാസിസമൂഹത്തിന് ഏതൊരു പ്രതിസന്ധിഘട്ടങ്ങളിലും സധൈര്യം നിലകൊള്ളാൻ ആത്മവിശ്വാസം നൽകുന്നത്.

നാട്ടിൽനിന്നും ജോലിതേടി വന്ന ഏതാനും മലയാളികളെ കണ്ടപ്പോൾ 'എന്തേ ഈ സന്ദർഭത്തിൽ ഇങ്ങോട്ടു വന്നത്' എന്ന ചോദ്യത്തിന് അവർ നൽകിയ മറുപടി 'നാട്ടിൽ കോവിഡ് മൂലം ജോലിയൊന്നും ഇല്ലാതിരിക്കുമ്പോൾ ഒരവസം കിട്ടി, അങ്ങനെ വന്നു' എന്നായിരുന്നു. ദീർഘകാലമായി പ്രവാസജീവിതം നയിക്കുന്ന ഒരാളോട് 'വർഷം കുറെയായില്ലേ ഇവിടെ, എന്തെങ്കിലും നീക്കിയിരിപ്പുണ്ടോ' എന്ന് ചോദിച്ചപ്പോൾ ചിരിച്ചുകൊണ്ട് അയാൾ പറഞ്ഞത് 'പ്രത്യേകിച്ച് സമ്പാദ്യമൊന്നും ഇല്ല' എന്നാണ്. അസുഖമായി അൽപം പ്രയാസത്തിൽ മാസങ്ങളോളം ആശുപത്രിയിൽ കിടക്കേണ്ടി വന്ന ഒരാളോട് 'നാട്ടിൽ പോകുന്നില്ലേ, ഇവിടെത്തന്നെ നിൽക്കുകയാണോ, എന്തെങ്കിലും വരുമാനമാർഗം നാട്ടിൽ ഉണ്ടോ' എന്ന് ചോദിച്ചപ്പോൾ 'ഇതുവരെ നന്നായി ജീവിച്ചു. ആളുകൾ കാണുമ്പോൾ അത്യാവശ്യം ഉള്ള പ്രവാസിയാണ് എന്ന് തോന്നും, അത് മാത്രമാണ് സമ്പാദ്യം' എന്ന മറുപടിയാണ് ലഭിച്ചത്.

എല്ലാവരുടെയും ജീവിതം അല്ലാഹു നിശ്ചയിച്ച സമയത്ത് അവസാനിക്കും, തീർച്ച. അപ്രതീക്ഷിത മരണങ്ങൾ എന്ന് നാം വിളിക്കുന്ന, അല്ലാഹു നിശ്ചയിച്ച സമയത്തുതന്നെയുള്ള മരണങ്ങളിൽ പലപ്പോഴും കുടുംബം പ്രതിസന്ധിയിൽ അകപ്പെടുന്ന കാഴ്ച നാം കാണാറുണ്ട്. പെട്ടെന്നൊരുദിനം ഗൃഹനാഥൻ ഇല്ലതാകുന്നത് കുടുംബിനിയെ വല്ലാതെ തളർത്തിക്കളയും. കുടുംബത്തിന്റെ എല്ലാ കാര്യങ്ങളും തന്റെ ചുമലിലേക്ക് വരുന്ന സാഹചര്യം, പിഞ്ചുമക്കളുമായി എങ്ങനെ ജീവിതം മുന്നോട്ടുപോകും എന്ന ആശങ്ക, സാമ്പത്തികമായി ഒന്നുമില്ലാത്ത അവസ്ഥ...ഇവയെല്ലാം ഇരുട്ടായി പടർന്നുകയറും.

ജീവിതാവസ്ഥയെ കുറിച്ച് ചോദിക്കുമ്പോൾ

**അതിവേഗം കുതിച്ചുകൊണ്ടിരുന്ന ലോകത്തെ പിടിച്ചുകെട്ടിയാണ് കോവിഡ് വന്നത്. എന്ത് സംഭവിച്ചാലും എന്റെ ജോലിയോ വരുമാനമോ നിലയ്ക്കുകയില്ലെന്ന അമിത ആത്മവിശ്വാസത്തിനേറ്റ അടികൂടിയാണ് കോവിഡ്, ആ പ്രതിസന്ധിയിൽ അകപ്പെടാത്ത ഒരാളും ലോകത്തുണ്ടെന്ന് കരുതുക വയ്യ. അതുകൊണ്ട് തന്നെ ലോകം മുഴുവൻ കരുതിവയ്പിന്റെ പ്രാധാന്യത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇന്ന് ഉള്ളതുകൊണ്ട് ജീവിക്കുക, നാളെയെക്കുറിച്ച് ആലോചിക്കാതിരിക്കുക എന്നതല്ല; നാളേക്കുവേണ്ടി എന്തെങ്കിലും നീക്കിവെക്കുക എന്നതാണ് വിവേകം.**


'ഉള്ളതുകൊണ്ട് ജീവിച്ച് പോകുന്നു, അൽഹംദുലില്ലാഹ്,' 'ബാധ്യതകൾ ധാരാളമുണ്ട്, എന്തു ചെയ്യും എന്നറിയില്ല,' 'അടിച്ചുപൊളി ജീവിതം' എന്നിങ്ങനെ പലർക്കും പലവിധ മറുപടികളാണ് പറയാനുണ്ടാവുക.

സമ്പാദ്യത്തിൽനിന്നും നാളേക്കായി ഒന്നും നീക്കിവയ്ക്കാതെ കിട്ടുന്നതെല്ലാം ഉടനടി ചെലവഴിച്ചു തീർക്കുന്നത് നല്ല കീഴ്‌വഴക്കമല്ല. എത്ര സമ്പാദിക്കാനും ഇസ്‌ലാം നമുക്ക് അനുവാദം നൽകുന്നുണ്ട്; അത് ഹലാലാവണം എന്ന് മാത്രം.

രോഗാവസ്ഥയിലായിരിക്കെ തന്റെ സ്വത്ത് മുഴുവനും അല്ലാഹുവിന്റെ മാർഗത്തിൽ ദാനം ചെയ്യട്ടെ എന്ന് അന്വേഷിച്ച സഅ്ദി(റ)നോട് നബി(സ്വ) 'വേണ്ട' എന്നാണ് മറുപടി നൽകിയത്. എങ്കിൽ പകുതി ദാനം ചെയ്യട്ടയോ എന്നന്വേഷിച്ചപ്പോഴും അവിടുന്ന് വിലക്കി. അവസാനം മൂന്നിലൊരുഭാഗം ദാനം ചെയ്യാനനുവദിച്ച നബി(സ്വ) ശേഷം പറഞ്ഞു: 'തീർച്ചയായും നീ നിന്റെ അനന്തരവകാശികളെ ആളുകൾക്ക് മുമ്പിൽ കൈനീട്ടുന്നവരായി വിട്ടേച്ചു പോകുന്നതിനെക്കാൾ അവരെ ധന്യരാക്കി വിട്ടുപോകുന്നതാണ് നിനക്കുത്തമം'' (ബുഖാരി, മുസ്‌ലിം).

കുടുംബത്തിന് ചെലവഴിക്കുന്നത് ഏറ്റവും ഉൽകൃഷ്ടമായതാണെന്നും ചെലവിന് കൊടുക്കാതിരിക്കുക എന്നത് കുറ്റമാണെന്നുമാണ് ഇസ്‌ലാമിക അധ്യാപനങ്ങൾ നമ്മെ ഉണർത്തുന്നത്.

നബി(സ്വ) പറയുന്നു: "തന്റെ ആശ്രിതർക്ക് ചെലവിനു കൊടുക്കാതിരിക്കുക എന്നതുത



ന്നെ ഒരാൾക്ക് മതിയായ കുറ്റമാണ്'' (മുസ്‌ലിം, അബൂദാവൂദ്).

മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: "ഒരാൾ ചെലവഴിക്കുന്നതിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടമായ ധനം തന്റെ മക്കളടക്കമുള്ള ആശ്രിതർക്ക് ചെലവഴിക്കുന്ന ധനമാണ്'' (മുസ്‌ലിം).

## നീക്കിവെക്കൽ സാധ്യമാണോ?

നീക്കി വെക്കലിനെ കുറിച്ച് പറയുമ്പോൾ എല്ലാവരും പ്രതികരിക്കാറുള്ളത് 'എനിക്ക് അതിന് സാധിക്കുകയില്ല' എന്നാണ്. ജീവിതത്തിൽ ഏതൊരു കാര്യത്തിലും സ്വന്തമായി ഒരു പ്ലാൻ ഉണ്ടായിരിക്കുക എന്നത് അനിവാര്യമാണ്. ബാക്കി അല്ലാഹുവിൽ ഭരമേൽപിക്കുക. അല്ലാഹുവിന്റെ വിധിക്കയനുസരിച്ച് കാര്യങ്ങൾ നടക്കും. അത് ഏതുവിധത്തിലായാലും അതിനോട് സമരസപ്പെടാൻ നമുക്ക് സാധിക്കണം.

കോവിഡ് വരുന്നതിന് ഏതാനും മാസങ്ങൾക്ക് മുൻപ് ഒരു സുഹൃത്ത് അൽപം സംസാരിക്കാനുണ്ടെന്നു പറഞ്ഞ് വന്നു. സാമ്പത്തിക പ്രതിസന്ധിയാണ് ഇടറുന്ന ശബ്ദത്തിൽ അദ്ദേഹം പങ്കുവെച്ചത്. കിട്ടുന്നത് തികയുന്നില്ല, ഭാര്യക്കും ചെറിയ ജോലിയുണ്ടെങ്കിലും ഒന്നും തികയുന്നില്ല. കുടുംബത്തോടൊപ്പം പ്രവാസലോകത്ത് ജീവിക്കാൻ തുടങ്ങിയിട്ട് വർഷമേറെയായി. എന്നാൽ കരുതിയിരിപ്പായി ഒന്നുമില്ല...ഇതായിരുന്നു അദ്ദേഹത്തിന്റെ പരിഭവം.

വഴിയുണ്ട്, വിഷമിക്കേണ്ട എന്ന് പറഞ്ഞു സമാധാനിപ്പിച്ചു. ചെലവുകൾ കൃത്യമായി എഴുതിവെക്കുന്ന ശീലം ഉള്ളയാളായിരുന്നു അദ്ദേഹം. അതുകൊണ്ട് തന്നെ കാര്യം എളുപ്പമായി. എവിടെയൊക്കെ ചെലവ് കുറക്കാൻ സാധിക്കും എന്ന് ആലോചിക്കുക, ഭാര്യയുടെയും അഭിപ്രായവും സഹകരണവും തേടുക, എന്നിട്ട് വൈദ്യുതിബിൽ, വീട്ടുവാടക, വെള്ളത്തിന്റെ പണം എന്നിങ്ങനെ നീക്കിവെക്കുന്ന അനിവാര്യമായ ചെലവിലേക്ക് നീക്കിയിരിപ്പ് എന്ന ഒരു ഇനം കൂടി ചേർക്കുക. അത് ശമ്പളം കിട്ടിയ ഉടനെ ഏതെങ്കിലും ഇടത്തേയ്ക്ക് മാറ്റുക, ചെലവായതായി സ്വന്തത്തെ ബോധ്യപ്പെടുത്തുക. ബാക്കിയുള്ളതുകൊണ്ട് ചെലവുകൾ പ്ലാൻ ചെയ്യുകയും നടത്തുകയും ചെയ്യുക.

ഈ ആഴ്ചയിൽ അവധിക്ക് നാട്ടിലേക്ക് പോകുമ്പോൾ അയാൾ സന്തോഷവാനാണ്. കയ്യിൽ എല്ലാം ചെലവും കഴിഞ്ഞ് അൽപം തുക നീക്കിയിരിപ്പുണ്ട്. 'എനിക്കും സമ്പാദിക്കാൻ കഴിയും എന്ന് ബോധ്യമായി' എന്ന് മനസ്സ് നിറഞ്ഞ് അദ്ദേഹം പറഞ്ഞു. ഇത് വായനക്കാരുമായി പങ്കുവയ്ക്കുന്നത് ശ്രമിച്ചാൽ ഇതൊക്കെ സാധ്യമാണ് എന്ന് ബോധ്യപ്പെടുത്താൻ കൂടിയാണ്.

മനുഷ്യനെ വ്യത്യസ്തമായ അവസ്ഥകളിലാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ട്തന്നെ പാവങ്ങളും പണക്കാരും ഉണ്ടാവുക സ്വാഭാവികം. 'ഞാൻ ഇങ്ങനെയായിപ്പോയി' എന്ന് വിലപിക്കാൻ നമുക്ക് അവകാശമില്ല; അത് അവിവേകമാണ്. ഓരോരുത്തരുടെയും സാമ്പത്തിക സ്ഥിതി അനുസരിച്ച് ജീവിക്കുന്നതിൽ തെറ്റില്ല. വരവിനനുസരിച്ച് ചെലവുണ്ടാവുക എന്നത് സ്വാഭാവികം. എന്നാൽ അമിതവ്യയം അരുത്. ഏതൊരു മനുഷ്യനും തന്റെ പക്കലുള്ള പണം ചെലവഴിക്കാനുള്ള മാനസികാവസ്ഥ വെച്ച് പുലർത്തുന്നവരാണ്; പിശുക്കൻമാർ ഒഴികെ. അതിനാൽ സമ്പാദിക്കാൻ അല്ലെങ്കിൽ നീക്കിവെക്കാൻ ഉദ്ദേശിക്കുന്ന വിഹിതം മറ്റൊരിടത്തേക്ക് മാറ്റുക എന്നതാണ് പ്രായോഗികം. ഇരുപത് വയസ്സ് മുതൽ 35 വയസ്സ് വരെയുള്ളവരിലാണ് പലപ്പോഴും സാമ്പത്തിക അച്ചടക്കമില്ലായ്മ പ്രകടമായി കാണാറുള്ളത്. വലിയ ബാധ്യതകൾ ഇല്ലാത്തതുകൊണ്ട് തന്നെ 'അടിച്ചുപൊളിച്ചു ജീവിക്കുക' എന്നതായിരിക്കും അവരുടെ രീതി. പണം കരുതിവയ്ക്കാനോ നാളെയെക്കുറിച്ച് പ്ലാൻ ചെയ്യാനോ അവർ ശ്രമിക്കാറില്ല. മുപ്പത്തിയഞ്ച് കഴിയുമ്പോൾ ബാധ്യതകൾ പലതും ഇത്തരക്കാരെ വല്ലാതെ നിരാശരാക്കും. ധാരാളം പണം കൈയിൽ വന്നുപോയിട്ടുണ്ട്, എന്നിട്ടും ഒന്നും ബാക്കിയായില്ലല്ലോ എന്ന ഖേദം അവരിൽ നിറയും. പിന്നീടങ്ങോട്ട് ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാനുള്ള ഓട്ടത്തിലായിരിക്കും അവർ.

കൃത്യമായ പ്ലാനിങ്ങിന്റെ അഭാവം നമ്മെ വല്ലാതെ പ്രയാസപ്പെടുത്തും. അവിവേകവും അതിക്രമങ്ങളും ജീവിതത്തിലുടനീളം കരിനിഴൽ വീഴ്ത്തിയേ

ക്കാം. അതുകൊണ്ട് പരമാവധി നേരത്തെതന്നെ പുതു തലമുറക്ക് സാമ്പത്തിക അച്ചടക്കത്തിന്റെയും കരുതിവെക്കലിന്റെയും പ്രാധാന്യത്തെയും ബോധ്യപ്പെടുത്താൻ കുടുംബത്തിനും സമൂഹത്തിനും സാധിക്കേണ്ടതുണ്ട്. ജീവിതം കേവലം കളിതമാശയല്ലെന്നും അത് ബാധ്യതാ നിർവഹണത്തിന്റേത് കൂടിയാണെന്നും അവർ തിരിച്ചറിയണം.

അതിവേഗം കുതിച്ചുകൊണ്ടിരുന്ന ലോകത്തെ പിടിച്ചുകെട്ടിയാണ് കോവിഡ് വന്നത്. എന്ത് സംഭവിച്ചാലും എന്റെ ജോലിയോ വരുമാനമോ നിലയ്ക്കുകയില്ലെന്ന അമിത ആത്മവിശ്വാസത്തിനേറ്റ അടികൂടിയാണ് കോവിഡ്, ആ പ്രതിസന്ധിയിൽ അകപ്പെടാത്ത ഒരാളും ലോകത്തുണ്ടെന്ന് കരുതുക വയ്യ. അതുകൊണ്ട് തന്നെ ലോകം മുഴുവൻ കരുതിവയ്പിന്റെ പ്രാധാന്യത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇന്ന് ഉള്ളതുകൊണ്ട് ജീവിക്കുക, നാളെയെക്കുറിച്ച് ആലോചിക്കാതിരിക്കുക എന്നതല്ല; നാളേക്കുവേണ്ടി എന്തെങ്കിലും നീക്കിവെക്കുക എന്നതാണ് വിവേകം എന്ന് മനസ്സിലാക്കി.

ഈയിടെ എറണാകുളത്തെ ടൗൺ പ്ലാനിങ് ഓഫീസറും പ്രമുഖ വ്യവസായിയും മറ്റുമുള്ള ഒരു ചർച്ച കാണാനിടയായി. അതിൽ ടൗൺ പ്ലാനിങ് എഞ്ചിനിയർ പറഞ്ഞ കാര്യങ്ങൾ ചിന്തനീയമാണ്. സ്വന്തമായി ഒരു വീട് എന്നത് മുൻപ് അനിവാര്യവും അഭിമാനവുമായിരുന്നുവെങ്കിൽ ഇന്ന് വാടക വീടാണ് മിക്കവാറും പ്രിഫർ ചെയ്യുന്നത്. വസ്തുക്കളെ ഉടമപ്പെടുത്തുക എന്നതിൽനിന്ന് സേവനങ്ങളെ ഉപയോഗിക്കുക എന്ന രീതിയിലേക്കാണ് ലോകം മാറിക്കൊണ്ടിരിക്കുന്നത്. എന്തും നമുക്ക് ലഭിക്കും. ബിഎംഡബ്യു കാർവരെ വാടകയ്ക്ക് ലഭിക്കാം. അങ്ങനെ നമ്മൾ ആഗ്രഹിക്കുന്ന എന്തും ഉപയോഗപ്പെടുത്താനുള്ള സർവീസ് ഓറിയന്റഡായി ലോകമിന്ന് മാറിക്കഴിഞ്ഞു. ലക്ഷക്കണക്കിന് രൂപ നിക്ഷേപിക്കേണ്ട അവസ്ഥയിൽനിന്ന് കയ്യിലുള്ള പണമനുസരിച്ച് ആവശ്യമനുസരിച്ച് സേവനങ്ങളെ ഉപയോഗപ്പെടുത്താം എന്ന മാനസികാവസ്ഥയിലേക്കാണ് പുതുതലമുറ മാറിക്കൊണ്ടിരിക്കുന്നത്.

സ്വന്തമായി വീട് നിർമിക്കാൻ നാൽപതോ അമ്പതോ ലക്ഷം രൂപ വേണം; സ്ഥലം വാങ്ങാൻ അതിലധികവും. ഇത്ര വലിയ തുക എന്തിന് ഒരുമിച്ച് നിക്ഷേപിക്കണം? അതുകൊണ്ട് മറ്റെന്തെങ്കിലും വരുമാന മാർഗം ഉണ്ടാക്കി അതിൽനിന്ന് ലഭിക്കുന്ന വരുമാനത്തിൽ വാടകവീട്ടിൽ താമസയ്ക്കാം എന്ന ചിന്തയാണ് പുതുതലമുറയുടേത്. കേരളം പോലുള്ള ജനസാന്ദ്രത കൂടിയ സംസ്ഥാനത്ത് വീടുവയ്ക്കാൻ സ്ഥലം കിട്ടുക എന്നത് വലിയ ബാധ്യതയാണ്. വില്ലകളോ അപ്പാർട്മെന്റുകളോ ആണ് അഭികാമ്യം എന്ന ചിന്തയിലേക്കാണ് പോക്ക്. എന്തായാലും ഓരോരുത്തരുടെയും സാഹചര്യങ്ങൾക്കനുസരിച്ച് പ്ലാൻ ചെയ്യുക. മോഹനവാഗ്ദാ



നങ്ങൾ നൽകി നമ്മെ കുരുക്കാൻ കാത്തിരിക്കുന്ന പലിശ സ്ഥാപനങ്ങളുടെ ചതിയിൽ വീഴാതെ സൂക്ഷിക്കണം. കടം വാങ്ങൽ എളുപ്പമാണ്. എന്നാൽ അത് തിരിച്ചടക്കൽ വലിയ ബാധ്യതയാണ്. അവനവന്റെ വരുമാനത്തിന് താങ്ങാനാവാത്ത സ്വപ്നങ്ങൾ നെയ്യുന്നതും അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതും വലിയ അപകടത്തിലേക്കാണ് കൊണ്ടെത്തിക്കുക.

സർക്കാർ നൽകുന്ന ആനുകൂല്യങ്ങളും വിവിധ ജനക്ഷേമ പദ്ധതികളും ഉപയോഗപ്പെടുത്താൻ മടികാണിക്കേണ്ടതില്ല. അതൊന്നും ആരുടെയും ഔദാര്യമല്ല; രാജ്യത്തെ പൗരന് ലഭിക്കേണ്ട അവകാശമാണ്. നമ്മൾ അടങ്ങുന്ന സമൂഹം സർക്കാരിലേക്ക് അടച്ച നികുതിയിൽ നിന്നുമാണ് അത്തരം പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നത്. അതുകൊണ്ട് അറച്ചുനിൽക്കേണ്ടതില്ല. ദുരഭിമാനത്താൽ മാറിനിൽക്കേണ്ടതില്ല. പഠനത്തിന് സർക്കാർ വിദ്യാലയങ്ങളെയും ചികിൽസക്ക് സർക്കാർ ആശുപത്രികളെയും നമ്മൾ ഉപയോഗപ്പെടുത്തിയാൽ ചെലവ് ഏറെ കുറയ്ക്കാൻ സാധിക്കും.

വരുമാനത്തിനനുസരിച്ച് ചെലവഴിച്ച് ജീവിക്കുവാനും ചെറിയൊരുഭാഗം നാളേക്ക് കരുതിവക്കുവാനും ശീലിക്കണം. അത് കുടുംബത്തോട് നാം ചെയ്യുന്ന ഒരു കാരുണ്യം കൂടിയാണ്. പിശുക്കിനും ധൂർത്തിനും ഇടയ്ക്ക് മധ്യമ നിലപാടിൽ ജീവിക്കുന്നതാണ് വിവേകം; അതാണ് മതം പഠിപ്പിക്കുന്നതും. ''സമ്പത്ത് കാലത്ത് തൈ പത്ത് വെച്ചാൽ ആപത്ത് കാലത്ത് കാ പത്ത് തിന്നാം.''



# ഹുദയ്ബിയ സന്ധിയുടെ നേട്ടങ്ങൾ

മുഹമ്മദ് നബി 53

ഹുസൈൻ സലഫി
: +971 50 634 6963

മുസ്‌ലിംകളുടെ അസ്തിത്വം ക്വുറയ്ശികൾ അംഗീകരിച്ച ആദ്യത്തെ കരാറായിരുന്നു ഇത്. മുസ്‌ലിംകളെ ഇതുവരെ അവർ പരിഗണിച്ചിട്ടില്ലായിരുന്നു. എന്നാൽ ഈ കരാർമുഖേന മുസ്‌ലിംകളുടെ അസ്തിത്വം അംഗീരിക്കുവാൻ അവർ നിർബന്ധിതരായി. ഈ കരാറിന് ശേഷം പത്തു കൊല്ലത്തോളം സമാധാനാന്തരീക്ഷം നിലനിന്നു.

എവിടെയും മുസ്‌ലിംകൾക്ക് സഞ്ചരിക്കാം. ഇസ്‌ലാമിക പ്രബോധനം നടത്താം. ആരും എതിർക്കാനോ തടയാനോ പാടില്ല. ആർക്കും ആരുമായും സഖ്യത്തിലാകാം. എല്ലാറ്റിനും സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടു. അങ്ങനെ മുസ്‌ലിംകൾക്ക് ശാന്തമായി ഇസ്‌ലാമിക പ്രബോധനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചു. ഈ കരാർ എഴുതി രണ്ട് വർഷം ആയപ്പോഴേക്കും മക്ക മുസ്‌ലിംകൾക്ക് കീഴ്പെടുകയുണ്ടായി. ഈ രണ്ട് വർഷം ഇസ്‌ലാമിക പ്രബോധനത്താൽ ഏറ്റവും കൂടുതൽ പേർ ഇസ്‌ലാമിലേക്ക് വരാൻ കാരണമായി. ഇക്കാലയളവിൽ ഉണ്ടായ വളർച്ച അതിനു മുമ്പ് നബി(സ്വ)ക്ക് ലഭിച്ചിട്ടില്ല എന്നാണ് ചരിത്രം പറയുന്നത്. അനുവദിക്കപ്പെട്ട സ്വാതന്ത്ര്യം ഉപയോഗിച്ച് നബി(സ്വ) അയൽനാടുകളിലേക്ക് കത്തുകൾ അയച്ചു. കത്തുകൾ കൊണ്ടുപോയി കൊടുക്കുവാനുള്ള ദൂതന്മാരെ നബി(സ്വ) നിയോഗിച്ചു. രാജാക്കന്മാരെ അവിടുന്ന് ഇസ്‌ലാമിനെക്കുറിച്ച് അറിയിച്ചു. കിസ്‌റാ, ക്വയ്സർ, മുക്വൗക്വിസ് ചക്രവർത്തിമാർ, ബഹ്റൈൻ ഗവർണർ, അബിസീനിയായിലെ രാജാവ് തുടങ്ങിയവർക്കെല്ലാം കത്തയച്ചു. അവിടുത്തെ സ്വതസിദ്ധമായ ശൈലിയിൽ തന്നെയായിരുന്നു കത്ത്. ബിസ്മി കൊണ്ട് തുടങ്ങി. അല്ലാഹുവിന്റെ റസൂലായ മുഹമ്മദിൽ നിന്നുള്ളതാണ് ഇത് എന്ന് അറിയിച്ചു. മുസ്‌ലിമായാൽ നിങ്ങൾക്ക് അല്ലാഹുവിങ്കൽ രക്ഷയുണ്ട്, അതല്ലെങ്കിൽ നിങ്ങൾ നിമിത്തം വഴിപിഴച്ചുപോകുന്നവരുടെ കൂടി പാപഭാരം നിങ്ങൾ വഹിക്കേണ്ടി വരും എന്നതായിരുന്നു കത്തിലെ പ്രധാന സന്ദേശം. അക്കാലത്ത് രാജാക്കന്മാർക്ക് കത്തുകൾ അയക്കുമ്പോൾ എഴുതുന്ന ആളുടെ മുദ്ര വേണ്ടിയിരുന്നു. അതിനാൽ നബി(സ്വ) വെള്ളി കൊണ്ട് ഒരു മോതിരം ഉണ്ടാക്കി. ആ മോതിരത്തിൽ 'മുഹമ്മദുർറസൂലുല്ലാഹ്' എന്ന് ആലേഖനം ചെയ്തിട്ടുണ്ടായിരുന്നു.

അയൽനാടുകളിലേക്ക് അടുക്കാൻ പോലും ഹുദയ്ബിയ സന്ധിക്ക് മുമ്പ് സാധിച്ചിരുന്നില്ല. സിറിയയിലേക്കും റോമിലേക്കും പോകുമ്പോൾ ശത്രുക്കൾ തടയുമായിരുന്നു. ഏത് രാജ്യത്തിലേക്കും പോകുവാൻ മുസ്‌ലിംകൾക്ക് യാതൊരു വഴിയും ഇല്ലായിരുന്നു. ഈ കരാർ മുഖേന ആ തടസ്സങ്ങൾ മുഴുവനും നീങ്ങി.

നബി(സ്വ) അയച്ച കത്തുകൾ ദൂതന്മാരിൽനിന്നും രാജാക്കന്മാർ കൈപ്പറ്റി. വളരെ ബഹുമാനത്തോടെയും ആദരവോടെയും അവർ കത്തുകൾ വായിച്ചു. അനുകൂലമായ പ്രതികരണങ്ങൾ പല രാജാക്കന്മാരിൽനിന്നും ലഭിച്ചു. പലരും ദൂതന്മാരുടെ കൈകളിൽ നബി(സ്വ)ക്കുള്ള സമ്മാനങ്ങൾ കൊടുത്തയച്ചു. എന്നാൽ കത്ത് പരിഗണിക്കാതെ പിച്ചിച്ചീന്തി വലിച്ചെറിഞ്ഞ രാജാക്കന്മാരും ഉണ്ടായിരുന്നു. കിസ്റാ ചക്രവർത്തി നബി(സ്വ)യുടെ പേര് കണ്ടപാടെ ആ കത്ത് പിച്ചിച്ചീന്തി കുപ്പത്തൊട്ടിയിലേക്ക് എറിഞ്ഞു. നബി(സ്വ) ഈ വിവരം അറിഞ്ഞു. നബി(സ്വ) പറഞ്ഞു: 'അവനും പിച്ചിച്ചീന്തപ്പെടുന്നതാണ്.' നബി(സ്വ) വ്യക്തിപരമായ ദേഷ്യം തീർക്കുകയായിരുന്നില്ല ചെയ്തത്. അവിടുന്ന് വ്യക്തിപരമായ യാതൊന്നും രാജാവിനോട് ആവശ്യപ്പെട്ടിട്ടില്ലല്ലോ. അധികാരം ചോദിച്ചായിരുന്നില്ല നബി(സ്വ) കത്തയച്ചിരുന്നത്. ഏതെങ്കിലും രൂപത്തിലുള്ള സാമ്പത്തിക സഹായം നൽകണം എന്ന് അഭ്യർഥിച്ചുകൊണ്ടുള്ള കത്തുമല്ല നബി(സ്വ) അയച്ചത്. മറിച്ച്, മുസ്‌ലിമാകുന്നതിന്റെ പ്രാധാന്യം അറിയിക്കുന്ന ആദർശാധിഷ്ഠിതമായ കത്തായിരുന്നു അത്. ആ കത്ത് കീറിക്കളഞ്ഞ് അവഗണിച്ചത് അല്ലാഹുവിന്റെ റസൂലി(സ്വ)നോടുള്ള വെല്ലുവിളിയായിരുന്നു. അതിനാലാണ് പ്രവാചകൻ(സ്വ) അയാൾക്കെതിരിൽ പ്രാർഥിച്ചത്. ആ പ്രാർഥനക്ക് ശേഷം അധികകാലം അധികാരത്തിന്റെ ഭ്രാന്ത് തലക്ക് പിടിച്ച അഹങ്കാരിയായ ആ ചക്രവർത്തി ജീവിച്ചില്ല. സ്വന്തം മകന്റെ കൈകളാൽ അയാൾ കൊല്ലപ്പെടുകയുണ്ടായി. മകൻ വയറ്റിൽ കത്തി കുത്തിയിറക്കിക്കൊന്ന് പിതാവിൽനിന്നും അധികാരം കൈയടക്കുകയാണുണ്ടായത്.

ഇസ്‌ലാമക പ്രബോധനം നാൾക്കുനാൾ മക്കയിലും മദീനയിലും പരിസര പ്രദേശങ്ങളിലും വ്യാപിക്കാൻ തുടങ്ങി. ശത്രുക്കൾക്ക് ശാന്തമായ അന്തരീക്ഷത്തിൽ ഇസ്‌ലാമിനെപ്പറ്റി പഠിക്കുവാനുള്ള സാഹചര്യം തരപ്പെട്ടു. ഈ കാലയളവിലാണ് ഇസ്‌ലാമിന് എതിരിൽ ശക്തിയായി നിലകൊണ്ടിരുന്ന ഖാലിദ് ഇബ്നുൽ വലീദ്(റ), അംറ് ഇബ്നുൽ ആസ്വ്(റ), ഉഥ്മാൻ ഇബ്നു ത്വൽഹ(റ) മുതലായവർ ഇസ്‌ലാം സ്വീകരിച്ചത്. മാത്രവുമല്ല, ഹുദയ്ബിയ സന്ധിയിൽ ശത്രുപക്ഷത്തു നിന്ന് കരാർ എഴുതിയ സുഹയ്ൽ പോലും ഇസ്‌ലാം സ്വീകരിച്ചു.

ഹുദയ്ബിയ സന്ധിയുടെ കാലത്ത് നബി(സ്വ)യുടെ കൂടെ ആയിരത്തി നാനൂറ് പേരാണ് ഉംറ നിർവഹിക്കാൻ പുറപ്പെട്ടതെങ്കിൽ രണ്ട് വർഷം കഴിഞ്ഞ് മക്കാവിജയ സമയത്ത് നബി(സ്വ)യുടെ കൂടെ ഉംറ നിർവഹിക്കാൻ പുറപ്പെടുമ്പോൾ അവരുടെ എണ്ണം പതിനായിരമായി. അഥവാ, രണ്ട് കൊല്ലം കൊണ്ട് അത്രയും വലിയ മാറ്റം ഇസ്‌ലാം കൈവരിച്ചു.

ഇതോടെ മക്കയിലെ മുശ്‌രിക്കുകളുടെ ശല്യം ഒഴിവായി. കരാറിൽ ഏർപ്പെട്ടതിനാൽ അവർ ഇനി ഉപദ്രവിക്കുവാൻ വരില്ലല്ലോ. ജൂതന്മാരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ ഈ അവസരം മുസ്‌ലിംകൾ നന്നായി ഉപയോഗിച്ചു. അവരിൽ നിന്നുണ്ടാകുന്ന എതിർപ്പുകളെ പ്രതിരോധിക്കുവാനും അവരിലേക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുവാനും ഈ കാലയളവ് മുസ്‌ലിംകൾക്ക് ഒരു തുറന്ന അവസരമായി.

മുസ്‌ലിംകളായി മക്കയിൽനിന്ന് ആരെങ്കിലും മദീനയിലേക്ക്

**ഹുദയ്ബിയ കരാർ എഴുതി രണ്ട് വർഷം ആയപ്പോഴേക്കും മക്ക മുസ്‌ലിംകൾക്ക് കീഴ്പെടുകയുണ്ടായി. ഈ രണ്ട് വർഷം ഇസ്‌ലാമിക പ്രബോധനത്താൽ ഏറ്റവും കൂടുതൽ പേർ ഇസ്‌ലാമിലേക്ക് വരാൻ കാരണമായി. ഇക്കാലയളവിൽ ഉണ്ടായ വളർച്ച അതിനു മുമ്പ് നബി(സ്വ)ക്ക് ലഭിച്ചിട്ടില്ല എന്നാണ് ചരിത്രം പറയുന്നത്. അനുവദിക്കപ്പെട്ട സ്വാതന്ത്ര്യം ഉപയോഗിച്ച് നബി(സ്വ) അയൽനാടുകളിലേക്ക് കത്തുകൾ അയച്ചു. കത്തുകൾ കൊണ്ടുപോയി കൊടുക്കുവാനുള്ള ദൂതന്മാരെ നബി(സ്വ) നിയോഗിച്ചു. രാജാക്കന്മാരെ അവിടുന്ന് ഇസ്‌ലാമിനെക്കുറിച്ച് അറിയിച്ചു. കിസ്റാ, ക്വയ്സർ, മുക്വൗക്വിസ് ചക്രവർത്തിമാർ, ബഹ്റയ്ൻ ഗവർണർ, അബിസീനിയായിലെ രാജാവ് തുടങ്ങിയവർക്കെല്ലാം കത്തയച്ചു.**

വന്നാൽ അവരെ തിരിച്ചയക്കണം എന്നതായിരുന്നല്ലോ ഹുദയ്ബിയ സന്ധിയിലെ ഒരു കരാർ. അതും അവർക്ക് വിനയാകുകയാണ് ഉണ്ടായത്. ഇപ്രകാരം മക്കയിൽനിന്ന് മദീനയിൽ എത്തിയവരെ കരാർ പ്രകാരം നബി(സ്വ) തിരിച്ചയച്ചു. എന്നാൽ അവർ മക്കയിലേക്ക് പോകാതെ മറ്റൊരിടത്ത് താവളമടിച്ചു. അവരുടെ എണ്ണവും കൂടി. മക്കക്കാർ കച്ചവടത്തിനായി പോകുന്ന വഴികളിലായിരുന്നു അവർ താവളമടിച്ചിരുന്നത്. അതിനാൽ മക്കക്കാർ അതുവഴി കച്ചവടത്തിന് പോകുമ്പോൾ കച്ചവടക്കാർ തടയപ്പെട്ടു. അങ്ങനെ അത് അവർക്ക് വലിയ പ്രയാസം ഉണ്ടായി. അവസാനം ഈ കരാർ മാറ്റാൻ വേണ്ടി നബി(സ്വ)യോട് അവർ ആവശ്യപ്പെടുകയും ചെയ്തു.

ഒരിക്കൽ നബി(സ്വ) മദീനയിൽ ആയിരിക്കെ അബൂ ബസ്വീർ(റ) മദീനയിൽ മുസ്‌ലിമായി എത്തി. അദ്ദേഹം മദീനയിലേക്ക് പോകുമ്പോൾ പിന്നിൽ രണ്ടുപേരെ ക്വുറയ്ശികൾ വിട്ടിരുന്നു. അബൂ ബസ്വീറി(റ)നെ മക്കയിലേക്ക് തിരിച്ചുകൊണ്ടുവരാനായിരുന്നു ഇവരെ ക്വുറയ്ശികൾ അയച്ചത്. നബി(സ്വ) അദ്ദേഹത്തോട് മടങ്ങിപ്പോകാൻ നിർദേശിച്ചു. കാരണം, ക്വുറയ്ശികളും മുസ്‌ലിംകളും പരസ്പരം കരാറിലാണല്ലോ ഉള്ളത്. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, മുസ്‌ലിമായി ഞാൻ നിങ്ങളുടെ അടുത്ത് അഭയംതേടി വന്നിട്ടും അവരിലേക്കുതന്നെ എന്നെ തിരിച്ചയക്കുകയാണോ?' നബി(സ്വ) അദ്ദേഹത്തെ സമാധാനിപ്പിച്ചു. തിരിച്ചു പോകാൻ ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹത്തെ തിരിച്ചു കൊണ്ടുപോകാൻ ക്വുറയ്ശികൾ അയച്ച രണ്ടാളുകളുടെ കൂടെ നബി(സ്വ) തിരിച്ചയച്ചു. അങ്ങനെ മൂന്നു പേരും മക്കയിലേക്ക് മടങ്ങി. വഴി മധ്യേ അബൂ ബസ്വീർ കൂടെയുള്ള മുശ്‌രിക്കുകളിൽ ഒരാളെ വാളിനിരയാക്കി. സ്വന്തം ജീവന് വേണ്ടിയുള്ള പ്രതിരോധാവശ്യാർഥമായിരുന്നു അദ്ദേഹം അങ്ങനെ ചെയ്തത്. പന്നീട് ഒരാൾ മാത്രമായി. അയാൾ മദീനയിലേക്ക് ഓടി. മദീനയിൽ എത്തിയാൽ അഭയം ലഭിക്കുമെന്ന പ്രതീക്ഷയായിരുന്നു അയാൾക്ക്. അങ്ങനെ അദ്ദേഹം നബി(സ്വ)യുടെ അടുക്കൽ എത്തി. എന്നിട്ട് അയാൾ പറഞ്ഞു: 'എന്റെ കൂട്ടുകാരൻ വധിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും ഞാനും വധിക്കപ്പെടുന്നതാണ് (രക്ഷിക്കണം).' തൊട്ടു പിന്നിൽ അബൂ ബസ്വീർ(റ) എത്തി. അദ്ദേഹം അല്ലാഹുവിന്റെ റസൂലി(സ്വ)നെ വിളിച്ചു പറഞ്ഞു:

"അല്ലാഹുവിന്റെ പ്രവാചകരേ, അല്ലാഹുവാണെ സത്യം. അല്ലാഹു അങ്ങയുടെ ഉത്തരവാദിത്തം പൂർത്തിയാക്കിയിട്ടുണ്ട്. എന്നെ അവരിലേക്ക് അയക്കുകയും അവരിൽനിന്ന് അല്ലാഹു എന്നെ മോചിപ്പിക്കുകയും ചെയ്തിരിക്കുന്നു." നബി(സ്വ) പറഞ്ഞു: "യുദ്ധം പൊട്ടിപ്പുറപ്പെടുവിക്കുന്നവന്റെ ഉമ്മാക്ക് നാശം. അത് ഇനി ഒരാളായാൽ പോലും (ശരി)." അത് കേട്ടപ്പോൾ അദ്ദേഹത്തിന് നബി(സ്വ) തന്നെ അവരിലേക്കുതന്നെ മടക്കിയയച്ചേക്കുമെന്ന് മനസ്സിലായി. അങ്ങനെ അദ്ദേഹം (മദീനയിൽ നിന്നും) പറപ്പെട്ടു. (ഒരു) കടൽക്കരയിൽ എത്തി. അദ്ദേഹം പറയുന്നു: 'അവരിൽ നിന്ന് രക്ഷപ്പെട്ടിരുന്ന അബൂ ജന്ദൽ (അവിടെയുണ്ട്). അങ്ങനെ അദ്ദേഹം അബൂബസ്വീറിന്റെ കൂടെ ചേർന്നു. ക്വുറയ്ശികളിൽനിന്നും മുസ്‌ലിമായവർ അബൂ ബസ്വീറിന്റെ കൂടെ ചേരുകയല്ലാതെ (അവിടേക്ക്) മടങ്ങാതായി. അങ്ങനെ അവരിൽനിന്ന് ഒരു ചെറുസംഘം സംഘടിച്ചു. അല്ലാഹുവാണെ സത്യം, ക്വുറയ്ശികളിൽനിന്ന് ശാമിലേക്ക് പുറപ്പെട്ട കച്ചവട സംഘങ്ങളെ കുറിച്ച് അവർ കേട്ടിരുന്നില്ല; അവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടല്ലാതെ. അങ്ങനെ അവരെ അവർ വധിക്കുകയും അവരുടെ സമ്പത്ത് അവർ എടുക്കുകയും ചെയ്യും. അപ്പോൾ ക്വുറയ്ശികൾ നബി(സ്വ)യിലേക്ക് ദൂതനെ

ഹുദയ്ബിയ സന്ധിയുടെ കാലത്ത് നബി(സ്വ)യുടെ കൂടെ ആയിരത്തി നാനൂറ് പേരാണ് ഉംറ നിർവഹിക്കാൻ പുറപ്പെട്ടതെങ്കിൽ രണ്ട് വർഷം കഴിഞ്ഞ് മക്കാ വിജയ സമയത്ത് നബി(സ്വ)യുടെ കൂടെ ഉംറ നിർവഹിക്കാൻ പുറപ്പെടുമ്പോൾ അവരുടെ എണ്ണം പതിനായിരമായി. അഥവാ, രണ്ട് കൊല്ലം കൊണ്ട് അത്രയും വലിയ മാറ്റം ഇസ്‌ലാം കൈവരിച്ചു. ഇതോടെ മക്കയിലെ മുശ്‌രിക്കുകളുടെ ശല്യം ഒഴിവായി. കരാറിൽ ഏർപ്പെട്ടതിനാൽ അവർ ഇനി ഉപദ്രവിക്കുവാൻ വരില്ലല്ലോ. ജൂതന്മാരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ ഈ അവസരം മുസ്‌ലിംകൾ നന്നായി ഉപയോഗിച്ചു. അവരിൽ നിന്നുണ്ടാകുന്ന എതിർപ്പുകളെ പ്രതിരോധിക്കുവാനും അവരിലേക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുവാനും ഈ കാലയളവ് മുസ്‌ലിംകൾക്ക് ഒരു തുറന്ന അവസരമായി.

അയച്ചു. അയാൾ അല്ലാഹുവിനെ കൊണ്ടും കുടുംബബന്ധത്തെകൊണ്ടും സംസാരിച്ചു. അങ്ങനെ ആരെങ്കിലും താങ്കളുടെ (നബിയുടെ) അടുത്ത് എത്തിയാൽ അവൻ നിർഭയനാണ്. അങ്ങനെ നബി(സ്വ) അവരിലേക്ക് ഒരു ദൂതനെ അയച്ചു. അപ്പോൾ അല്ലാഹു (ഈ സൂക്തങ്ങൾ) ഇറക്കി:

“അവർക്ക് (ശത്രുക്കൾക്ക്) എതിരിൽ നിങ്ങൾക്ക് വിജയം നൽകിയതിന് ശേഷം അവനാകുന്നു മക്കയുടെ ഉള്ളിൽവെച്ച് അവരുടെ കൈകൾ നിങ്ങളിൽനിന്നും നിങ്ങളുടെ കൈകൾ അവരിൽനിന്നും തടഞ്ഞുനിർത്തിയത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു. സത്യത്തെ നിഷേധിക്കുകയും, പവിത്രമായ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടയുകയും, ബലിമൃഗങ്ങളെ അവയുടെ നിശ്ചിത സ്ഥാനത്തെത്താൻ അനുവദിക്കാത്ത നിലയിൽ തടഞ്ഞുനിർത്തുകയും ചെയ്തവരാകുന്നു അവർ. നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത സത്യവിശ്വാസികളായ ചില പുരുഷൻമാരെയും സത്യവിശ്വാസിനികളായ ചില സ്ത്രീകളെയും നിങ്ങൾ ചവിട്ടിത്തേക്കുകയും, എന്നിട്ട് (നിങ്ങൾ) അറിയാതെ തന്നെ അവർ നിമിത്തം നിങ്ങൾക്ക് പാപം വന്നുഭവിക്കാൻ ഇടയാവുകയും ചെയ്യില്ലായിരുന്നെങ്കിൽ (അല്ലാഹു നിങ്ങളെ ഇരുവിഭാഗത്തെയും യുദ്ധത്തിൽനിന്ന് തടയുമായിരുന്നില്ല). അല്ലാഹു തന്റെ കാരുണ്യത്തിൽ താൻ ഉദ്ദേശിക്കുന്നവരെ ഉൾപ്പെടുത്തേണ്ടതിനായിട്ടാകുന്നു അത്. അവർ (മക്കയിലെ വിശ്വാസികളും സത്യനിഷേധികളും) വേറിട്ടായിരുന്നു താമസിച്ചിരുന്നതെങ്കിൽ അവരിലെ സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷ നാം നൽകുകതന്നെ ചെയ്യുമായിരുന്നു. സത്യനിഷേധികൾ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം- ആ അജ്ഞാനയുഗത്തിന്റെ ദുരഭിമാനം-വെച്ചുപുലർത്തിയ സന്ദർഭം! അപ്പോൾ അല്ലാഹു അവന്റെ റസൂലിന്റെ മേലും സത്യവിശ്വാസികളുടെ മേലും അവന്റെ പക്കൽനിന്നുള്ള മനസ്സമാധാനം ഇറക്കിക്കൊടുത്തു. സൂക്ഷ്മത പാലിക്കാനുള്ള കൽപന സ്വീകരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. (അത് സ്വീകരിക്കാൻ) കൂടുതൽ അർഹതയുള്ളവരും അതിന് അവകാശപ്പെട്ടവരുമായിരുന്നു അവർ. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയുംഅറിവുള്ളവനായിരിക്കുന്നു” (ദുൽഫതഹ് 24-26).

നബി(സ്വ) ഹുദയ്ബിയയിൽ വെച്ച് എഴുതിയ കരാറുകൾ തെറ്റിക്കാതെ നടപ്പിൽ വരുത്തി. നബി(സ്വ) മദീനയിലേക്ക് വരുന്ന



നബി(സ്വ) ഹുദയ്ബിയയിൽ വെച്ച് എഴുതിയ കരാറുകൾ തെറ്റിക്കാതെ നടപ്പിൽ വരുത്തി. നബി(സ്വ) മദീനയിലേക്ക് വരുന്നവരെയെല്ലാം മക്കയിലേക്കുതന്നെ തിരിച്ചുപോകാൻ കൽപിക്കുകയായിരുന്നല്ലോ ചെയ്തിരുന്നത്. അങ്ങനെ തിരിച്ചയക്കുന്ന വിശ്വാസികൾ മക്കക്കാരുടെ പീഡനത്തെ പേടിച്ച് അവിടേക്ക് പോയില്ല. അവർ ഓരോരുത്തരായി ഒരു സ്ഥലത്ത് താവളമടിച്ചു. അവർ ഒരു ചെറു സംഘമായി രൂപപ്പെട്ടു. ഇവർ മക്കയിൽനിന്ന് ശാമിലേക്ക് കച്ചവടത്തിന് വേണ്ടി പോകുന്ന ക്വുറയ്ശികൾക്ക് വലിയ ഭീഷണിയായിപമാറി. മക്കയിൽനിന്ന് മദീനത്തെത്തുന്ന മുസ്‌ലിംകളെ മക്കയിലേക്കുതന്നെ തിരിച്ചയക്കണമെന്ന് കരാർ റദ്ദാക്കിയേ തീരൂ എന്ന് മക്കക്കാർക്ക് തോന്നി. ഇതിനെക്കുറിച്ച് നബി(സ്വ)യോട് ചർച്ച ചെയ്യാൻ അവർ തീരുമാനിച്ചു. അങ്ങനെ ഹുദയ്ബിയയിൽ വെച്ച് ഉണ്ടാക്കിയ ആ കരാർ നീക്കം ചെയ്യപ്പെടുകയുണ്ടായി.

വരെയെല്ലാം മക്കയിലേക്കുതന്നെ തിരിച്ചുപോകാൻ കൽപിക്കുകയായിരുന്നല്ലോ ചെയ്തിരുന്നത്. അങ്ങനെ തിരിച്ചയക്കുന്ന വിശ്വാസികൾ മക്കക്കാരുടെ പീഡനത്തെ പേടിച്ച് അവിടേക്ക് പോയില്ല. അവർ ഓരോരുത്തരായി ഒരു സ്ഥലത്ത് താവളമടിച്ചു. അവർ ഒരു ചെറു സംഘമായി രൂപപ്പെട്ടു. ഇവർ മക്കയിൽനിന്ന് ശാമിലേക്ക് കച്ചവടത്തിന് വേണ്ടി പോകുന്ന ക്വുറയ്ശികൾക്ക് വലിയ ഭീഷണിയായിപമാറി. മക്കയിൽനിന്ന് മദീനത്തെത്തുന്ന മുസ്‌ലിംകളെ മക്കയിലേക്കുതന്നെ തിരിച്ചയക്കണമെന്ന് കരാർ റദാക്കിയേ തീരൂ എന്ന് മക്കക്കാർക്ക് തോന്നി. ഇതിനെക്കുറിച്ച് നബി(സ്വ)യോട് ചർച്ച ചെയ്യാൻ അവർ തീരുമാനിച്ചു. അങ്ങനെ ഹുദയ്ബിയയിൽ വെച്ച് ഉണ്ടാക്കിയ ആ കരാർ നീക്കം ചെയ്യപ്പെടുകയുണ്ടായി.

താൽക്കാലികമായ ഒരു പരാജയം ഒരിക്കലും നിരാശക്ക് കാരണമാകരുത് എന്ന വലിയ ഒരു സന്ദേശം ഇതിലൂടെ ലഭിക്കുന്നുണ്ട്. അല്ലാഹു വിജയം തരാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആരെല്ലാം എന്തെല്ലാം നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കിയാലും അല്ലാഹുവിനോടുള്ള ബാധ്യത നാം നിർവഹിക്കുന്നുണ്ടെങ്കിൽ അത് നമുക്ക് ലഭിക്കുകതന്നെ ചെയ്യുന്നതാണ്; കാത്തിരിക്കേണ്ടിവന്നാലും.

ഹുദയ്ബിയഃ സന്ധി മുഖേന വലിയ വിജയം അല്ലാഹു നബി(സ്വ)ക്ക് സമ്മാനിച്ചു. ആ വിജയം നൽകിയതിന് പറഞ്ഞ ഒരു കാരണം നബി(സ്വ)യുടെ പാപങ്ങൾ പൊറുത്തു കൊടുക്കാൻ വേണ്ടിയാണ് എന്നാണല്ലോ ഉള്ളത്. ഈ സംഭവത്തിന് മുമ്പോ ശേഷമോ അവിടുന്ന് ഏതെങ്കിലും രൂപത്തിലുള്ള ശിക്ഷക്ക് കാരണമാകുന്ന പാപങ്ങൾ ചെയ്തിട്ടുണ്ട് എന്നതല്ല ഈ പറഞ്ഞതിന്റെ വിവക്ഷ. അങ്ങനെ തെറ്റുധരിക്കുവാൻ പാടില്ല. കാരണം, മുഹമ്മദ് നബി(സ്വ) അടക്കമുള്ള എല്ലാ നബിമാരും ആ വിധത്തിലുള്ള പാപങ്ങളിൽനിന്ന് വിശുദ്ധരാകുന്നു. പ്രവാചകന്മാർ മറ്റുള്ളവരെ അപേക്ഷിച്ച് അത്യുന്നത പദവിയിലാണല്ലോ ഉള്ളത്. ആ സ്ഥാനം കണക്കിലെടുത്ത് നോക്കുമ്പോൾ അവരുടെ ആ പദവിക്ക് യോജിക്കാത്ത നിലക്കുള്ള ചെറിയ രൂപത്തിലുള്ള നിസ്സാരമായ അബദ്ധങ്ങൾ അവരിൽനിന്നും സംഭവിക്കുമ്പോഴേക്ക് തന്നെ അല്ലാഹു ഉടനെത്തന്നെ തിരുത്തിക്കൊടുക്കും. അത്തരം ഒരു സംഭവത്തിന് ഉദാഹരണമാണ് സൂറഃ അബസയുടെ തുടക്കത്തിൽ കാണുന്നത്.

ഉപരിസൂചിത വചനങ്ങൾ നബി(സ്വ)ക്ക് അല്ലാഹു നൽകിയ സന്തോഷവാർത്തയായിരുന്നു എന്നതിൽ സംശയമില്ല. എന്നാൽ അതിന്റെ പേരിൽ അവിടുന്ന് മതിമറന്ന് ആനന്ദിച്ചില്ല, അഹങ്കരിച്ചില്ല. കൂടുതൽ കൂടുതൽ അല്ലാഹുവിന് കീഴ്പെടുകയാണ് ചെയ്തത്.

ഈ വിജയം നബി(സ്വ)ക്ക് ഇഹത്തിലും

**താൽക്കാലികമായ ഒരു പരാജയം ഒരിക്കലും നിരാശക്ക് കാരണമാക്കരുത് എന്ന വലിയ ഒരു സന്ദേശം ഹുദയ്ബിയ സന്ധിയിലൂടെ ലഭിക്കുന്നുണ്ട്. അല്ലാഹു വിജയം തരാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആരെല്ലാം എന്തെല്ലാം നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കിയാലും അല്ലാഹുവിനോടുള്ള ബാധ്യത നാം നിർവഹിക്കുന്നുണ്ടെങ്കിൽ അത് നമുക്ക് ലഭിക്കുകതന്നെ ചെയ്യുന്നതാണ്; കാത്തിരിക്കേണ്ടിവന്നാലും.**

പരത്തിലും അല്ലാഹുവിൽനിന്നുള്ള അനുഗ്രഹങ്ങൾ പരിപൂർണമായി നൽകപ്പെടുന്നതിന് വേണ്ടിയായിരുന്നു. അല്ലാഹുവിന്റെ കൽപനക്ക് എതിരായി യാതൊന്നും ചെയ്യാതെ, അവന്റെ കൽപനകൾക്കനുസൃതമായി നീങ്ങിയപ്പോൾ അല്ലാഹു വലിയ സഹായവും അവിടുത്തേക്ക് നൽകുകയായിരുന്നു.

നാം ആർക്കെങ്കിലും താഴ്ന്ന് കൊടുത്തു എന്ന കാരണത്താൽ നമുക്ക് യാതൊന്നും നഷ്ടപ്പെടാനില്ല. അത് മുഖേന അല്ലാഹു അന്തസ്സ് വർധിപ്പിക്കുകയേ ഉള്ളൂ. അതും ഈ സംഭവത്തിൽനിന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. പ്രവാചക ചരിത്രത്തിൽ ഇതിന് എത്രയോ ഉദാഹരണങ്ങൾ നമുക്ക് കാണാനും സാധിക്കും. അതുപോലെ നാം വിനയം കാണിച്ചാൽ അതു മുഖേന അല്ലാഹു നമ്മെ ഉയർത്തുകയും ചെയ്യുന്നതാണ്. അതാണ് നബി(സ്വ)യുടെ ജീവിതം നമുക്ക് അറിയിച്ചു തരുന്നത്.

അല്ലാഹു ഈ വചനങ്ങൾ ഇറക്കിയപ്പോൾ മുസ്‌ലിംകൾക്ക് ഉണ്ടായിരുന്ന വിഷമങ്ങൾ എല്ലാം നീങ്ങി. അവർക്ക് സമാധാനം കൈവന്നു. ക്വുർആൻ വചനം കേട്ടപ്പോഴേക്ക് അവരുടെ മനസ്സ് മാറുകയാണ്. വിഷമം മാറുന്നു...സന്തോഷം കൈവരുന്നു. അവർക്ക് ലഭിച്ച ആ സമാധാനത്തെ ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നത് കാണുക:

"അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കിക്കൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിന് വേണ്ടി. അല്ലാഹുവിന്നുള്ളതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങൾ. അല്ലാഹു സർവജ്ഞനും യുക്തിമാനുമായിരിക്കുന്നു. സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും താഴ്ഭാഗത്തുകൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിത്യവാസികളെന്ന നിലയിൽ പ്രവേശിപ്പിക്കാൻ വേണ്ടിയത്രെ അത്. അവരിൽനിന്ന് അവരുടെ തിന്മകൾ മായ്ച്ചുകളയുവാൻ വേണ്ടിയും. അല്ലാഹുവിന്റെ അടുക്കൽ അത് ഒരു മഹാഭാഗ്യമാകുന്നു" (അൽഫത്ഹ് 4-5).

അബ്ദുർറഹ്മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
: 95444 92089



അധ്യായം: 51

# അദ്ദാരിയാത്ത് (വിതറുന്നവ)

1. ശക്തിയായി (പൊടി) വിതറിക്കൊണ്ടിരിക്കുന്നവ(കാറ്റുകൾ) തന്നെയാണെ സത്യം!
2. (ജല) ഭാരം വഹിക്കുന്ന (മേഘങ്ങൾ) തന്നെയാണെ സത്യം!
3. നിഷ്പ്രയാസം സഞ്ചരിക്കുന്നവ (മേഘങ്ങൾ) തന്നെയാണെ സത്യം!
4. കാര്യങ്ങൾ വിഭജിച്ചുകൊടുക്കുന്നവർ (മലക്കുകൾ) തന്നെയാണെ സത്യം!
5. തീർച്ചയായും നിങ്ങൾക്കു താക്കീത് നൽകപ്പെടുന്ന കാര്യം സത്യമായിട്ടുള്ളത് തന്നെയാകുന്നു.
6. തീർച്ചയായും ന്യായവിധി സംഭവിക്കുന്നതു തന്നെയാകുന്നു.
7. വിവിധ പഥങ്ങളുള്ള ആകാശം തന്നെയാണെ സത്യം!
8. തീർച്ചയായും നിങ്ങൾ വിഭിന്നമായ അഭിപ്രായത്തിലാകുന്നു.
9. (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെട്ടവൻ അതിൽനിന്ന് (ക്വുർആനിൽനിന്ന്) തെറ്റിക്കപ്പെടുന്നു.
10. ഊഹാപോഹക്കാർ ശപിക്കപ്പെടട്ടെ;
11. വിവരക്കേടിൽ മതിമറന്നു കഴിയുന്നവർ.
12. ന്യായവിധിയുടെ നാൾ എപ്പോഴായിരിക്കും എന്ന് അവർ ചോദിക്കുന്നു.
13. നരകാഗ്നിയിൽ അവർ പരീക്ഷണത്തിന് വിധേയരാകുന്ന ദിവസമത്രെ അത്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَٱلذَّٰرِيَٰتِ ذَرْوًا ﴿١﴾

فَٱلْحَٰمِلَٰتِ وِقْرًا ﴿٢﴾

فَٱلْجَٰرِيَٰتِ يُسْرًا ﴿٣﴾

فَٱلْمُقَسِّمَٰتِ أَمْرًا ﴿٤﴾

إِنَّمَا تُوعَدُونَ لَصَادِقٌ ﴿٥﴾

وَٱلسَّمَآءِ ذَاتِ ٱلْحُبُكِ ﴿٧﴾

إِنَّكُمْ لَفِى قَوْلٍ مُّخْتَلِفٍ ﴿٨﴾

يُؤْفَكُ عَنْهُ مَنْ أُفِكَ ﴿٩﴾

قُتِلَ ٱلْخَرَّٰصُونَ ﴿١٠﴾

ٱلَّذِينَ هُمْ فِى غَمْرَةٍ سَاهُونَ ﴿١١﴾

يَسْـَٔلُونَ أَيَّانَ يَوْمُ ٱلدِّينِ ﴿١٢﴾

يَوْمَ هُمْ عَلَى ٱلنَّارِ يُفْتَنُونَ ﴿١٣﴾

ذُوقُوا۟ فِتْنَتَكُمْ هَٰذَا ٱلَّذِى كُنتُم بِهِۦ تَسْتَعْجِلُونَ ﴿١٤﴾
إِنَّ ٱلْمُتَّقِينَ فِى جَنَّٰتٍ وَعُيُونٍ ﴿١٥﴾
ءَاخِذِينَ مَآ ءَاتَىٰهُمْ رَبُّهُمْ ۚ إِنَّهُمْ كَانُوا۟ قَبْلَ ذَٰلِكَ
مُحْسِنِينَ ﴿١٦﴾
كَانُوا۟ قَلِيلًا مِّنَ ٱلَّيْلِ مَا يَهْجَعُونَ ﴿١٧﴾
وَبِٱلْأَسْحَارِ هُمْ يَسْتَغْفِرُونَ ﴿١٨﴾

14. (അവരോട് പറയപ്പെടും:) നിങ്ങൾക്കുള്ള പരീക്ഷണം നിങ്ങൾ അനുഭവിച്ചുകൊള്ളുവിൻ. നിങ്ങൾ എന്തൊന്നിന് ധൃതികൂട്ടിക്കൊണ്ടിരുന്നുവോ അതത്രെ ഇത്.

15. തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും അരുവികളിലുമായിരിക്കും;

16. അവർക്ക് അവരുടെ രക്ഷിതാവ് നൽകിയത് ഏറ്റുവാങ്ങിക്കൊണ്ട്. തീർച്ചയായും അവർ അതിനുമുമ്പ് സദ്‌വൃത്തരായിരുന്നു.

17. രാത്രിയിൽനിന്ന് അൽപഭാഗമെ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ.

18. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു.

1-3). തന്റെ വാക്കുകളിൽ സത്യതപുലർത്തുന്ന അല്ലാഹുവാണ് ഈ മഹത്തായ സൃഷ്ടികളെക്കൊണ്ട് സത്യം ചെയ്ത് പറയുന്നത്. അവയിൽ അല്ലാഹു ധാരാളം നന്മകളും പ്രയോജനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അവന്റെ വാഗ്ദത്തം സത്യമാണ്. 'അദ്ദീൻ' എന്നത് പ്രവർത്തനങ്ങളെ വിചാരണചെയ്യുകയും പ്രതിഫലം നൽകുകയും ചെയ്യുന്ന ദിവസമാണ്. അത് സംഭവിക്കും. അതിൽ അസംഭവ്യതയില്ല. അത് തടുക്കാൻ ഒരാളുമില്ല.

മഹത്ത്വമേറിയവനും സത്യം പറയുന്നവനുമായ അല്ലാഹു ഒരു കാര്യം അറിയിക്കുകയും സത്യം ചെയ്യുകയും അതിൽ വ്യക്തമായ തെളിവും പ്രമാണവും നൽകുകയും ചെയ്യുമ്പോൾ നിഷേധികൾ നിഷേധിക്കുന്നത് എന്തിനാണ്? അവനുള്ള പ്രവർത്തനങ്ങളിൽനിന്ന് തിരിഞ്ഞുകളയുന്നതും എന്തിനാണ്? (ശക്തിയായി വിതറിക്കൊണ്ടിരിക്കുന്നവ തന്നെയാണെ സത്യം). അടിച്ച് വീശുമ്പോൾ വിതറിക്കൊണ്ടിരിക്കുന്ന കാറ്റ്. (ശക്തിയായി വിതറുന്ന) ലോലവും മൃദുലവും ശക്തവും വിറപ്പിക്കുന്നതുമായ. (ഭാരം വഹിക്കുന്നവ തന്നെയാണെ സത്യം). ഇത് കാർമേഘമാണ്. നാടിനും അടിമകൾക്കും ഉപകാരപ്രദമായ ധാരാളം വെള്ളം അവ വഹിക്കുന്നു. (നിഷ്പ്രയാസം സഞ്ചരിക്കുന്നവ തന്നെയാണെ സത്യം). എളുപ്പത്തിൽ സഞ്ചരിക്കുന്ന നക്ഷത്രങ്ങൾ. എന്നിട്ടത് ആകാശത്തെ അലങ്കരിക്കുന്നു. കടലിലെയും കരയിലെയും ഇരുട്ടിൽ അവകൊണ്ട് വഴികണ്ടെത്തുന്നു. അതിനെക്കുറിച്ച് ചിന്തിക്കുന്നതിലൂടെയും പ്രയോജനം ലഭിക്കുന്നു.

4-6. (കാര്യങ്ങൾ വിഭജിച്ച് കൊടുക്കുന്നവൻ തന്നെയാണെ സത്യം). അല്ലാഹുവിന്റെ അനുമതിപ്രകാരം കാര്യങ്ങൾ നിയന്ത്രിക്കുകയും വിഭജിച്ച് കൊടുക്കുകയും ചെയ്യുന്നവരായ മലക്കുകൾ. അവരിൽ ഓരോരുത്തർക്കും അല്ലാഹു ഇഹപര കാര്യങ്ങൾ നിശ്ചയിച്ച് കൊടുക്കുന്നു. അല്ലാഹു നിശ്ചയിച്ചു കൊടുത്ത പരിധി അവർ വിട്ടുകടക്കുന്നില്ല. അതിലൊരു കുറവും വരുത്തുന്നുമില്ല.

7. (വിവിധ പഥങ്ങളുള്ള ആകാശം തന്നെയാണെ സത്യം). മനോഹരമായ പഥങ്ങൾ. അതായത് മണലിലും ഇളംകാറ്റ് ചലിപ്പിക്കുമ്പോൾ കുളങ്ങളിലും കാണുന്ന വൃത്തങ്ങൾപോലെ.

8. (തീർച്ചയായും നിങ്ങൾ) മുഹമ്മദ് നബി (സ്വ)യെ കളവാക്കുന്നവർ. (വിഭിന്നമായ അഭിപ്രായത്തിലാകുന്നു). നിങ്ങളിൽ ചിലർ അദ്ദേഹത്തെക്കുറിച്ച് മാരണക്കാരൻ എന്ന് പറയുന്നു. മറ്റു ചിലർ ഭ്രാന്തനെന്ന് പറയുന്നു. ഇതല്ലാത്ത മറ്റു വ്യത്യസ്തമായ അഭിപ്രായങ്ങളും പറയുന്നു. നിങ്ങളുടെ സംശയത്തെയും പരിഭ്രമത്തെയും ഇത് അറിയിക്കുന്നു; നിങ്ങൾ അസത്യത്തിലാണെന്നതും.

9. (തെറ്റിക്കപ്പെടുന്നവർ അതിൽനിന്ന് തെറ്റിക്കപ്പെടുന്നു). ഈമാനിൽനിന്ന് തെറ്റിയവർ അതിൽനിന്ന് തെറ്റിക്കപ്പെടുന്നു. പ്രമാണങ്ങളിൽനിന്നും ദൃഢബോധ്യം നൽകുന്ന അല്ലാഹുവിന്റെ തെളിവുകളിൽനിന്നും അവരുടെ ഹൃദയം തെന്നിപ്പോകുന്നു. അവരുടെ ശരിയില്ലായ്മക്കും കുഴപ്പത്തിനും തെളിവാണ് അവരുടെ വാക്കിലെ അഭിപ്രായ വ്യത്യാസങ്ങൾ. മുഹമ്മദ് നബി(സ്വ) കൊണ്ടുവന്ന സത്യം അഭിപ്രായഭിന്നതകളില്ലാത്തതാണ്. അവ അന്യോന്യം സത്യപ്പെടുത്തു ന്നു. അതിൽ വൈരുധ്യമോ ഭിന്നതയോ ഇല്ല. അതുതന്നെ അതിന്റെ സത്യതയ്ക്ക് തെളിവാ ണ്. അത് അല്ലാഹുവിന്റെ അടുക്കൽനിന്നാണ്. അല്ലാഹു അല്ലാത്തവരുടെ അടുക്കൽനിന്നായിരുന്നുവെങ്കിൽ അതിൽ ധാരാളം ഭിന്നതകൾ കാണാമായിരുന്നു.

10. അല്ലാഹു പറയുന്നു: (ഊഹാപോഹക്കാരൻ ശപിക്കപ്പെടട്ടെ). അല്ലാഹുവിന്റെ മേൽ കളവ് പറയുന്നവർ, അവന്റെ വചനങ്ങളെ നിഷേധിക്കുന്നവർ, സത്യത്തെ തകർക്കാൻ അസത്യങ്ങളിൽ മുഴുകുന്ന

വർ; അവർ കൊല്ലപ്പെടട്ടെ. അവർ അല്ലാഹുവിന്റെ മേൽ അറിയാത്തത് പറയുന്നു.

11. (വിവരക്കേടിൽ മതിമറന്ന് കഴിയുന്നവരായ) അവിശ്വാസത്തിലും അജ്ഞതയിലും വഴികേടിലും (മതിമറന്ന് കഴിയുന്നവർ).

12. (അവർ ചോദിക്കുന്നു) സംശയത്തിന്റെയും നിഷേധത്തിന്റെയും രൂപത്തിൽ. (എപ്പോഴായിരിക്കും) ഉയിർത്തെഴുന്നേൽപിക്കപ്പെടുക? അതായത് എപ്പോഴാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന്; അത് സംഭവിക്കില്ലെന്ന് വിചാരിച്ചുകൊണ്ട്.

13,14. അവരുടെ അവസ്ഥയെക്കുറിച്ചും ദുഷിച്ച പര്യവസാനത്തെക്കുറിച്ചും നീ ചോദിക്കരുത്. (നരകാഗ്നിയിൽ അവർ പരീക്ഷണത്തിന് വിധേയമാകുന്ന ദിവസമത്രെ അത്). ഉള്ളിലും പുറത്തും ചീത്തയും കൊണ്ട് നടന്നതുനിമിത്തം അവർ ശിക്ഷിക്കപ്പെടുന്നു. അവരോട് പറയപ്പെടും: (നിങ്ങൾക്കുള്ള പരീക്ഷണം നിങ്ങൾ അനുഭവിച്ചുകൊള്ളുക). അതായത് ശിക്ഷയും നരകവും. വഴികേടിലേക്കും നരകത്തിലേക്കും അവരെ എത്തിച്ച പരീക്ഷണങ്ങളിൽ അവർ പരാജയപ്പെട്ടതിന്റെ ഫലമാണത്. (ഇത്) നിങ്ങളെത്തിച്ചേർന്ന ശിക്ഷ. (നിങ്ങൾ എന്തൊന്നിന് ധൃതികാട്ടിക്കൊണ്ടിരിക്കുന്നുവോ അതത്രെ ഇത്). ഇപ്പോൾ നിങ്ങൾ വ്യത്യസ്ത ശിക്ഷകളും ചങ്ങലയും കയ്യാമവും നാശവും കോപവുമെല്ലാം ആസ്വദിച്ചുകൊള്ളുക.

15. സൂക്ഷ്മതപാലിച്ചവരുടെ പ്രതിഫലത്തെയും അതിന് കാരണമായ പ്രവർത്തനങ്ങളെയും കുറിച്ച് അല്ലാഹു പറയുന്നു: (തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർ) ധർമനിഷ്ഠ അവരുടെ അടയാളവും അല്ലാഹുവിനെ അനുസരിക്കൽ അവരുടെ മേൽവസ്ത്രവുമാണ്. (സ്വർഗത്തോപ്പുകളിലും) എല്ലാതരം വൃക്ഷങ്ങളും പഴങ്ങളുമുള്ള. അത് സമാനതകളില്ലാത്തതാണ്. ഇതുപോലുള്ളത് കണ്ണുകൾ കണ്ടിട്ടില്ല. കാതുകൾ കേട്ടിട്ടില്ല. ഒരു മനുഷ്യഹൃദയത്തിലും നിനക്കാത്തത്. (അരുവികളിലും) ആ തോട്ടത്തിന് വെള്ളം ലഭിക്കുന്ന, ഒഴുകുന്നവ. പടപ്പുകൾ അതിൽനിന്ന് കുടിക്കുകയും അത്പൊട്ടിയൊഴുകിക്കൊണ്ടിരിക്കുകയും ചെയ്യും.

16. (അവർക്ക് അവരുടെ രക്ഷിതാവ് നൽകിയത് ഏറ്റുവാങ്ങിക്കൊണ്ട്) സ്വർഗക്കാർക്ക് അവരുടെ രക്ഷിതാവ് അവരുടെ എല്ലാ ആഗ്രഹങ്ങളും എല്ലാ സുഖങ്ങളും നൽകും. അതവർ സംതൃപ്തിയോടെ സ്വീകരിക്കും. അതിനാൽ അവരുടെ കൺകുളിർക്കും. മനസ്സുകൾ സന്തോഷിക്കും. ഒരു മാറ്റത്തെ അവർ ആഗ്രഹിക്കില്ല. ഒരു പകരത്തെ അവർ ആവശ്യപ്പെടില്ല. കൂട്ടിച്ചോദിക്കേണ്ടിവരാത്തവിധം എല്ലാം അവർക്ക് ലഭിച്ചുകഴിഞ്ഞു.

ഒരുപക്ഷേ, ഇത് ഇഹലോകത്തും ധർമനിഷ്ഠ പാലിക്കുന്നവർക്കുള്ള വിശേഷണമാകാം; അവർ അല്ലാഹുവിന്റെ കൽപനാനിർദേശങ്ങൾ എടുക്കുന്നു എന്ന അർഥത്തിൽ. അതായത് ഹൃദയവിശാലതയോടെയും സന്തോഷത്തോടെയും അതവർ സ്വീകരിക്കും. അല്ലാഹുവിന്റെ കൽപനകൾക്ക് കീഴ്പ്പെടും. പൂർണാർഥത്തിൽ അത് നിർവഹിക്കും. വിരോധിച്ചത് ശരിയായ രൂപത്തിൽ ഉപേക്ഷിക്കുകയും ചെയ്യും. നന്ദിയോടെയും കീഴൊതുങ്ങിയും സ്വീകരിക്കേണ്ട ശ്രേഷ്ഠമായ ദാനങ്ങൾതന്നെയാണ് അല്ലാഹുവിന്റെ വിധിവിലക്കുകൾ.

ആദ്യ അർഥമാണ് സന്ദർഭത്തിന് കൂടുതൽ യോജിക്കുന്നത്. ഇഹലോകത്തുള്ള അവരുടെ പ്രത്യേകതകളും പ്രവർത്തനങ്ങളും വേറെ പറയുന്നുണ്ട്. (തീർച്ചയായും അവർ അതിന് മുമ്പ്) സുഖാനുഗ്രഹത്തിലേക്ക് എത്തിയ ഈ സമയത്തിന് മുമ്പ് (സദ്‌വൃത്തരായിരുന്നു). തങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുന്നതിലുള്ള ഇഹ്സാൻ ഇതിൽപെടും.

അതായത് അവനെ കാണുന്നതുപോലെ ആരാധിക്കുക; അവനെ കാണുന്നില്ലെങ്കിലും. തീർച്ചയായും അവരെ അവൻ കാണുന്നു. അല്ലാഹുവിന്റെ അടിമകൾക്കുള്ള 'ഇഹ്സാൻ' എന്നത് ധനംകൊണ്ടോ അറിവ്കൊണ്ടോ സ്വാധീനംകൊണ്ടോ തിന്മ വിരോധിക്കുകയും നന്മ കൽപിക്കുകയും ചെയ്യുന്ന പ്രയോജനങ്ങളും നന്മകളുമാണ്. പുണ്യത്തിന്റെ മാർഗങ്ങളിൽ മറ്റെന്തെങ്കിലുമാകാം. നല്ല വാക്കും മൃദുലമായ സംസാരവുമാകാം. അത് തന്റെ പ്രജകളോടോ ഉടമസ്ഥതയിൽ ഉള്ളതോ അല്ലാത്തതോ ആയ മൃഗങ്ങളോടോ ആവാം.

17. നാവും ഹൃദയവും യോജിക്കുന്ന നിഷ്കളങ്കതയ്ക്ക് തെളിവായ രാത്രി നമസ്കാരം സ്രഷ്ടാവിനുവേണ്ടി ചെയ്യുന്നത് ഇഹ്സാനിന്റെ ഇനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണ്. അതാണ് പറയുന്നത്: (അവരായിരുന്നു) ഇഹ്സാൻ (സുകൃതം) ചെയ്യുന്നവർ. (രാത്രിയിൽനിന്ന് അൽപഭാഗമേ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ). രാത്രിയിൽ അവരുടെ ഉറക്കം കുറവായിരുന്നു. രാത്രിയിൽ അധികസമയവും അവർ തങ്ങളുടെ രക്ഷിതാവിന് ഭക്തികാണിക്കും. നമസ്കാരം, (ക്വുർആൻ) പാരായണം, ദിക്റ് പ്രാർഥന, ഭക്തി എന്നിവകൊണ്ടെല്ലാം.

18. (രാത്രിയുടെ അന്ത്യവേളകളിൽ) സ്വുബ്ഹിന് തൊട്ടുമുമ്പ്. (അവർ പാപമോചനം തേടുന്നവരായിരുന്നു). അല്ലാഹുവിനോട്. അത്താഴസമയംവരെ അവർ നമസ്കാരം നീട്ടും. തുടർന്ന് രാത്രി നമസ്കാരത്തിന്റെ അവസാനത്തി ൽ തങ്ങളുടെ തെറ്റുകൾക്ക് അവർ പാപമോചനം തേടും. ഈ അത്താഴസമയത്ത് പാപമോചനത്തിന് ശ്രേഷ്ഠതയുണ്ട്. മറ്റു സമയങ്ങൾക്കില്ലാത്ത ഒരു പ്രത്യേകതയാണത്. അല്ലാഹുവിനെ അനുസരിക്കുന്ന വിശ്വാസികളെക്കുറിച്ച് പറഞ്ഞപ്പോൾ ക്വുർആൻ പറയുന്നു: "അത്താഴവേളകളിൽ പാപമോചനം തേടുന്നവരും" (3:17). ■

# തലവെട്ടും മാധ്യമ കഥയും

വി.വി. ബഷീർ, വടകര
: 81569 12979

വർഷങ്ങൾക്കു മുമ്പ്, ഒരു ദുൽഹിജ്ജ മാസത്തിലെ തുടക്കം. ജിദ്ദയിൽ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ സംഘടിപ്പിക്കുന്ന ഹജ്ജ് കാരവന്റെ ക്ലറിക്കൽ ചുമതല വഹിക്കുന്ന സമയം. സൗദി അറേബ്യയിലെ ഹായിലിൽ മലയാളം ന്യൂസ് പ്രതിനിധിയായി പ്രവർത്തിക്കുന്നുമുണ്ട്. സന്ധ്യാസമയത്ത് ഒരു ഫോൺ കോൾ വന്നു. ഒരു മലയാളിക്ക് നാളെ വധശിക്ഷ എന്നായിരുന്നു സുഹൃത്ത് വിളിച്ചുപറഞ്ഞത്! എന്തിനാണ് എന്ന എന്റെ ചോദ്യത്തിന് മദീനയിൽ പ്രവേശിച്ചതിന് എന്ന് സുഹൃത്ത് മറുപടിയും പറഞ്ഞു !

ഹായിലിലെ ഗവൺമെന്റ് ആശുപത്രിയിൽ നേഴ്സായ യുവതി പ്രസവിച്ചുകിടക്കുന്നു. അവളുടെ ഭർത്താവ് ജിദ്ദയിൽനിന്നും ഹായിലിലേക്ക് യാത്ര തിരിച്ചു. സ്വദേശിയുടെ ടാക്സിയിൽ കയറിയ ടിയാൻ മദീന വഴിയാണ് പോകുന്നത് എന്ന് അറിഞ്ഞിരുന്നില്ല. അറബി ഭാഷയിൽ തീരെ പരിചയമില്ലാത്തത് ഏറെ പ്രയാസപ്പെടുത്തി. എങ്കിലും യാത്രാമധ്യെ കണ്ട ബോർഡുകൾ അദ്ദേഹത്തെ ആശങ്കപ്പെടുത്തി.

ചെക്ക് പോസ്റ്റ് എത്താറായി. ഏതാനും വാരയകലെ പരിശോധനാ സ്ഥലം കാണുന്നുണ്ട്. ഡ്രൈവർ എല്ലാവരോടും അവരവരുടെ ഇക്വാമ (റസിഡൻഷ്യൽ പെർമിഷൻ) എടുക്കാൻ ആവശ്യപ്പെട്ടു. മറ്റു യാത്രക്കാരോടൊപ്പമുള്ള ടിയാൻ തന്റെ ഇക്വാമയും എടുത്ത് നൽകി. ഡ്രൈവർ അയാളെ ഒന്ന് ശരിക്കും നോക്കി. ഇന്ത്യക്കാരനാണോ എന്ന് ചോദിച്ചു. തലയാട്ടി മറുപടി നൽകി. ഈ വഴി അമുസ്‌ലിംകൾക്ക് പ്രവേശനം ഇല്ല. ഇത് തിരു ഹറമിലേക്കുള്ള വഴിയാണ്. ചെക്ക് പോസ്റ്റിലെ ക്യൂവിൽ നിന്ന വാഹനത്തിൽനിന്നും അയാളെ ഇറക്കി.

വേവലാതിയും വെപ്രാളവും അദ്ദേഹത്തെ ശ്വാസം മുട്ടിച്ചു! ധൈര്യം സംഭരിച്ച് അദ്ദേഹം മുന്നോട്ട് നടന്നു. പരിശോധകർ അദ്ദേഹത്തെ തടഞ്ഞുവച്ചു. എങ്ങനെ ഇവിടെയെത്തി എന്ന ചോദ്യത്തിന് തന്നെ ക്കൊണ്ട് കഴിയുന്ന വിധം മറുപടി പറഞ്ഞു. യാത്രയുടെ ലക്ഷ്യം ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തി. അദ്ദേഹത്തെ പോലീസ് വാഹനത്തിൽ സ്റ്റേഷനിലേക്ക് കൊണ്ടുപോയി!

കഥയുടെ ട്വിസ്റ്റ് ഇവിടെ നിന്നാണ്. സ്റ്റേഷനിലേക്ക് പോകും വഴി അദ്ദേഹം ഭാര്യയെ വിളിക്കുന്നു. തന്നെ അനുമതിയില്ലാത്ത സ്ഥലത്തേക്ക് പ്രവേശിച്ചതിന് പോലീസ് അറസ്റ്റ് ചെയ്തു എന്നു പറഞ്ഞു. ഭർത്താവിനെയും പ്രതീക്ഷിച്ചിരിക്കുന്ന ഭാര്യയുടെ ചിന്തകൾ തന്റെ മൂന്ന് വർഷത്തെ സർവീസിനുള്ളിൽ ആരിൽ നിന്നൊക്കെയോ കേട്ട കെട്ടുകഥകളിലേക്ക് യാത്രയായി. ഭാര്യ ഉടൻ നാട്ടിലേക്ക് ഫോൺ ചെയ്തു. 'ചേട്ടന് നാളെ വധശിക്ഷ! കഴുത്ത് വെട്ടാൻ തീരുമാനമായി! ഉടനെ എന്തെങ്കിലും ചെയ്തേ പറ്റൂ! മണിക്കൂറുകൾ മാത്രം ബാക്കി...' മകളുടെ ഫോൺ കോൾ പിതാവിനെയും മാതാവിനെയും അക്ഷരാർഥത്തിൽ ഞെട്ടിച്ചു. നാട്ടിലാകെ വാർത്ത പരന്നു. 'മദീന ഹറം ഭാഗത്ത് പ്രവേശിച്ചതിന് മലയാളിക്ക് വധശിക്ഷ! മലയാള പത്രങ്ങൾ വൻ പ്രാധാന്യം നൽകി വാർത്ത പുറത്തുവിട്ടു'. പരേതനായ ഇ.അഹമ്മദ് സാഹിബ് അന്ന് സൗദിയിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഫോൺ കോളുകളുടെ പ്രവാഹം.

സൗദി നിയമം അറിയുന്നവർ അങ്ങനെ സംഭവിക്കുകയില്ല എന്ന് പലരെയും പറഞ്ഞ് മനസ്സിലാക്കി. എനിക്കും 'വധിക്കപ്പെടുന്ന' ടിയാന്റെ ഭാര്യ ഫോൺ ചെയ്തു. ഞാൻ സമാശ്വസിപ്പിച്ചു. നാട്ടിൽ നടക്കുന്ന വാർത്താപുകിലുകളൊന്നും അവർ പറഞ്ഞതുമില്ല. കാലത്ത് മൂന്ന് മണി. ഹജ്ജ് കാരവന്റെ പേപ്പർവർക്ക് കഴിഞ്ഞ് ഒന്ന് വാർത്ത കേൾക്കാനായി ഇരുന്നപ്പോഴാണ് മലയാള ചാനലിൽ എഴുതിക്കാണിക്കുന്നത് ശ്രദ്ധയിൽ പെട്ടത്; 'മദീനയിൽ പ്രവേശിച്ചതിന് ക്രിസ്ത്യൻ യുവാവിന് വധശിക്ഷ!' കേരളത്തിൽ നിന്നിറങ്ങുന്ന എല്ലാ പത്രങ്ങളുടെയും പ്രധാന തലക്കെട്ട് വധശിക്ഷ തന്നെ!

മദീനയിൽ ഈ യുവാവിനെ പോലീസ് ചോദ്യം ചെയ്തു. പെർമിറ്റ് കാലാവധി കഴിഞ്ഞിരുന്നതിനാൽ വിട്ടയക്കാൻ അൽപം താമസം വന്നു. അവർ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. ഭക്ഷണം നൽകി. ഹായിലി ലേക്കുള്ള വഴി പറഞ്ഞു കൊടുത്തു. അങ്ങനെ അദ്ദേഹം യാത്രയിലാണ്. 'വധ വിധി' അദ്ദേഹം അറിഞ്ഞില്ല.

യഥാർഥത്തിൽ മലയാള മാധ്യമങ്ങൾ നിജസ്ഥിതിയറിയാതെ കഥയെഴുതുകയായിരുന്നു. നാട്ടിൽ നടന്ന ഈ വാർത്തകൾ മദീനയിലെ ഒരു ഉദ്യോഗസ്ഥനുമായി പങ്കുവെച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'മാഫി മുശ്കിൽ, ഹിന്ദി മിസ്കീൻ' (സാരമില്ല. ഇന്ത്യക്കാർ പാവങ്ങളാണ്).




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244
WhatsApp: 9207525244

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244



ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന
4 പുസ്തകങ്ങൾ
ഇപ്പോൾ വെറും **500 രൂപക്ക്...!!!**

ഈ ഓഫർ
ഡിസംബർ 5 മുതൽ
ജനുവരി 15 വരെ

yono SBI | SBI Payments

MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI

SCAN & PAY

BHIM SBI Pay
BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO: KL/CT/225/2022-24

Nerpatham Weekly
Published on 2022 JANUARY 01

Vol No: 06 I Issue 01
Price: ₹12/-

വിപണിയിൽ

# നേർപഥം
സ്പെഷ്യൽ പതിപ്പ്

# കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

സഹസ്രാബ്ദങ്ങളുടെ
പൈതൃകമുൾക്കൊള്ളുന്ന
ഭൂപ്രദേശമാണ് ഇന്നത്തെ കേരളം.
വൈദേശികരുമായുള്ള ആദാന
പ്രദാനങ്ങളിലൂടെ സംസ്കാരം
കരുപ്പിടിപ്പിച്ച മലയാളനാടിന്റെ
പായും പങ്കായവുമായി വർത്തിച്ച
മുസ്‌ലിം ജനവിഭാഗത്തിന്റെ
അതിജീവന അടയാളങ്ങളെ
രേഖപ്പെടുത്താനുള്ള എളിയ ശ്രമം.




224 പേജുകൾ, മൾട്ടി കളർ
പെർഫെക്ട് ബൈന്റിംഗ്, വില ₹100